വില ₹30/-

# ജീവനും വെളിച്ചവും

ഏപ്രിൽ 2025

**ഉയിർപ്പ്: മനുഷ്യരാശിയുടെ നിത്യരക്ഷ**
ഡോ. ജോർജ്ജ് ഓണക്കൂർ

**സ്നേഹത്തണലിൽ ചേർത്തുപിടിക്കാം നമ്മുടെ യുവതയെ**
ഫാ. മെൽക്കൺ

**ദൈവവിളിയും കാലിക പ്രസക്തിയും**
ഫാ. ആൻഡ്രു കോസ്മോസ്

**അൽമായരുടെ ഉയിർത്തെഴുന്നേൽപ്പ്**
ഡോ. ഐറിസ്

**ആശാവർക്കർമാർ: അതിജീവന പോരാട്ടത്തിൽ**
ജെ.സി



27 Years excellence

'റെൻ'
WREN

No. 1955 3232/2000)

# ACADEMY OF MUSIC & PERFORMING ARTS

**27 Years excellence in the field of Music, Dance & Arts**

**Affiliated to**
**Kerala Sangeetha Nataka Academy**

Regd. No. 224/TVM/2007

# SUMMER CAMP

## കുരുന്നുകൾക്ക് സ്വാഗതം

**ഏപ്രിൽ 2 മുതൽ മെയ് 30 വരെ**
**സമയം രാവിലെ 8.30 മുതൽ 12.30 വരെ**

**റെഗുലർ ക്ലാസുകൾക്കു സമയം മാറ്റമില്ല**

## Complete subjects

### Instruments:

1. Guitar
2. Bass Guitar
3. Mandolin
4. Ukulele
5. Classical Guitar (Western)
6. Violin
7. Piano-Keyboard
8. Drums
9. Tabala
10. Flute
11. Mridangam
12. Veena

### Music:

1. Classical Vocal
2. Western Vocal
3. Light Music
4. Film Songs

### Dance:

1. Classical
2. Western
3. Contemporary

### Arts

1. Pencil Drawing
2. Painting & Clay Modeling

Director: Moses W Fernandez
Follow us on WhatApp : 9847261370,07736529023
Email: wrenschooltvm@gmail.com
H.O : Thycaud, Branches : Vettukaud, Mudavanmuhal

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ഏപ്രിൽ | പുസ്തകം 56 | ലക്കം 04



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്


## മുഖവിചാരം

ചരിത്രത്തെ രണ്ടായി പകുത്തുകൊണ്ട് കടന്നുപോയവൻ... അവനു മുൻപും അവനു പിൻപും. ബി.സി.യും എ.ഡി.യും. എന്താണ് ക്രിസ്തു എന്ന ചോദ്യത്തിന്റെ ഉത്തരം; മനുഷ്യകുലത്തിനു സാധ്യമാകാത്ത ഒരു ജീവിതം അവൻ തിരഞ്ഞെടുത്തു, സ്വർഗസ്ഥനായ തന്റെ പിതാവിന്റെ ഇഷ്ടപ്രകാരം. മൂന്നേ മൂന്നു ദശകം മാത്രം നീണ്ട ഒരു സാർത്ഥകജീവിതം. പന്ത്രണ്ടാംവയസ്സിൽ തുടങ്ങിവച്ച അവബോധം ഒടുവിൽ മുപ്പത്തി മൂന്നാം വയസ്സിൽ മരക്കുരിശിൽ പൂർത്തീകരണം.

ക്രിസ്തു കുരിശിൽ മരിച്ചു എന്നതിലുപരി കുരിശേറി മരിക്കാൻ ഒരു ജീവിതം കരുതിവച്ചു എന്നതാണ്. അവനറിയാമായിരുന്നു, കുരിശിൽ മരിക്കാൻ സകല മനുഷ്യർക്കുംവേണ്ടിയുള്ള രക്ഷയുടെ ഒരു ശരീരം വേണമെന്ന്. അപ്രകാരം, തിരുവത്താഴ വിരുന്നിൽ അപ്പവും വീഞ്ഞും വിഭജിച്ചുകൊണ്ട് പറഞ്ഞു; ഇതെന്റെ മാംസമാകുന്നു. ഇതെന്റെ രക്തമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. എന്റെ ജീവിതത്തെ അനുധാവനം ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും... എന്നുതന്നെയതിന്റെ വ്യാഖ്യാനം.

അന്നു രാത്രിയിൽ, പന്ത്രണ്ടുപേരും ഓടി രക്ഷപെട്ടപ്പോൾ അവൻമാത്രം അവിടെ നിന്നു. ശരീരവും രക്തവും വിയർത്തു നിന്നു. ആത്മാവിൽ, എന്റെ പിതാവേ നിന്റെ ഇഷ്ടം നിറവേറട്ടെ എന്നു മാത്രം പറഞ്ഞുനിന്നു. അവനെ കുരിശിൽ തറച്ചു. അവൻ കുരിശിൽ മരിച്ചു. അപ്പോൾ അവരിലൊരാൾ വിളിച്ചുപറഞ്ഞു; സത്യമായും ഇവൻ ദൈവപുത്രനാണ്. എന്തെന്നാൽ, മരിക്കാൻ കഴിയാത്ത ഒരു ജീവിതം കുരിശിൽ തറച്ചുകിടന്നു. ക്രിസ്തു കുരിശിൽ മരിച്ചു. മൂന്നാംനാൾ ഉയിർത്തു. പക്ഷേ അതല്ല ശരിയായ അർത്ഥം. ആ കുരിശിൽ അവൻ മരിക്കുകയായിരുന്നില്ല, ഉയിർക്കുകയായിരുന്നു.

സാർവ്വകാലികവും സാർവ്വദേശീയവും സാർവ്വ ജനീനവുമായ ആ കുരിശുമരണം ഇന്നുമെന്നും നമ്മളോട് ചോദിക്കുന്നുണ്ട്; നമ്മുടെ സഹനങ്ങളെക്കുറിച്ചല്ല, നമ്മുടെ അധ്വാനത്തെക്കുറിച്ചല്ല, നമ്മുടെ കുരിശുകൾക്കു പിന്നിൽ കരുതിവച്ച ജീവിതങ്ങളെക്കുറിച്ചാണ്. മറ്റുള്ളവർക്കുംവേണ്ടി നീക്കിവയ്ക്കാതെ പോയ നമ്മുടെ മനസ്സുകളെക്കുറിച്ചാണ്. കാരണം, സകല മനുഷ്യർക്കും വേണ്ടി അർപ്പിച്ച ജീവിതമായിരുന്നു ക്രിസ്തുവിന്റേത്.

ക്രിസ്തുവിനെ പിന്തുടരുന്ന നമ്മളെങ്കിൽ ക്രിസ്തുവിനെപ്പോലെ നമ്മുടെ ജീവിതവും സകല മനുഷ്യർക്കും വേണ്ടിയാകണം. അല്ലെങ്കിൽ നമ്മുടേത് കുരിശിന്റെ വഴിയല്ല, വഴിയിലെ കുരിശുകളാണ്. നമ്മുടേത് മാത്രമായ ജീവിതവഴികളിലെ അവനവൻ കുരിശുകൾ...

ഇത് പുനർവിചിന്തനത്തിന്റെ സമയം. എന്നെ അനുഗമിക്കാനാശിക്കുന്നവൻ തങ്ങളെത്തന്നെ ഉപേക്ഷിച്ച് എന്നെ പിഞ്ചെല്ലട്ടെ എന്ന് അവൻ പറഞ്ഞു.

അറിയുക, ഒരാൾക്കൊത്താവുന്ന ഏറ്റവും ചെറിയ ദൂരത്തിന്റെ പേരാണ് ക്രിസ്തു.

ഈസ്റ്റർ ആശംസകൾ,
പ്രത്യാശയുടെയും...


www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

# പ്രതികരണങ്ങൾ




## മീൻ നടുക്കങ്ങൾ

ഐറിസ് ടീച്ചറുടെ വനിതാദിന ലേഖനം നന്നായിരുന്നു. മത്സ്യംവിൽക്കുന്ന സ്ത്രീകളുടെ മാത്രമല്ല, എല്ലാ പാവങ്ങളുടെ ജീവിതവും കഷ്ടപ്പാടും വേദനയും കണ്ണീരും ദുഃഖദുരിതങ്ങളും നിറഞ്ഞതാണ്. സന്തോഷത്തിന്റെ സമയങ്ങളും അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ പാവങ്ങളുടെ പേര് പറഞ്ഞാണല്ലോ പലരും അധികാരം നേടുന്നത്. ക്രിസ്തു തന്റെ ജീവിത കാലത്ത് പാവങ്ങളോടും പരിത്യജിക്കപ്പെട്ടവരോടും ആയിരുന്നു. ഇന്നുവരെ ഉയർത്തുവാൻ ശ്രമിക്കുന്നവരുടെ ശ്രദ്ധയും പണസഞ്ചികളിലാണ്. പാവങ്ങൾ എന്നും പാവങ്ങൾ തന്നെ. സിനഡാത്മക നവജീവിതവും പ്രൗഢഗംഭീര ചർച്ചകളും പ്രബന്ധങ്ങളുടെ മനോഹാരിതയും പാവങ്ങളുടെ ജീവിതാവസ്ഥകളെ മാറ്റിമറിക്കുന്നില്ല. ടീച്ചർ എഴുതിയ മീൻ നടുക്കങ്ങൾ എന്താണെന്ന് മനസിലായില്ല. മീനിന്റെ വില കേട്ട് വാങ്ങാൻവന്നവർക്കുണ്ടായ നടുക്കമാണോ?...

**ജാളി,**
മംഗലപുരം

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
**83049 38655, 77364 88423**

## നോമ്പുകാല ചിന്തകൾ

ഫാ. ജോസ് സുരേഷും നീർച്ചാൽ പംക്തിയിൽ വൈദികർ എഴുതിയ നോമ്പുകാല ചിന്തകളും വായിച്ചു. യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുന്നോടിയായുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായാണ് മരുഭൂമിയിൽ ഉപവസിക്കുന്നത്. ജോർദാനിൽനിന്നും യേശു മടങ്ങുമ്പോൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരുന്നു എന്ന് വചനത്തിൽ നാം വായിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നത് ആത്മീയജീവിത വിശുദ്ധിയുടെ വിജയത്തിനും പ്രകാശത്തിനും അത്യന്താപേക്ഷിതമായ ഘടകമാണ്. ഉപവാസം, നോമ്പ്, തപസ്സ് എന്നൊക്കെ കേൾക്കുമ്പോൾ ഭക്ഷണം ഉപേക്ഷിക്കുന്ന അവസ്ഥ എന്നാണ് പൊതുചിന്ത. തപസ്സുകാലത്ത് നമ്മുടെ ചിന്ത, വിചാര വികാരങ്ങൾ, ആഗ്രഹങ്ങൾ, ആസക്തികൾ, പഞ്ചേന്ദ്രിയത്തിന്റെ മോഹങ്ങൾ ഇവയോടും നോമ്പാചരിക്കണം. പുതിയകാലത്തിന്റെ ദൈവമായി ലോകം മാറോടുചേർത്ത മൊബൈൽ ഫോണിന്റെ ഉപയോഗത്തിനും നോമ്പ് വേണം. പശ്ചാത്തപിക്കുന്ന പാപിയെക്കുറിച്ചാണ് സ്വർഗം സന്തോഷിക്കുന്നത്. ആഴമായ പാപബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും അവബോധം നോമ്പുകാലത്തുണ്ടാകണം. സഹോദരങ്ങളോടും ദൈവത്തോടും തന്നോടുതന്നെയും അനുരഞ്ജനപ്പെടാൻ സ്വർഗം തന്ന വരദാനമാണ് കുമ്പസാരം എന്ന കൂദാശ. നോമ്പുകാലത്ത് കുമ്പസാരക്കൂടുകൾ കൂടുതൽ സജീവമാകുക വഴി കൃപയുടെ നീർച്ചാലുകൾ ഒഴുകി ഹൃദയം സ്ഫടികംപോലെ നിർമലമാകും. ജീവനും വെളിച്ചവും മാസിക പകർന്നു നൽകിയ വിശിഷ്ട നോമ്പുകാല ചിന്തകൾക്ക് അഭിനന്ദനങ്ങൾ.

**വിയാന,**
ജൂബിലി മെമ്മോറിയൽ
ഹോസ്പിറ്റൽ

## കടൽമണൽ ഖനനം

കടൽമണൽ ഖനനം തീരദേശത്തിനും കടലിനെ ആശ്രയിച്ചു കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിനും പരിസ്ഥിതിക്കും വരുത്തുന്ന അതീവ ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ചാൾസ് ജോർജ് എഴുതിയ ലേഖനം മനോഹരമായിരുന്നു. കടൽമണൽ ഖനനത്തിന് കേന്ദ്ര സർക്കാർ പച്ചക്കൊടി കാട്ടിക്കഴിഞ്ഞു. കുത്തക കമ്പനികൾ ഖനനം തുടങ്ങുന്നതോടെ മത്സ്യസമ്പത്താൽ സമ്പന്നവും സവിശേഷവുമായ കൊല്ലം തീരത്തെ മത്സ്യസങ്കേതവും ആവാസ വ്യവസ്ഥയും അപ്പാടെ തകർക്കപ്പെടും. കടലിലെ മത്സ്യങ്ങളുടെ പ്രജനനവും വളർച്ചയും തടസപ്പെടും. അവർ പട്ടിണിയുടെ ആഴക്കടലിൽ നിപതിക്കും. അവരുടെ നിലനിൽപ്പും ജീവിക്കാനുള്ള അവകാശവും ചോദ്യംചെയ്യപ്പെടുന്ന ദുഃഖകരമായ സാഹചര്യം സംജാതമാകും. സുനാമിയും ഓഖിയും കൊടുങ്കാറ്റുകളും ആഗോള കാലാവസ്ഥാ വ്യതിയാനവും തീരത്ത് സൃഷ്ടിച്ച ഭയാശങ്കകളും വറുതിയുമെല്ലാം വർധിക്കുമെന്ന ആശങ്കയിലും ഭയത്തിലും ആകുലതയിലുമാണ് കടലിന്റെ മക്കൾ. ചേർത്തുനിർത്തി സംരക്ഷിച്ച് പരിപാലിക്കേണ്ട സർക്കാർതന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരെ വലിച്ചെറിയുന്ന, പരിത്യജിക്കുന്ന സ്ഥിതിവിശേഷം ഭയാനകവും ക്രൂരവുമാണ്. തീരപ്രദേശത്തും മലയോരത്തും ജനങ്ങൾ നിസഹായരായി നിലവിളിക്കുമ്പോൾ ആ ദീനരോദനം എന്തേ അധികാരികൾ കേൾക്കുന്നില്ല?

**ജെറാൾഡ് ബി. മിരാൻഡാ**
തോന്നയ്ക്കൽ




# താളുകളിൽ

## ആനുകാലികം



**10**
സ്നേഹത്തണലിൽ ചേർത്തു പിടിക്കാം നമ്മുടെ യുവതയെ
ഫാ.മെൽക്കൺ

## ലേഖനം



**8**
ഉയിർപ്പ്: മനുഷ്യരാശിയുടെ നിത്യരക്ഷ
ഡോ. ജോർജ് ഓണക്കൂർ



**16**
ദൈവവിളിയും കാലിക പ്രസക്തിയും
ഫാ. ആൻഡ്രു കോസ്മോസ്



**24**
അൽമായരുടെ ഉയിർത്തെഴുന്നേൽപ്
ഡോ. ഐറിസ്



**34**
ദൈവത്തിന്റെസ്വന്തം നാടേ...മാപ്പ്
ഫ്രീഡാ സെക്സ്റ്റസ്

## കവിത



**15**
ഉയിർപ്പ്
രാജു ജെയിംസ്

## ശുശ്രൂഷാനുഭവം



**26**
കുടുംബങ്ങളെ ശക്തിപ്പെടുത്തുന്ന ഫാമിലി അഗാപ്പേ.
ഫാ. റിച്ചാർഡ് സഖറിയാസ്

## അഭിമുഖം



**30**
ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും - 3
ഡോ. ബി. വി. ആർ. കുമാർ & ഫാ. ലെനിൻ രാജ്

## ടാക്കീസ്




**32**
പൊൻമാൻ എന്ന സിനിമയെക്കുറിച്ച്
സുനിൽ സി. ഇ.

## നേർക്കാഴ്ച



**42**
ആശാവർക്കർമാർ അതിജീവന പോരാട്ടത്തിൽ
ജെ. സി.

**14** കാനോൻ നിയമം

**19** ചരിത്രപഥം; വേളി എന്ന തീരഗ്രാമം

**35** കഥ
പേടിയാകുന്നു മകനേ...

**36** വാർത്തകൾ

**38** നീർച്ചാൽ

**22** ബിസിസി സ്ഥിതിവിവര കണക്കുകൾ 2025

ഇടയ സന്ദേശം



# ഉയിർത്തെഴുന്നേൽക്കുക, നമുക്ക് ക്രിസ്തുവിന്റെ സ്നേഹരാജ്യം പണിയാം

"ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്?
അവൻ ഇവിടെയില്ല ഉയിർപ്പിക്കപ്പെട്ടു." (ലൂക്കാ 24:5).

ഉത്ഥാന പുലരിയിൽ യേശുവിന്റെ കല്ലറയിങ്കൽ എത്തിയ സ്ത്രീകളോട് മാലാഖമാർ പ്രഖ്യാപിച്ച ജീവന്റെ വചനമാണിത്. യേശുവിന്റെ ഉത്ഥാനം മാനവരാശിയുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും രഹസ്യമാണ്. അതിൽ അടിയുറച്ച് വിശ്വസിക്കുമ്പോൾ ഓരോ വ്യക്തിയുടെയും ജീവിതംതന്നെ രൂപാന്തരം പ്രാപിക്കുന്നു.

കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നു: "ക്രിസ്തു മുറിവേറ്റ മാൻപേടയാണ്. തന്റെ ദാഹം ശമിപ്പിക്കുവാനും നാം അവനിലേക്ക് തിരിയുമ്പോഴെല്ലാം നമ്മെ ആശ്വസിപ്പിക്കുവാനുമായി അവൻ അരുവിയിലേക്ക് ഇറങ്ങിവന്നു. അവന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ വിട്ടുകൊടുക്കുന്നതിൽ നാം പരാജയപ്പെട്ടപ്പോഴാണ് അവനു മുറിവേറ്റത്." ക്രിസ്തുവിന്റെ സ്നേഹത്തിലേക്കുള്ള ഒരു തിരിച്ചുവരവാണ് ഉത്ഥാനം. കൈവിട്ടുപോയ സ്നേഹബന്ധങ്ങൾ തിരികെ പിടിച്ചുകൊണ്ട് ക്രിസ്തുസാക്ഷികൾ ആകുവാൻ പരിശ്രമിക്കാം.

വിശുദ്ധ ഫ്രാൻസിസ് സാലസ് ക്രിസ്തുവിന്റെ ഹൃദയത്തിന്റെ ചിത്രം വരച്ചു കാണിക്കുന്നുണ്ട്. "ഈ സ്വർഗം എത്ര മനോഹരമാണ്. അതിൽ കർത്താവ് സൂര്യനും അവിടുത്തെ ഹൃദയം സ്നേഹത്തിന്റെ ഉറവയുമാണ്. നമുക്ക് ഓരോരുത്തർക്കും അതിലേക്കു നോക്കാനും നമ്മുടെ പേര് സ്നേഹത്തിന്റെ അക്ഷരങ്ങളിൽ ലേഖനം ചെയ്തിരിക്കുന്നത് കാണാനും കഴിയും." ഉത്ഥാനത്തിലുള്ള വിശ്വാസം നമ്മെ ഓരോരുത്തരെയും ക്രിസ്തുവാകുന്ന പ്രകാശത്തിലേക്ക് നോക്കുവാനും മറ്റുള്ളവരെ പ്രകാശത്തിലേക്ക് നയിക്കുവാനും സഹായിക്കുന്നു.

വിശുദ്ധ ജോൺപോൾ രണ്ടാമൻ വിശദീകരിക്കുന്നതുപോലെ, നമ്മൾ ക്രിസ്തുവിന്റെ ഹൃദയത്തിൽ നമ്മെത്തന്നെ സമർപ്പിക്കുമ്പോൾ വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും പാത വെടിഞ്ഞ് നമുക്ക് സ്നേഹസംസ്കാരത്തിന്റെ പാത അഥവാ ക്രിസ്തുവിന്റെ സ്നേഹരാജ്യം പണിയാൻ കഴിയും.

ഇന്ന് ലോകത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിയുടെ, അക്രമത്തിന്റെ, തിന്മയുടെ പിടിയിൽനിന്നും മോചിതരാകുമ്പോൾ അതുതന്നെയാണ് ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഉത്ഥാനം.
ക്രിസ്തുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടുന്നവരാകാൻ....
ക്രിസ്തുവാകുന്ന പ്രകാശത്തിൽ നിറയാൻ....
ക്രിസ്തുവിന്റെ സ്നേഹസാമ്രാജ്യം പണിയാൻ....
ഈ ഉത്ഥാനത്തിരുനാൾ നമ്മെയും നമ്മുടെ കുടുംബങ്ങളെയും
ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ ഡോ. തോമസ് ജെ. നെറ്റോ
ആർച്ച്ബിഷപ്, തിരുവനന്തപുരം അതിരൂപത



# ക്രിസ്തു ഉയിർത്തെഴുന്നേറ്റു! അല്ലേലൂയ!

ക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മെ പ്രത്യാശയിലേക്കും പരിവർത്തനത്തിലേക്കും വിളിക്കുന്ന ജീവനുള്ള യാഥാർത്ഥ്യമാണ്. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് അവിടുത്തെ പുനരുത്ഥാനം. ഇന്ന്, നമ്മുടെ സമൂഹം പ്രതികരണം ആവശ്യപ്പെടുന്ന നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സാമൂഹിക അനീതികളുടെയും സാമ്പത്തിക അസമത്വങ്ങളുടെയും ധാർമ്മിക പ്രതിസന്ധികളുടെയും വർദ്ധനവിന് നാം സാക്ഷ്യം വഹിക്കുന്നുണ്ട്. കഷ്ടപ്പെടുന്ന തൊഴിലാളികളുടെ പോരാട്ടങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ദുരവസ്ഥ എന്നിവ നമ്മുടെ മനസ്സാക്ഷിയെ വെല്ലുവിളിക്കുന്നു. മയക്കുമരുന്ന് ദുരുപയോഗത്തിന്റെ വ്യാപകമായ പ്രശ്നം, കുടുംബങ്ങളെ ശിഥിലമാക്കുകയും സമൂഹത്തിന്റെ ധാർമ്മിക ഘടനയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. വാണിജ്യ നേട്ടങ്ങൾക്കായി കടലിന്റെ ചൂഷണം നമ്മുടെ സമുദായത്തിന്റെ ഭാവിയെ ഭീഷണിപ്പെടുത്തുന്നു. ദാരിദ്ര്യം, രോഗം, കുടുംബങ്ങളുടെ അസ്ഥിരത, വയോധികരോടുള്ള അവഗണന, പ്രവാസജീവിതത്തിലെ പ്രതിസന്ധികൾ, പ്രതീക്ഷയറ്റ യുവത്വം, തൊഴിലില്ലായ്മ, അക്രമവും അസമാധാനവുമെല്ലാം മനുഷ്യസമൂഹത്തിന്റെ പ്രത്യാശയെ ഊതിക്കെടുത്തിക്കൊണ്ടിരിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു.

ഈ യാഥാർത്ഥ്യങ്ങളുടെ നടുവിൽ പുതിയ ജീവിതത്തിന്റെയും പരിവർത്തനത്തിന്റെയും സാക്ഷികളാകാൻ ക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മെ വിളിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ, നമുക്കുചുറ്റുമുള്ള കഷ്ടപ്പാടുകളോട് നിസ്സംഗത പാലിക്കാൻ കഴിയില്ല. ഈസ്റ്ററിന്റെ സന്ദേശം നവീകരണത്തിനുള്ള ആഹ്വാനമാണ്. സ്വാർത്ഥതയ്ക്കും നിസ്സംഗതയ്ക്കും അതീതമായി ഉയരുവാനുള്ള ആഹ്വാനം. ക്രിസ്തു പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയിച്ചതുപോലെ, നാമും പ്രത്യാശയുടെ തീർത്ഥാടകരായി മാറണം. സ്നേഹത്തിലും ഐക്യദാർഢ്യത്തിലും ജീവിക്കാനും ദരിദ്രരെയും കഷ്ടപ്പെടുന്നവരെയും ആശ്ലേഷിക്കാനും ധാർമ്മിക നേതൃത്വത്തെ പ്രോത്സാഹിപ്പിക്കാനും ഓരോ ഘട്ടത്തിലും മാനുഷിക അന്തസ്സിനെ മാനിക്കുന്ന ഒരു ജീവിത സംസ്കാരം വളർത്തിയെടുക്കാനും ഉത്ഥിതനായ കർത്താവ് നമ്മെ ക്ഷണിക്കുന്നു. വിശുദ്ധ പൗലോസ് ഓർമ്മിപ്പിക്കുന്നു; "നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടവരാണെങ്കിൽ, ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ" (കൊളോ. 3:1).

ഈ ഈസ്റ്റർ ദിനത്തിൽ നമുക്ക് ക്രിസ്തുവിനോടൊപ്പം ഉയിർത്തെഴുന്നേൽക്കാം, സ്വാർത്ഥതയുടെയും അഴിമതിയുടെയും നിരാശയുടെയും ശവകുടീരം ഉപേക്ഷിച്ച് പ്രത്യാശയുടെയും വിശ്വാസത്തിന്റെയും വെളിച്ചത്തിലേക്ക് തീർത്ഥാടനം ചെയ്യാം. ഉത്ഥിതനായ ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസം ഭയപ്പാടുകളുടെയും അകൃത്യങ്ങളുടേയും പരീക്ഷണങ്ങളുടേയും നടുവിൽ പ്രത്യാശയുടെ പൊൻവെളിച്ചത്തിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിക്കട്ടെ! നമ്മുടെ ഒരു ചെറുപുഞ്ചിരി, ചെറുസ്നേഹപ്രകടനം, കനിവുള്ള നോട്ടം, കേൾക്കാൻ തയ്യാറുള്ള ചെവി, ഒരു പുണ്യകർമ്മം, കൈത്താങ്ങ് എന്നിവയിലൂടെ നമ്മുടെ കുടുംബത്തിലും സമൂഹത്തിലും പ്രത്യാശയുടെയും സന്തോഷത്തിന്റെയും വെളിച്ചം പരത്തുന്നവരാകാം. ഉത്ഥിതനായ ക്രിസ്തു നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും നമ്മുടെ അതിരൂപതയെയും അനുഗ്രഹിക്കട്ടെ. അവിടുത്തെ സ്നേഹവും നീതിയും വാഴുന്ന ഒരു സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാൻ ഉത്ഥിതൻ നമുക്ക് ധൈര്യം നൽകട്ടെ. ഏവർക്കും അനുഗ്രഹീതവും സന്തോഷകരവുമായ ഈസ്റ്റർ ആശംസിക്കുന്നു!

ക്രിസ്തു ഉയിർത്തെഴുന്നേറ്റു! അല്ലേലൂയ!

+ ഡോ. ക്രിസ്തുദാസ് ആർ
സഹായ മെത്രാൻ, തിരുവനന്തപുരം അതിരൂപത

ലേഖനം

# ഉയിർപ്പ്: മനുഷ്യരാശിയുടെ നിത്യരക്ഷ

ഡോ. ജോർജ് ഓണക്കൂർ



യേശുവിന്റെ രക്ഷാകരചരിതത്തിലെ ദിവ്യമായ രണ്ടു സന്ദർഭങ്ങളാണ് തിരുപ്പിറവിയും പുനരുത്ഥാനവും. സൃഷ്ടിയുടെ പൂർണ്ണയായ മനുഷ്യൻ പാപത്തിൽ നിപതിച്ചു. പക്ഷേ, തന്റെ സൃഷ്ടിയിൽ ഒന്നുപോലും പാഴായിപ്പോകരുതെന്ന് ദൈവനിശ്ചയം. അതിനാൽ അവന്റെ വീണ്ടെടുപ്പിനുവേണ്ടി ദൈവം പുതിയ മനുഷ്യനായി, രക്ഷകനായി ഭൂമിയിൽ അവതരിച്ചു എന്ന് സഭാചരിത്രം അടയാളപ്പെടുത്തുന്നു. ദൈവം തിരുവവതാരം ചെയ്യുന്നത് എവിടെയാകും? രാജമന്ദിരത്തിലോ പ്രഭുഗൃഹങ്ങളിലോ? ജ്ഞാനികളായ അന്വേഷകരെ അമ്പരപ്പിച്ചുകൊണ്ട് ആ മഹാസത്യം വെളിപ്പെടുന്നു.

ദൈവദൂതൻ കന്യകയായ ഒരു ഗ്രാമീണ കന്യകയെ സന്ദർശിച്ച് മംഗളവാർത്ത അറിയിക്കുന്നു. അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന പേർവിളിക്കണം. പുരുഷനെ അറിയായ്കയാൽ അവൾ പരിഭ്രമ ചിത്തയാകുന്നു. ഇത് എങ്ങനെ സംഭവിക്കും? ദൈവദൂതൻ അവളെ ധൈര്യപ്പെടുത്തുന്നു: “പരിഭ്രമിക്കേണ്ട, പരിശുദ്ധാത്മാവ് നിന്നിൽ നിറയും. നീ ഗർഭം ധരിച്ച് ഒരു പുത്രന് ജന്മം നൽകും. അവൻ മനുഷ്യരാശിക്കു മുഴുവൻ രക്ഷകനാകും. പാപത്തിൽനിന്ന് അവരെ വീണ്ടെടുത്ത് ദൈവവഴിയിലൂടെ നയിക്കും.”

ഈ പ്രബോധനം അനുസരിച്ച് ദൈവത്തിന്റെ മഹാകരുണ ഏറ്റെടുത്ത കന്യകയുടെ പേര് മറിയം എന്നായിരുന്നു. ജോസഫിന് വിവാഹ നിശ്ചയം ചെയ്യപ്പെട്ടിരുന്ന അവൾ കാലത്തിന്റെ തികവിൽ ഒരു പുത്രനു ജന്മം നൽകി.

യൂദയായിലെ ജനങ്ങൾ രാജകല്പന അനുസരിച്ച് ജനസംഖ്യ രജിസ്റ്ററിൽ പേരെഴുതിക്കുന്നതിന് തങ്ങളുടെ പിതൃനഗരത്തിൽ ഒത്തുകൂടിയ സമയം. ജോസഫ് ദാവീദിന്റെ ഗോത്രത്തിൽപ്പെട്ടവനാകയാൽ പിതൃനഗരമായ ബേദലഹേമിലേക്ക് ഭാര്യയെയും കൂട്ടി പുറപ്പെട്ടു. അവിടെവച്ച് മറിയത്തിന് പ്രസവസമയമടുത്തു. എങ്ങും തലചായ്ക്കാൻ അവർക്ക് ഇടം കിട്ടിയില്ല. ഒടുവിൽ ഒരു സത്രത്തിൽ വളർത്തുമൃഗങ്ങളെ സൂക്ഷിക്കുന്ന തൊഴുത്തിൽ മറിയം ശിശുവിനെ പ്രസവിക്കുന്നു. കച്ചകൾകൊണ്ട് പൊതിഞ്ഞ് കാലിത്തൊഴുത്തിൽ കിടത്തിയ ശിശുവിനെയാണ് ആകാശത്തിൽ പുതിയ നക്ഷത്രോദയം കണ്ട് എത്തിയ ജ്ഞാനികളും ആട്ടിടയന്മാരും വണങ്ങുന്നത്.











**തിരുപ്പിറവിയും പുനരുത്ഥാനവും മനുഷ്യരാശിയുടെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന ഏറ്റവും മഹത്തായ രണ്ട് സദ് വാർത്തകളാണ്.**



ദൈവപുത്രൻ മനുഷ്യരക്ഷയ്ക്കായി അവതരിക്കുന്നത് ഏറ്റവും എളിമയാർന്ന ജീവിത സാഹചര്യത്തിലാണ് എന്ന് ഈ സംഭവം തെളിയിച്ചു. സ്വർഗ്ഗത്തിലേക്ക് മനുഷ്യരെ ഉയർത്തുവാൻ വന്നവൻ എളിമയുടെ പുൽക്കൂട്ടിൽ പിറവി കൊള്ളുക എന്ന സൃഷ്ടിയുടെ അദ്ഭുത രഹസ്യം. ശിശു വളർന്ന് പ്രമാണങ്ങൾ പഠിച്ച് ദൈവകരുണ ഉൾക്കൊണ്ട് ജീവിതവളർച്ച നേടി. ശാസ്ത്രിമാരോട് സംവദിച്ച് വിജയം നേടാൻ കരുത്തനായി. ദേവാലയത്തിനകത്തും പുറത്തുംവച്ച് ജനങ്ങളോട് ദൈവവചനങ്ങൾ പ്രബോധിപ്പിച്ചു. അനേകരെ ജ്ഞാനസ്നാനം ചെയ്യിച്ച് തന്റെ അനുയായികളാക്കി. രോഗികൾക്ക് ആശ്വാസവും പീഡിതർക്ക് അഭയവും നൽകി. മരിച്ചവരെ ജീവനിലേക്ക് ഉയർത്തി. ദൈവശുശ്രൂഷയുടെ മഹാപാഠങ്ങൾ പഠിപ്പിച്ചും റോമൻ ആധിപത്യത്തിലും മഹാപുരോഹിതന്മാരുടെ ചൂഷണത്തിനും അടിമകളായി കഴിഞ്ഞവർക്ക് വിടുതൽ നൽകി. മാനവികതയുടെ മഹാസന്ദേശം പ്രചരിപ്പിച്ചു.

ജീവിതം തപോനിഷ്ഠവും സാധുജനസമർപ്പിതവും അനേകർക്ക് ആലംബവുമാക്കി മാറ്റിയ ക്രിസ്തുനാഥൻ ഭൂമിയിൽ സ്വർഗ്ഗത്തിന്റെ വെളിപാടുകൾ ഹൃദയസ്പർശിയായി അവതരിപ്പിച്ചു. അനേകർ അവന്റെ വാക്കു കേൾക്കാൻ ഒത്തുകൂടി. മാർഗ്ഗം പിൻതുടരാൻ പരിശ്രമിച്ചു.

ഈ പരിണാമം യഹൂദപുരോഹിതന്മാരെയും അവരുടെമേൽ ഭരണം നടത്തിയിരുന്ന റോമൻ ഭരണകർത്താക്കളെയും ഒരുപോലെ അസ്വസ്ഥരാക്കി. ഈ 'മനുഷ്യൻ' തങ്ങളുടെ അധികാരഗർവ്വിനും ദുരാശകളുടെ സാഫല്യത്തിനും വിലങ്ങുതടിയാണ് എന്നു കണ്ട് അവനെ നശിപ്പിക്കാൻ ഗൂഢാലോചന നടത്തി. അവന്റെ ശിഷ്യന്മാരിൽനിന്നുതന്നെ ഒരുവനെ പ്രതിഫലം നൽകി ഒറ്റുകാരനാക്കാൻ അവർക്ക് കഴിഞ്ഞു. മനുഷ്യരാശി ദർശിച്ച ഏറ്റവും വലിയ വഞ്ചനയുടെ ചരിത്രം രേഖപ്പെടുത്തുകയായിരുന്നു. യേശുവിനെ റോമൻ പടയാളികളുടെ സഹായത്തോടെ യഹൂദപുരോഹിത പരിഷ പിടികൂടി ഭരണാധികാരിയുടെ മുന്നിൽ വിചാരണയ്ക്ക് ഹാജരാക്കി. അയാൾക്ക് അവനിൽ കുറ്റമൊന്നും ദർശിക്കാൻ കഴിഞ്ഞില്ല. എങ്കിലും ജനക്കൂട്ടത്തെ ഭയന്ന് മരണശിക്ഷയ്ക്ക് വിധിച്ചു.

തന്നെ ക്രൂശിക്കാനുള്ള കുരിശും തോളിൽ വഹിച്ച് ഗോഗുൽത്താ മലയിലേക്ക് അവൻ യാത്രചെയ്തു. അവന്റെ ശിഷ്യന്മാരോ അവനിൽനിന്ന് രക്ഷപ്രാപിച്ചവരോ പാപമോചനം ലഭിച്ചവരോ ആരും ഒപ്പമുണ്ടായിരുന്നില്ല. വിധവയായ അമ്മയും അവനിൽനിന്ന് സാന്ത്വനമുൾക്കൊണ്ട ഏതാനും സ്ത്രീകളും ദുഃഖത്തോടെ കണ്ണുനീർവീഴ്ത്തി പിൻതുടർന്നു.

വെള്ളിയാഴ്ച ദിവസം ലോകചരിത്രം ദർശിച്ച ഏറ്റവും വലിയ ക്രൂരമായ ക്രൂശുമരണത്തിന് സാക്ഷ്യം വഹിച്ചു. മനുഷ്യനായി അവതരിച്ച് പാപമോചനവും രോഗീസൗഖ്യവും നൽകിയ ദൈവപുത്രൻ നിന്ദ്യമായ ക്രൂശുമരണം വരിച്ചു. ദുഃഖം നിറഞ്ഞ വെള്ളിയാഴ്ച ദിവസം. ആ സങ്കടക്കടലിൽനിന്ന് ജീവന്റെ സൂര്യൻ ഉദിച്ചുയരുന്നതാണ് മൂന്നുനാൾ കഴിഞ്ഞ് ഞായറാഴ്ച ദിവസം സംഭവിക്കുന്നത്. അത് ഉയിർപ്പ് ഞായർ. ആഴ്ചവട്ടത്തിന്റെ ആ ഒന്നാം നാളിൽ യേശുവിന്റെ മൃതദേഹത്തിൽ സുഗന്ധതൈലം പൂശുന്നതിനെത്തിയ സ്ത്രീകൾ കണ്ടത് അവനെ സംസ്കരിച്ച കല്ലറ ഒഴിഞ്ഞു കിടക്കുന്നതാണ്. "നിങ്ങൾ ജീവിച്ചിരിക്കുന്നവനെ എന്തിന് മരിച്ചവർക്കിടയിൽ തിരയുന്നു. അവൻ ഉയിർത്തെഴുന്നേറ്റ് ദൈവസന്നിധിയെ പ്രാപിച്ചിരിക്കുന്നു" എന്ന് ദൈവദൂതന്മാർ അവരെ അറിയിച്ചു. അത് സന്തോഷത്തിന്റെ സദ് വാർത്ത.

തിരുപ്പിറവിയും പുനരുത്ഥാനവും മനുഷ്യരാശിയുടെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന ഏറ്റവും മഹത്തായ രണ്ട് സദ് വാർത്തകളാണ്. ആപത്തിൽ നിപതിച്ച മനുഷ്യസമൂഹത്തിന് ഒരു രക്ഷകന്റെ പിറവിയുടെ വാഗ്ദാനം. ആ രക്ഷകൻ മുപ്പത്തിമൂന്ന് വർഷക്കാലം ഭൂമിയിൽ ജീവിച്ച് നന്മ പ്രദാനം ചെയ്തു. രക്ഷാകരമായ ജീവന്റെ സന്ദേശംവഴി പാപങ്ങളിൽനിന്നുള്ള വിടുതൽ. മരണത്തിൽനിന്ന് നിത്യമോചനം. മനുഷ്യപുത്രൻ മരിച്ച് അടക്കപ്പെട്ടു. പക്ഷേ മൂന്നാംനാൾ അവൻ ഉത്ഥാനം ചെയ്തു. ഈ പുനഃരുത്ഥാനം മനുഷ്യരാശിക്ക് എന്നും രക്ഷയുടെ സദ് വാർത്തയാണ്. തിരുപ്പിറവിപോലെ ഉയിർപ്പും മനുഷ്യസമൂഹത്തിന്റെ മുഴുവൻ രക്ഷയ്ക്കായി നിശ്ചയിക്കപ്പെട്ട ദൈവത്തിന്റെ വാഗ്ദാനം. ഇങ്ങനെ അത്ഭുതകരവും ആനന്ദനിർഭരവുമായ രണ്ടു ദൈവികവരങ്ങളിലൂടെ വെളിപ്പെടുന്ന രക്ഷാകരപദ്ധതിയാണ് സഭാചരിത്രത്തെ ദൈവാനുഗ്രഹത്തിന്റെ സന്ദേശമാക്കി രൂപാന്തരപ്പെടുത്തുന്നത്. മരണത്തെ ജയിച്ച് യേശു ഉയിർത്തെഴുന്നേറ്റു എന്നത് മനുഷ്യസമൂഹത്തിനാകെ നിത്യരക്ഷ വാഗ്ദാനം ചെയ്യുന്ന ഒരു ഉടമ്പടിയുടെ നിറവേറലാണ്. ഇങ്ങനെ ഒരു പരിണാമം ചരിത്രത്തിൽ മറ്റെങ്ങും ദർശിക്കാൻ കഴിയുന്നതല്ല. അതുകൊണ്ടു തന്നെ ലോകരക്ഷകനായ ക്രിസ്തുവിന്റെ ചരിതം മനുഷ്യസമൂഹത്തിന് പ്രതീക്ഷയുടെയും പാപമോചനത്തിന്റെയും സ്വർഗ്ഗീയമായ അനുഗ്രഹസാഫല്യത്തിന്റെയും പ്രത്യക്ഷമായി പരിണമിക്കുന്നു.

ആനുകാലികം




# സ്നേഹത്തണലിൽ ചേർത്തു പിടിക്കാം നമ്മുടെ യുവതയെ

ഫാ. മെൽക്കൺ



"അഫാൻ"- ഒരു അടയാളമാണ്. നമുക്കുചുറ്റും എന്തും നടക്കാം എന്നതിന്റെ ചൂണ്ടുപലക. വെഞ്ഞാറമൂട് നടന്ന കൊലപാതക പരമ്പര നാടിനെ ഞെട്ടിക്കുക മാത്രമല്ല; നമ്മുടെ സമൂഹം എത്രമാത്രം രോഗഗ്രസ്തമായിക്കഴിഞ്ഞുവെന്ന് അത്രമേലാഴത്തിൽ ഓർമപ്പെടുത്തുകകൂടി ചെയ്യുന്നു. ഉറമ്പിനെ കൊല്ലുന്ന ലാഘവത്തോടെ ഉറ്റവരുടെ പോലും ജീവനെടുക്കാൻ മടിയില്ലാത്തവരും ഇവിടെയുണ്ടെന്നതിൽ നടുങ്ങാതെവയ്യ. രക്തബന്ധത്തിന്റെയും ഒപ്പം താമസിക്കുന്നവരുടെയും കൈകൊണ്ടുതന്നെ ജീവൻ വെടിയേണ്ടിവരുന്നവരുടെ അവസാനകരച്ചിൽ നമ്മുടെ പല വീടുകളിൽനിന്നും ഉയരുകയാണ്. കേരളത്തിൽ ഏറിവരുന്ന അക്രമവാസനകളുടെ ഞെട്ടിക്കുന്ന നേർസാക്ഷ്യമാണ് വെഞ്ഞാറമൂട് സംഭവിച്ചത്.

ഇത്തരം കൊടുംക്രൂരത ഒരു പരിഷ്കൃത സമൂഹത്തിനും അനുവദിക്കാനാവില്ല. കൊല്ലുന്ന സംസ്കാരം, അക്രമവാസന ഇങ്ങനെ വളരുന്നതു സർക്കാരും പൊതുസമൂഹവും ആശങ്കയോടെ കാണുകയും; പരിഹാര പ്രക്രിയകൾ ഉടനടി ആരംഭിക്കുകയും ചെയ്യണം. നിയമവാഴ്ചകൊണ്ടുമാത്രം ഇത്തരം അക്രമമനസ്സുള്ളവരുടെ വിഷമിറക്കാനാവില്ല. മാനുഷികതയിലൂന്നിയ കാഴ്ചപ്പാട് വളർത്തുകയാണ് അതിനുള്ള മുഖ്യമരുന്ന്. മനുഷ്യത്വത്തിന്റെ പാഠങ്ങൾ പുതുതലമുറയിൽ ആഴത്തിൽ വേരാഴ്ത്തിയേ തീരൂ. ചെറുപ്രായത്തിൽതന്നെ ഇളം മനസ്സുകളിൽ നന്മയുടെയും കനിവിന്റെയും വിത്തുകൾ പാകാൻ അധ്യാപകരും മാതാപിതാക്കളും സമൂഹവും ഒന്നിക്കണം.

### യുവത്വം - വ്യതിരിക്തത തേടുന്ന കാലം


ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും പ്രാധാനപ്പെട്ട കാലഘട്ടമാണ് യുവത്വം. ഒരാളുടെ മരണംവരെയുള്ള ജീവിതം എന്തായിരിക്കണമെന്ന് തീരുമാനിക്കപ്പെടുന്നത് യുവത്വത്തിലാണ്. അഭിലാഷങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വ്യത്യസ്ഥനാകാനുള്ള (Unique identity) വിളിയാണ്. 'Uniform'എന്നതിൽനിന്ന് രക്ഷപ്പെട്ട് സ്വന്തമായ ഒരു വ്യക്തിത്വം നേടേണ്ടത് എങ്ങനെയാണ് എന്ന അന്വേഷണമാണ് യുവത്വത്തിന്റെ ആന്തരിക ചാലകശക്തി. ഇതിനുള്ള മാർഗ്ഗം രണ്ടുവിധത്തിലാണ് യുവജനങ്ങൾ കണ്ടെത്തുന്നത്. ഒന്നാമത്തേത്, സമപ്രായക്കാരാണ് (Peer Group). രണ്ടാമത്തേത്- പ്രചോദനകരമായ ആശയങ്ങൾ (എഴുത്തുകൾ, പ്രസംഗം, സിനിമ, ജീവിത മാതൃകകൾ, ഗ്രന്ഥങ്ങൾ, സാമൂഹ്യ പ്രചോദനങ്ങൾ, ആധുനിക മാധ്യമങ്ങൾ മുതലായവ).

### സമപ്രായക്കാരുടെ ലോകം

പത്രത്തിൽ വന്ന ഒമ്പതാം ക്ലാസ്സുകാരന്റെ ലഹരിയുടെ കഥ ഇപ്രകാരമാണ്. ഒമ്പതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആദ്യമായി സിഗരറ്റ് വലിച്ചത്. പിന്നീട് കഞ്ചാവു വലിക്കാൻ തുടങ്ങി. കഞ്ചാവു വലിക്കുന്നതിന്റെ അളവ് ഓരോ ദിവസവും കൂടി വന്നു. ഇതിനിടെ എം.ഡി. എം.എയും ഉപയോഗിച്ചു. പത്താം ക്ലാസ്സിൽ എത്തിയപ്പോഴേക്കും ലഹരിയുടെ അടിമയായി.

പുകവലി, മദ്യപാനം, മയക്കുമരുന്ന്, രതിയുടെ ആസ്വാദനം മുതലായവയെല്ലാം സമപ്രായക്കാരോടുള്ള ഇടപെടലിന്റെ സാഹചര്യത്തിൽ അനേകരെ കീഴടക്കുന്നു. സുഖം തേടുക എന്ന മനുഷ്യന്റെ അടിസ്ഥാന ആഗ്രഹത്തെ സംതൃപ്തിപ്പെടുത്താനുള്ള കുറുക്കുവഴികൾ സമപ്രായക്കാരുടെ സമ്മർദ്ദത്തിലൂടെ യുവാക്കൾ വശംവദരാകുന്നു. ഇത്തരത്തിൽ സ്വന്തം തനിമ കണ്ടെത്താൻ ശ്രമിക്കുന്നവർ ജീവിത ലക്ഷ്യത്തിൽനിന്ന് അകന്നുപോകുന്നു. നമ്മുടെ തീരദേശ ഇടവകകളിൽ ധാരാളം കുട്ടികളും യുവജനങ്ങളും മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ടു പോകുന്നത് സമപ്രായക്കാരുടെ സൗഹൃദവലയത്തിലെ ദുഃശ്ശീല സ്വാധീനത്താലാണ്. ഇത്തരം കുട്ടികളിലും യുവാക്കളിലും മാതാപിതാക്കൾക്കോ, മറ്റുള്ള മുതിർന്നവർക്കോ ഒരു നിയന്ത്രണമോ, സ്വാധീനമോ സാധ്യമാകുന്നില്ല എന്നതാണ് നമ്മുടെ നാട്ടിൽ നമ്മൾ അനുഭവിക്കുന്ന മറ്റൊരു ദുരന്തം. എന്നാൽ ഈ തെരഞ്ഞെടുപ്പിൽ നല്ല സമപ്രായക്കാരെ ലഭിക്കുന്നവർ വ്യക്തിത്വത്തിന് പരുക്കുകളില്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നു.

**സാഹസികമായ ലക്ഷ്യങ്ങളിലേക്ക്-ക്രിയാത്മക ലക്ഷ്യങ്ങളിലേയ്ക്ക്, യുവത്വത്തെ വഴിതിരിച്ചു വിടണം. പുതിയ കണ്ടു പിടുത്തം നടത്തണം. നല്ല രാഷ്ട്രീയ നേതാവാകണം, നല്ല വ്യവസായ സംരംഭങ്ങൾ തുടങ്ങണം, നല്ല എഴുത്തുകാരനാകണം, നല്ല സിനിമ സംവിധായകനാകണം, നല്ല സാമൂഹിക പ്രവർത്തകനാകണം, നല്ല മിഷണറിയാകണം... ഈ മോഹങ്ങളെല്ലാം അവനിൽ അങ്കുരിക്കുന്നത് വായനയും, നല്ല പുറം സ്വധീനങ്ങളും സൃഷ്ടിക്കുന്ന അനുഭവലോകത്തു നിന്നാണ്.**



### മാധ്യമ സ്വാധീനവും അധിനിവേശ സംസ്കാരവും

അഭിലാഷങ്ങൾ സ്വന്തം ശരീരത്തിന്റെ സുഖങ്ങളെ രസിപ്പിക്കുന്നതിനപ്പുറത്തേക്ക് വഴിതിരിച്ചു വിടുന്നത് ചിലരുടെ നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, ജീവിത - ചരിത്ര മാതൃകകൾ, ചില ഗ്രന്ഥങ്ങൾ, സിനിമ, ആധുനിക മാധ്യമങ്ങൾ, സാംസ്കാരിക മൂല്യങ്ങൾ എന്നിവയാണ്. രണ്ടുതരത്തിൽ ഇവ യുവജനങ്ങളെ സ്വാധീനിക്കാം. ഒന്നാമതായി അന്ധമായ അനുകരണം. രണ്ടാമതായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ.

അന്ധമായ അനുകരണം അടിസ്ഥാനപരമായി യുക്തിയുടെ അഭാവമാണ്. സമകാലീന ലോകത്ത് ഗ്രന്ഥങ്ങളെക്കാൾ സിനിമയും ഡിജിറ്റൽ മാധ്യമങ്ങളും യുവജനങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി നമ്മുടെ ഹിന്ദി, മലയാളം, തമിഴ്, കന്നട, തെലുങ്കു സിനിമകളെല്ലാം അക്രമത്തിന് (Violence) വലിയ പ്രാധാന്യം നൽകുകയാണ് ചെയ്യുന്നത്. അടുത്ത കാലത്ത് മലയാളത്തിൽ ഇറങ്ങിയ "മാർക്കോ" എന്ന സിനിമ അക്രമത്തിന്റെ തീവ്രത മാത്രം മാർക്കറ്റ് ചെയ്തു കോടികൾ നേടിയതാണ്. 'ക്ലാസ്മേറ്റ്സ് മുതൽ ആവേശം' വരെയുള്ള സിനിമകൾ കലാലയത്തെ അഭിലാഷങ്ങൾ സുഖിച്ച് തീർക്കാനുള്ള ഇടമായി മാത്രം ചിത്രീകരിച്ചു. അതിനപ്പുറം കോളേജ് കാലഘട്ടം സാഹസികമായി ലക്ഷ്യബോധം പൂർത്തിയാക്കേണ്ട ഇടമായി അവതരിപ്പിക്കാൻ പരാജയപ്പെട്ടുപോയി. ഭൂരിഭാഗം യുവജനങ്ങളും കോളേജ് ജീവിതത്തെ ഉല്ലാസകാലഘട്ടമായി കാണുന്നത് തീർത്തും നിരാശജനകമാണ്.

ദൃശ്യമാധ്യമങ്ങൾക്ക് വികാരങ്ങൾ സൃഷ്ടിക്കാനേ കഴിയൂ. എന്നാൽ ജീവിതം വികാരങ്ങളിൽനിന്ന് വിവേകത്തിലേക്കുള്ള യാത്രയാണ്. വികാരവും വിവേകവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് യുക്തി. യുക്തിയുടെ പാലം പണിയാൻ ദൃശ്യമാധ്യമങ്ങൾ അപര്യാപ്തങ്ങളാണ്. ഒരുവന്റെ യുക്തി വികസിക്കുന്നത് വായനയിലൂടെയും ചിന്തയിലൂടെയുമാണ്.

എന്നാൽ ഇത്തരം സംഭവങ്ങളെ ശരിയായി ഉപയോഗപ്പെടുത്തുന്നവർ 'സാഹസികമായ ലക്ഷ്യങ്ങളിലേക്ക്-ക്രിയാത്മക ലക്ഷ്യങ്ങളിലേയ്ക്ക്, യുവത്വത്തെ വഴിതിരിച്ചു വിടുന്നു. പുതിയ കണ്ടുപിടുത്തം നടത്തണം. നല്ല രാഷ്ട്രീയ നേതാവാകണം, നല്ല വ്യവസായ സംരംഭങ്ങൾ തുടങ്ങണം, നല്ല എഴുത്തുകാരനാകണം, നല്ല സിനിമ സംവിധായകനാകണം, നല്ല സാമൂഹിക പ്രവർത്തകനാകണം, നല്ല മിഷണറിയാകണം എന്ന മോഹങ്ങളെല്ലാം അവനിൽ അങ്കുരിക്കുന്നത് വായനയും, നല്ല പുറം സ്വധീനങ്ങളും സൃഷ്ടിക്കുന്ന അനുഭവലോകത്തുനിന്നാണ്.

## വിശാലമായ അഭിലാഷങ്ങളും സാമ്പത്തിക ഭാരങ്ങളും

ഇന്ന് നമ്മുടെ നാട്ടിൽ യുവജനങ്ങൾക്കിടയിലെ പ്രവണത തൊഴിലിനും പഠനത്തിനുമായി നടത്തുന്ന കുടിയേറ്റം തന്നെയാണ്. അക്കാദമിക് മികവിനേക്കാൾ യുവജനങ്ങളെ പ്രചോദിപ്പിക്കുന്ന ഒരു അനിഷേധ്യ ഘടകം ആതിഥേയ രാജ്യത്തെ സമ്പന്നമായ സാമൂഹിക ജീവിതത്തിന്റെയും മെച്ചപ്പെട്ട സാമ്പത്തിക സാഹചര്യങ്ങളുടെയും വാഗ്ദാനമാണ്. വിശാലമായ അഭിലാഷങ്ങൾ നിറവേറ്റുക എന്നതായിമാറി യുവജനങ്ങളുടെ പ്രഥമമായ കാര്യം. വലിയ വലിയ സ്വപ്നങ്ങളും പെട്ടെന്നുള്ള സാമ്പത്തിക നേട്ടവുമാണ് യുവജനങ്ങളെ നയിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ ജീവിതത്തെ കാണാത്തതുകൊണ്ട് സാമ്പത്തിക പ്രശ്നങ്ങളും, അഭിലാഷങ്ങൾ നിറവേറ്റാൻ കഴിയാത്തതും വലിയ നിരാശയിലേക്കും വിഷാദ അവസ്ഥകളിലേയ്ക്കും യുവജനങ്ങളെ കൊണ്ടെത്തിക്കുന്നു. അങ്ങനെ വലിയ പൊട്ടിത്തെറികളിലേക്കും അക്രമങ്ങളിലേക്കും അവർ നയിക്കപ്പെടുന്നു.

## നമുക്ക് എന്ത് ചെയ്യാം?

ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രിവരെ കുട്ടികളെ പഠിപ്പിക്കുന്ന കഥകൾ, കവിതകൾ, ചെറു നോവലുകൾ ഇവയെല്ലാം തെരഞ്ഞെടുക്കുന്നത് ശരിയായ ദിശാബോധം നല്കുന്നവയായിരിക്കണം. മാനുഷിക മൂല്യങ്ങൾ വളരാൻ മാതാപിതാക്കളും അധ്യാപകരും കുട്ടികളെ സഹായിക്കണം. അതിനുതകുന്ന പരിശീലനങ്ങൾ നല്കണം. സ്കൂളും വീടും വിദ്യാർത്ഥികൾക്ക് അവർ ആയിരിക്കുന്ന അവസ്ഥയിൽ അവരെ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതായിരിക്കണം. വീട് സ്നേഹത്തിന്റെയും വിദ്യാലയം സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും ഇടങ്ങളായി മാറണം.

## ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ നിയന്ത്രണം

മൊബൈൽ ഫോൺ കുട്ടികൾക്ക് സ്വന്തമാക്കാൻ കഴിയുന്നതിന് മാതാപിതാക്കൾതന്നെ ഒരു പ്രായപരിധി നിശ്ചയിക്കണം. പതിനാറോ, പതിനെട്ടോ വയസ്സ് കഴിയാതെ സോഷ്യൽ മീഡിയ ഉപയോഗിക്കാൻ പറ്റില്ലെന്ന നിയന്ത്രണം പല രാജ്യങ്ങളിലും ഉണ്ടല്ലോ. സോഷ്യൽ മീഡിയ അക്കൗണ്ട് തുറക്കുന്നതിന് രക്ഷിതാക്കളുടെ സമ്മതവും ആവശ്യമാക്കണം. ഇക്കാര്യങ്ങളിൽ ആലോചിച്ചും ചർച്ച ചെയ്തും നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.

## അനുകരണത്തിനുള്ള നല്ല മാതൃകകൾ സൃഷ്ടിക്കുക

നമ്മുടെ കുട്ടികൾ അന്ധമായ അനുകരണങ്ങളിലേക്ക് പോകുന്നത് തടയാൻ നമുക്കാവണം. വയലൻസ് ആഘോഷിക്കുന്ന സിനിമകൾ, യാഥാർത്ഥ്യവും ഫിക്ഷനും കൂട്ടിക്കുഴച്ച വെബ് സീരിസുകളും കൊലപാതകങ്ങളും രക്തച്ചൊരിച്ചിലും മാത്രമുള്ള വീഡിയോ ഗെയിമുകളും കുട്ടികളുടെ ബന്ധങ്ങളെ 'ടോക്സിക്' ആക്കി മാറ്റുന്നു. രാസലഹരി കൂടി കടന്നുവരുന്നതോടെ ഏതു കുറ്റകൃത്യത്തെയും ന്യായീകരിക്കാവുന്ന മാനസികാവസ്ഥയിലേക്കും ക്രിമിനൽ പ്രവർത്തനങ്ങളെ ആഘോഷിക്കുന്നതിലേക്കും അവർ മാറുന്നു. ഇതിനൊരു പരിഹാരം നല്ല മാതൃകകൾ കാണാനും കേൾക്കാനും പ്രോത്സാഹിപ്പിക്കുക എന്നതാണ്. മാതാപിതാക്കളും, അധ്യാപകരും നല്ല മാതൃകയായിരിക്കുക. നമ്മുടെ സമൂഹത്തിലെ നല്ല മാതൃകകൾ കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുക.

## കളിയും കലയും പ്രോത്സാഹിപ്പിക്കണം

മാതാപിതാക്കളുടെ തെറ്റായ ഒരു പരിപാലനരീതി കുട്ടികളെ കളിക്കാൻ വിടാത്തതാണ്. പഴയകാലത്ത് എന്തുമാത്രം നാടൻ കളികളാണ് നമുക്ക് ഉണ്ടായിരുന്നത്. കൂട്ടുകാർക്കിടയിൽ ഏറ്റ പന്തുകളി എന്ത് സജീവമായിരുന്നു. ഓല കൊണ്ടുണ്ടാക്കിയ പന്ത് ദേഹത്തു പതിക്കുമ്പോൾ. നന്നായി വേദനിക്കും. പിന്നെ പന്ത് തിരിച്ചെറിയാനുള്ള ശ്രമം. ഒടുവിൽ എറിഞ്ഞവരും, ഏറുകൊണ്ടവരുമെല്ലാം തോളിൽ കയ്യിട്ട് കളിച്ചിരികളോടെ വീട്ടിലേക്ക് മടങ്ങുന്നു. വീഴ്ചയിൽനിന്ന് പാഠമുൾക്കൊള്ളാനും: തോൽവികളിൽനിന്ന് ഊർജ്ജമുൾക്കൊള്ളാനും ഈ കുട്ടികൾ അങ്ങനെ പഠിക്കുന്നു. വീടുകളിൽ, അടച്ചിട്ട മുറികളിൽ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിച്ച് നശിക്കുകയാണ്.

സ്പോർട്സ്, കലാവാസനകൾ, സംഗീതം എന്നിവയുള്ള കുട്ടികളെ ആ മേഖലയിൽ നൈപുണ്യം നേടാനും ക്രിയാത്മകമായ കാര്യങ്ങൾ ചെയ്യാനും പ്രോത്സാഹിപ്പിക്കണം. ഓരോ ഇടവകയും കുട്ടികൾക്കും, യുവജനങ്ങൾക്കുംവേണ്ടി പൊതു കളിസ്ഥലങ്ങൾ ഒരുക്കണം. ശാരീരിക ക്ഷമതയും മാനസികാരോഗ്യവും വർദ്ധിക്കുന്നതിനൊപ്പം ജീവിതത്തിന്റെ സന്തോഷവും നിരാശകളുമെല്ലാം പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല വേദികൂടിയാണത്. മത്സരവേദികളിൽ രൂപപ്പെടുന്ന സൗഹൃദങ്ങളായിരുന്നു തുടർന്നുള്ള ജീവിതത്തിന്റെ കാതൽ. പൊതു കളിസ്ഥലങ്ങളും, കലാവാസനകൾ പ്രകടിപ്പിക്കാനുള്ള ഇടങ്ങളും അവസരങ്ങളും കുട്ടികൾക്ക് ഒരുക്കി നൽകണം.

അവസാനമായി, നമ്മുടെ കുട്ടികളെ സാമൂഹ്യബന്ധങ്ങളുടെ ഭാഗങ്ങളാക്കാൻ മാതാപിതാക്കൾ ശ്രമിക്കണം. പല മാതാപിതാക്കളും മക്കളെ നാലു ചുവരുകൾക്കിടയിൽ, പഠിത്തത്തിനും ട്യൂഷനും ഇടയിൽ, മാതാപിതാക്കളുടെ സ്വപ്നങ്ങളും ചങ്ങലകൾക്കുമിടയിൽ പൂട്ടിയിടാൻ ശ്രമിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ കുട്ടികളെ വളർത്തുക. ബന്ധുവീടുകളിലെ പ്രശ്നങ്ങളിൽ അവരും ഭാഗമാകട്ടെ. സാമൂഹ്യസംഘടനകളിൽ അവർ അംഗങ്ങളായി പൊതുസേവനങ്ങൾ ചെയ്യട്ടെ. സമ്മർദ്ദലോകത്തുനിന്ന് കുസൃതി നിറഞ്ഞൊരു ലോകത്ത് അവർ വളരട്ടെ.




# മോചനമില്ലാത്ത രാസലഹരി


മെത്തിലീൻ ഡൈയോക്സി മെത്താംഫിറ്റമൈൻ എന്ന എംഡിഎംഎ. ഉപയോഗിച്ച് തുടങ്ങിയാൽ പിന്നീട് അതിന്റെ പിടിയിൽനിന്ന് രക്ഷനേടാൻ വളരെ പ്രയാസമാണെന്നതാണ് ഇത്തരം രാസലഹരികൾ സൃഷ്ടിക്കുന്ന ഏറ്റവും വലിയ അപകടം.



തലച്ചോറിനെ തകരാറിലാക്കുന്ന എം.ഡി.എം.എ

1. ലഹരിവസ്തുക്കളിൽ ഏറ്റവും അപകടകാരി.
2. ഉന്മാദാവസ്ഥയും വിഭ്രാന്തിയുമുണ്ടാക്കുന്ന ലഹരിവസ്തു.
3. തലച്ചോറിലെ ആശയ വിനിമയ സംവിധാനത്തെ തകരാറിലാക്കും.
4. 20 മുതൽ 90 മിനിറ്റിനുള്ളിൽ ലഹരി തലയ്ക്കു പിടിക്കും.
5. മസ്തിഷ്കത്തിൽ അപകടകരമായ രീതിയിൽ രാസമാറ്റങ്ങൾ സൃഷ്ടിക്കും. വിശേഷബുദ്ധിയെ ഇല്ലാതാക്കും.
6. ഡോപമിൻ, സെറട്ടോണിൻ എന്നിവ കൂടുതൽ ഉത്പാദിപ്പിച്ച് ആനന്ദമുണ്ടെന്ന തോന്നൽ ഉണ്ടാക്കും.
7. ഡോസ് കൂടുമ്പോൾ അഡ്രിനാലിൻ, നോർ അഡ്രിനാലിൻ ഹോർമോണുകൾ കൂടുതൽ ഉത്പാദിപ്പിക്കും.
8. ശരീര താപനില ഉയരും. ബി.പി.വലിയ തോതിൽ കൂടും. ഇത് മസ്തിഷ്കാഘാതം, ഹൃദയാഘാതം എന്നിവയ്ക്ക് വഴിവെക്കാം.
9. സ്ഥിരമായ ഉപയോഗം വിഷാദം, പരിഭ്രാന്തി, സൈക്കോസിസ്, പാനിക്ക് അറ്റാക്ക്, സംശയം, ചിന്താപ്രശ്നങ്ങൾ, അക്രമവാസന എന്നിവയുണ്ടാക്കും.
10. മെത്ത്, മോളി, ക്രിസ്റ്റൽ, എക്സ്റ്റസി എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്നു. ആസക്തി മാറ്റാൻ മരുന്നുകളില്ല.

**ഡോ.പി.എൻ.സുരേഷ് കുമാർ**
ഡയറക്ടർ, ചേതന സെൻറർ ഫോർ ന്യൂറോ സൈക്യാട്രി, കോഴിക്കോട്





# കാനോൻ നിയമം

## അനുരഞ്ജന തർക്കപരിഹാര സംവിധാനം തിരുവനന്തപുരം അതിരൂപതയിൽ



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

രണ്ടാം വത്തിക്കാൻ കൗൺസിലും കാനോൻ നിയമവും സഭയുടെ സിനഡാത്മക സിനഡും വിഭാവന ചെയ്യുന്ന പങ്കാളിത്ത സംവിധാനം വിശ്വാസജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ച ഒരു രൂപതയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത. പങ്കാളിത്ത സംവിധാനം എന്നത് ജനാധിപത്യമോ ഏകാധിപത്യമോ അല്ല; മറിച്ച്, ദൈവസ്ഥാപനമായ സഭയുടെ സുവിശേഷവത്ക്കരണ ദൗത്യത്തിലുള്ള ദൈവജനത്തിന്റെ പങ്കാളിത്തമാണ്. ത്രിതല പങ്കാളിത്ത സംവിധാനമാണ് തിരുവനന്തപുരം അതിരൂപത സ്വീകരിച്ചിരിക്കുന്നത്: ഇടവകതലം, ഫെറോന തലം, അതിരൂപതാ തലം. അജപാലനസമിതി, സാമ്പത്തിക സമിതി, ആഡിറ്റ് സമിതി എന്നിവപോലെ അനുരഞ്ജന തർക്കപരിഹാര സമിതിയും ത്രിതല സംവിധാനത്തിലാണ് അതിരൂപതയിൽ ക്രമപ്പെടുത്തിയിരിക്കുന്നതും പ്രവർത്തിക്കുന്നതും.

**1. ഇടവക അനുരഞ്ജന തർക്കപരിഹാരസമിതി**

അജപാലനപരമായ കാര്യങ്ങളിൽ ഒരു ഇടവകയ്ക്കുള്ളിലെ വിശ്വാസികൾ തമ്മിൽ വ്യക്തിപരവും സഭാപരവുമായ വ്യവഹാരങ്ങളുണ്ടാകുമ്പോൾ നിയമപരമായ പ്രതിവിധിയ്ക്കുവേണ്ടി രേഖാമൂലമുള്ള പരാതിയുമായി ഇടവക അനുരഞ്ജന തർക്കപരിഹാര സമിതിയെ സമീപിക്കുന്നു.

സാധാരണയായി ഇടവക സമിതിയുടെ പരിഗണനയിൽ വരുന്ന അജപാലനപരമായ വ്യവഹാരം / തർക്കം പ്രധാനമായും മൂന്നുതരം വ്യക്തികൾ തമ്മിലുള്ളവയാണ്:

1. ഒരേ ഇടവകയിലെ വിശ്വാസികൾ തമ്മിൽ.

2. ഒരേ ഇടവകയിലെ വിശ്വാസികളും സമർപ്പിത ജീവിതം നയിക്കുന്ന വ്യക്തികളും തമ്മിൽ *(ഇടവകയ്ക്കോ ഇടവകയിലെ വൈദികർക്കോ സമർപ്പിതരുമായുണ്ടാകുന്ന തർക്കം, വൈദികർക്കെതിരെയും സമർപ്പിതർക്കെതിരെയുമുള്ള പരാതികൾ എന്നിവ അതിരൂപതാദ്ധ്യക്ഷന്റെ നിർദ്ദേശത്തിൻകീഴിൽ അതിരൂപതാ അനുരഞ്ജന തർക്കപരിഹാര സമിതിയോ മറ്റുള്ളവരോ പരിഗണിക്കുന്നു)*

3. ഒരേ ഇടവകയിലെ വിശ്വാസികളും സംവിധാനങ്ങളും തമ്മിലുള്ള വ്യവഹാരം

**2. ഫെറോന അനുരഞ്ജന തർക്കപരിഹാര സമിതി**

സധാരണയായി താഴെപ്പറയുന്ന വ്യവഹാരങ്ങളാണ് ഫെറോന അനുരഞ്ജന തർക്കപരിഹാര സമിതിയിലൂടെ പരിഹാരം തേടുന്നത്:

1. ഒരേ ഫെറോനയിലെ ഇടവകകൾ തമ്മിലുള്ള തർക്കങ്ങൾ

2. ഫെറോനയ്ക്കുള്ളിലെ വിശ്വാസിയും (കളും) ഇടവക വികാരിയും തമ്മിലുള്ള തർക്കങ്ങൾ

3. ഫെറോനയ്ക്കുള്ളിലെ വിശ്വാസിയും (കളും) ഇടവക കൗൺസിലും തമ്മിലുള്ള തർക്കങ്ങൾ

4. ഫെറോനയ്ക്കുള്ളിലെ ഒരു ഇടവക വികാരിയും അദ്ദേഹത്തിന്റെ ഇടവക കൗൺസിലും തമ്മിലുള്ള തർക്കങ്ങൾ.

5. ഫെറോനയ്ക്കുള്ളിലെ ഇടവകകളിൽനിന്നുള്ള അപ്പീലുകൾ

6. ഫെറോനയ്ക്കുള്ളിലെ ഒരു ഇടവക വികാരിയുടെയോ ഇടവക കൗൺസിലിന്റെയോ തീരുമാനത്തിനെതിരെയുള്ള അപ്പീലുകൾ ഫെറോനയ്ക്കുള്ളിൽ പരിഹരിക്കപ്പെടാൻ സാധിക്കാത്ത തർക്കങ്ങൾ മേൽഘടകത്തിന്റെ പരിഗണനയ്ക്കായി ശുപാർശ ചെയ്യുക

**3. അതിരൂപത അനുരഞ്ജന തർക്കപരിഹാര സമിതി**

താഴെപ്പറയുന്ന വ്യവഹാരങ്ങളാണ് സാധാരണയായി അതിരൂപത അനുരഞ്ജന തർക്കപരിഹാര സമിതിയിലൂടെ പരിഹാരം തേടുന്നത്:

1. അതിരൂപതയിലെ വൈദികർ തമ്മിലുള്ള തർക്കങ്ങൾ.
2. അതിരൂപതയിലെ വൈദികരും സമർപ്പിതരും തമ്മിലുള്ള തർക്കങ്ങൾ
3. അതിരൂപതയിലെ ഇടവകകളും / ഫെറോനകളും സമർപ്പിതരും തമ്മിലുള്ള തർക്കങ്ങൾ
4. അതിരൂപതയിലെ ഫെറോനകളിൽ നിന്നുള്ള അപ്പീലുകൾ
5. അതിരൂപതയിലെ ഫെറോനകൾ തമ്മിലുള്ള തർക്കങ്ങൾ
6. അതിരൂപതയിലെ വിശ്വാസികളും വൈദികരും തമ്മിലുള്ള തർക്കങ്ങൾ
7. അതിരൂപതാദ്ധ്യക്ഷൻ ചുമതലപ്പെടുത്തുന്ന മറ്റു വ്യവഹാരങ്ങൾ. ●

കവിത

# ഉയിർപ്പ്




## രാജു ജെയിംസ്

ആൾക്കൂട്ടാക്രോശങ്ങൾ മുഴങ്ങും രാജസദസ്സ്
മഹാമൗനത്താലൊളിച്ച് കാലം
കുറ്റം വിധിക്കാനായില്ലയെങ്കിലും
ചഞ്ചലഹൃദയത്താൽ കൈകഴുകി പീലാത്തോസും

മുൾക്കിരീടം ധരിച്ച ശിരസ്സും
ചുമലിൽ ചാർത്തിയ മരക്കുരിശിൻ ഭാരവും
ചാട്ടവാറിൻ പ്രഹരവും
പരിഹാസത്തിന്റെ ക്രൂരശരങ്ങളും താണ്ടി
ക്ഷമയുടെ പരിചതീർത്തവനൊടുവിൽ
കാൽവരിഗിരിയിലെത്തി.

കുരിശിൽ കരപാദങ്ങളാണിയാൽ
പിടയവേ
നോവിന്റെയാഴങ്ങളിൽ
തിരുദേഹിയാഴവേ
കരൾപിടയും കാഴ്ചയിൽ
മർത്യവിലാപമുയരവേ
മിഴിപൂട്ടി പ്രകൃതിയും നിൽക്കെ
വിടചൊല്ലിയോ പുത്രൻ?

മൂന്നാം ദിനം
ശവകുടീരം വെടിഞ്ഞുയിർത്തു
വിശ്വത്തിൻ അധിപനായ്
തുടരുകയാണീ ജനനിയിൽ
മാനവർക്കുയിർപ്പിൻ പ്രത്യാശയുമായ്






ലേഖനം



# ദൈവവിളിയും കാലിക പ്രസക്തിയും

ഫാ. ആൻഡ്രു കോസ്മോസ്

ദൈവവിളി ഞായർ, ദൈവവിളിവാരം, ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന എന്ന് പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും വൈദിക, സന്യസ്ത സമർപ്പിത ജീവിതത്തിലേക്ക് അനേകംപേർ കടന്നുവരണം എന്ന് ആഗ്രഹിച്ചും പ്രാർത്ഥിച്ചുകൊണ്ടുമാണ്. ദൈവവിളി ചിലർക്കുവേണ്ടി മാത്രമുള്ളതല്ല. ദൈവത്തിന്റെ വിളി സകല മനുഷ്യർക്കുമായുള്ളതാണ്. ദൈവസ്നേഹത്തിലേക്ക്, വിശുദ്ധിയിലേക്ക് തിരികെ വരണം എന്നാണ് വിവക്ഷ. കുടുംബജീവിതത്തിലേക്കായാലും സമർപ്പിത വൈദിക ശുശ്രൂഷ തലത്തിലേക്കായാലും ആത്യന്തികമായി ദൈവവിളി ആദികൃപയിലേക്ക് തിരികെ എത്താൻവേണ്ടിയുള്ള ആഹ്വാനമാണ്. ഈ ലേഖനത്തിൽ പരാമർശിക്കുന്ന ദൈവവിളി, വൈദിക സന്യസ്ത സമർപ്പണ ജീവിതത്തിലേക്കുള്ള വിളിയാണ്.

ദൈവവിളി നാം ആദ്യം കേൾക്കുക സഭയിൽ നിന്നാണ്, സഭയുമായി ബന്ധമുള്ളവരിൽ നിന്നുമാണ്. ഓരോ ദൈവവിളിയും മനുഷ്യരുമായി ബന്ധമുള്ളവരിലൂടെയും ബന്ധുക്കൾ, മാതാപിതാക്കൾ, വൈദിക സന്യസ്ത ശുശ്രൂഷകർ, മാനവശേഷിയുടെ സംസ്കൃതിയിലായിരിക്കുന്നവരുടെയും ദൈവമക്കളുടെ പരിശുദ്ധിയിലേക്ക് സ്വയമേയും മറ്റുള്ളവരെയും നയിക്കുന്ന വ്യക്തിത്വങ്ങളിലൂടെയുമാണ് സാർത്ഥകമാവുക. വൈവാഹിക-കുടുംബ ജീവിതത്തിലേക്കായാലും സമർപ്പിത വിളിയിലേക്കായാലും എങ്ങനെ ഇതിനോട് നമ്മൾ പ്രതികരിക്കുന്നു എന്നുള്ളത് പ്രസക്തമാണ്.

അനുദിനം മാറ്റത്തിനു വിധേയമാകുന്ന ഈ കാലഘട്ടത്തിൽ വൈദിക സന്യസ്ത ജീവിതത്തിലേക്കുള്ള വിളി വളരെ പ്രസക്തമാണ്. ഈ വിളി സ്വീകരിക്കാൻ ഏറെ വിമുഖത കാണിക്കുന്ന കൗമാരമാണ് ഇന്നുള്ളത്. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയിലുള്ള വളർച്ചയും നിർമ്മിതബുദ്ധി തുറന്നുകൊടുക്കുന്ന അനന്തസാധ്യതകളും അനുഭൂതികളും ഭൗതികസുഖ സാഹചര്യങ്ങളും ലഹരിയുടെ ലഭ്യതയും ത്രസിപ്പിക്കുന്ന ചടുലതയാർന്ന നൃത്തശബ്ദവീചികളും വലിയൊരു വിഭാഗം യുവജനങ്ങൾക്കും ദൈവവിളി തിരിച്ചറിയുന്നതിനു വിലങ്ങുതടിയാകുന്നു. കുടുബങ്ങളിലുള്ള അംഗസംഖ്യയുടെ കുറവും കുടുംബ പ്രാർത്ഥനയുടെ അഭാവവും പഠനത്തിനും ഉയർന്ന വേതനമുള്ള ജോലികൾക്കും വേണ്ടി ഭവനങ്ങളിൽനിന്നും സാമൂഹിക കൂട്ടായ്മകളിൽനിന്നുമുള്ള സമ്മർദ്ദവും അതിനാൽത്തന്നെ ദേവാലയങ്ങളിൽനിന്നുള്ള അകൽച്ചയും പ്രശ്നത്തെ ദൃഢീ

കരിക്കുന്നു. ആഗോള-ദേശിയ തലത്തിൽ ദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു (വൈദികർ കാരണം സഭയിലെ അംഗംങ്ങളിലും പുറത്തും ഉണ്ടായ അപമാനത്തിനും തളർച്ചയ്ക്കും ഇടയിലും അമേരിക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ദൈവവിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരുടെ എണ്ണത്തിലുള്ള നേരിയ ഉയർച്ച പ്രത്യാശയുടെ സൂചനകളാണ്) എന്ന് പൊതുവെ കാണാനാകും. സന്യസ്ത വൈദിക ദൈവവിളിയിൽ മാത്രമല്ല ഈ അപചയം (എണ്ണത്തിലുള്ള കുറവ്) മറിച്ച് കുടുംബ ജീവിതാന്തസ്സിലേക്കുള്ള ദൈവവിളിയിലും പ്രകടമാണ്.

വിശ്വാസവും മൂല്യങ്ങളുമുള്ള, സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബങ്ങൾ എന്നതിനേക്കാൾ രതിസുഖ സൗകര്യങ്ങൾക്കായുള്ള കൂട്ടുകൂടലും ഒരുമിച്ചുള്ള താമസവും ഏറിവരുന്നു. സുഖഭോഗങ്ങളെ താലോലിക്കുകയും ഊട്ടി വളർത്തുകയും ചെയ്യുന്ന വിപണിയും ആസക്തികളെ ഊർജിതപ്പെടുത്തുന്ന ഭക്ഷണസംസ്കാരവും അമിതമായ ആഘോഷങ്ങളും ആർഭാടവും സമ്പത്ത് വർധിപ്പിക്കാനുള്ള ത്വരയും ആവിഷ്കാര സ്വാതന്ത്ര്യം എന്ന പേരിൽ എല്ലാം ആകാം എന്ന സ്വതന്ത്രമായ ആശയ പ്രചാരണവും എല്ലാത്തരം ദൈവവിളികളെയും സ്വികരിക്കുന്നതിനു തടസ്സം സൃഷ്ടിക്കുന്നു . ദൈവവിളി സ്വികരിക്കുന്നവരുടെ എണ്ണം കുറയുന്നതിന് മുകളിൽ പറഞ്ഞ സാഹചര്യങ്ങളും മറ്റനവധി കാരണങ്ങളുമുണ്ട്. നിരവധി രാജ്യങ്ങളുടെയും സമൂഹങ്ങളുടെയും ധാർമിക, സാമൂഹിക, സാംസകാരിക വളർച്ചയിലും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും കഴിഞ്ഞ നൂറ്റാണ്ടുകളിൽ വൈദിക സന്യസ്ത ജീവിതാന്തസ്സ് തെരഞ്ഞെടുത്തവർ നൽകിയ പങ്കും സ്വാധിനവും അവിതർക്കിതമാം വിധം അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. വാഴ്ത്തപ്പെട്ട റാണിമരിയായും, സ്റ്റാൻ സാമിയും തങ്ങളെ ഹോമിച്ച മേഖലകൾ ഇന്നും നമ്മുടെ രാജ്യത്തിലും ലോകത്ത് പല ഭാഗങ്ങളിലുമുണ്ട്. എന്നും എക്കാലത്തും സമർപ്പിതരുടെ ജീവിതം പ്രസക്തം തന്നെയാണ്. എന്നാൽ ഈ മേഖലകളിലേക്ക് വ്യവസായികളും കോർപ്പറേറ്റ് സ്ഥാപനങ്ങളും വ്യാപകമാകുകയും ഭരണ സംവിധാനങ്ങളും സാമൂഹികപ്രസ്ഥാനങ്ങളും സ്വയം പര്യാപ്തതയിലും കാര്യശേഷിയിലും വിഭവങ്ങളുടെ അച്ചടക്കപൂർണമായ വിനിയോഗത്തിലും മികവുള്ളവരും ആകുമ്പോൾ സമർപ്പിതരുടെ, ദൈവവിളി സ്വികരിച്ചവരുടെ ശുശ്രൂഷ ഇന്നത്തെ കാലഘട്ടത്തിൽ പ്രസക്തമാണോ എന്ന് ചോദിച്ചേക്കാം?



വ്യാവസായികമായി മാനവശേഷിയുടെ വികസനം ത്വരിതമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, ശാസ്ത്രീയമായി വിഭവ വർദ്ധനവിന്റെയും സമാഹരണത്തിന്റെയും ഇടയിൽ വീണുപോയ, ഒപ്പം ഓടാൻ പറ്റാത്ത ഹതഭാഗ്യരുടെയും കമ്പോള മത്സരം മാറ്റിനിർത്തിയ പാവങ്ങളുടെയും ഇടയിൽ ദൈവവിളി സ്വീകർത്താക്കൾ കൂടുതൽ ശ്രദ്ധചെലുത്തുകയും വിഭവങ്ങൾ വിനിയോഗിക്കുകയും വേണം. സാമൂഹിക ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന ഭരണകൂടങ്ങൾ ഉണ്ട്. കാശുള്ളവരെയും കഴിവുള്ളവരെയും പഠിപ്പിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും സമ്പത്തുള്ളവർക്കുവേണ്ടി മുന്തിയ അത്യാധുനിക സംവിധാനങ്ങളോടുകൂടിയുള്ള ആശുപത്രികൾ നടത്താനും വ്യക്തികളും വ്യവസ്ഥിതികളും സമൂഹത്തിൽ ഇന്നുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിൽ അതിജീവിനത്തിനുവേണ്ടി ക്ലേശിക്കുന്നവർ, അനാഥത്വത്തിലേക്കും ഏകാന്തതയിലേക്കും തള്ളപ്പെട്ടവർ, മാനസിക, ജനിതക, ശാരീരിക വൈകല്യങ്ങളാൽ കഴിയുന്നവർ, അവരുടെ കുടുംബങ്ങൾ,

ലഹരിക്ക് അടിപ്പെട്ടുപോയവർ, എല്ലാത്തരം മത്സരങ്ങളിലും പിന്നിലാക്കപ്പെട്ടവർ, മനുഷ്യക്കടത്തിലും ചൂഷണത്തിലും പെട്ടുപോയവർ, ജീവനും അന്നത്തിനും വേണ്ടി പലായനം ചെയ്യുന്നവർ തുടങ്ങി മറ്റനേകം ഗണങ്ങളിൽപ്പെട്ട മനുഷ്യർക്കുവേണ്ടി ജീവിക്കാനും നിലപാടെടുക്കാനും ലാഭവിഹിത വ്യവസ്ഥിതിയിൽ മുന്നോട്ടുപോകുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും കഴിയില്ല. ഈ വിഭാഗങ്ങളിൽപ്പെട്ട മനുഷ്യരോട് എക്കാലത്തും ആഭിമുഖ്യവും പ്രതിബദ്ധതയും കാട്ടിയ, അവർക്കായി ജീവിതം സമർപ്പിച്ച വൈദിക, സന്യസ്ത, ദൈവവിളി കിട്ടിയവരുടെ പ്രസക്തി ഇപ്പോഴും ഉണ്ട്. ഈ പശ്ചാത്തലത്തിൽ ജീവിക്കുന്നവർക്ക് പ്രതീക്ഷയുടെ പൊൻവെട്ടം നൽകാനും കൂടെ നടക്കാനും ഇവർക്കേ കഴിയൂ. അതിനായി ഇവർ തങ്ങളുടെ മനുഷ്യ-വിഭവശേഷി മുഴുവനായും മുൻപ് സൂചിപ്പിച്ച വിഭാഗങ്ങളുടെ ഇടയിലേക്ക് തിരിച്ചുവിടേണ്ട കാലഘട്ടമാണിത്.

ഇരുളടഞ്ഞ മനസ്സ്, നിർവികാരത, ഇടറിയ ജീവിതം, ക്രമരഹിതമായ ജീവിത ശൈലി, ജീവന് വിലകല്പിക്കാത്ത മനോഭാവം തുടങ്ങിയ അവസ്ഥകളിൽ കുടുങ്ങിക്കിടക്കുന്ന വ്യക്തികളിലേക്ക് പ്രത്യാശ പകരുന്ന ക്രിസ്തുവിന്റെ പ്രകാശമായി ദൈവവിളി സ്വീകരിച്ചവരുടെ ശുശ്രൂഷ കൂടുതലായി ഉണ്ടാകണം. പൊതുവേ, വൈവവിളി കൂടുതലായിട്ടു കാണുക ജനസാന്ദ്രത കൂടുതലുള്ള കുടുംബങ്ങളിലും സമൂഹങ്ങളിലുമാണ്. സമൃദ്ധമായി ലഭിച്ചതിൽനിന്ന് ദൈവമനുഷ്യശുശ്രൂഷയ്ക്കു കൊടുക്കാൻ അന്ന് കുടുംബങ്ങൾക്കും സമൂഹത്തിനും ഒരു മടിയും ഉണ്ടായിരുന്നില്ല. ക്ലേശിക്കുന്ന, പിന്നാക്കം നിൽക്കുന്ന ജനസമൂഹത്തെ ഉയർത്തണം എന്ന ചിന്തയും സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള തൃഷ്ണയും അതിനുവേണ്ടി മുന്നോട്ടുവരാനും ത്യാഗം സഹിക്കാനും ദൈവികപ്രേരണ ലഭിച്ചവർ സന്നദ്ധരായിരുന്നു. ഇന്ന് പക്ഷേ, അപ്രകാരം സമൂഹത്തോടും പിന്നാക്കം നിൽക്കുന്ന മനുഷ്യരോടും പക്ഷംചേരാനും അവർക്കുവേണ്ടി ജീവിക്കാനും സന്നദ്ധതയുള്ള യുവജനങ്ങൾ നന്നേ കുറവായിരിക്കുന്നു. ഇനി അപ്രകാരം ഒരു കുട്ടിക്ക് തോന്നിയാൽത്തന്നെ അതിലേക്ക് അവനെയോ അവളെയോ പ്രോത്സാഹിപ്പിക്കുന്നതിനുപകരം പിന്തിരിപ്പിക്കാൻ പരിശ്രമിക്കുന്നവരാണ് അധികവും. അതിനും പലകാരണങ്ങൾ ഉണ്ടെന്നുള്ളത് സത്യമാണ്. ഭൂമിയുടെയും അതിന്റെ ചുറ്റുപാടുകളുടെയും വലിയ തോതിലുള്ള വ്യതിയാനം ഭയവും ആശങ്കയും ഉളവാക്കുന്ന, അതിനേക്കാളും ഭീതിദമായ മാറ്റം യുവജനങ്ങളുടെ ഇടയിൽ പ്രകടമാകുന്ന, മറ്റെന്തിനേക്കാളും ജീവനും ജീവിതത്തിനും ഭയാശങ്കയുണ്ടാക്കുന്ന ഇന്നത്തെ പുതിയ പരിതസ്ഥിതിയിൽ, ഇവിടേയ്ക്കാണ് ഇനി ദൈവവിളി ലഭിക്കുന്നവർ കടന്നുവരേണ്ടതും ക്രിസ്തുവാകുന്ന പ്രത്യാശ പകരേണ്ടതും. ●



> **ഇരുളടഞ്ഞ മനസ്സ്, നിർവികാരത, ഇടറിയ ജീവിതം, ക്രമരഹിതമായ ജീവിത ശൈലി, ജീവന് വിലകല്പിക്കാത്ത മനോഭാവം തുടങ്ങിയ അവസ്ഥകളിൽ കുടുങ്ങിക്കിടക്കുന്ന വക്തികളിലേക്ക് പ്രത്യാശ പകരുന്ന ക്രിസ്തുവിന്റെ പ്രകാശമായി ദൈവവിളി സ്വീകരിച്ചവരുടെ ശുശ്രുഷ കൂടുതലായി ഉണ്ടാകണം.**







ചരിത്രപഥം

# വേളി എന്ന തീരഗ്രാമം 2

റോക്കി രാജു




## വേളി ഇടവക

Benjamin Swain Ward, Peter Eyre Conner എന്നിവരുടെ സർവ്വേ റിപ്പോർട്ടും റവ. എ. വി ലിസ്ബോവ - വികാർ ജനറൽ ഓഫ് കൊച്ചിൻ & ക്വയിലോൺ ഡയസ്സസ് അവലോകനം ചെയ്ത രേഖയും, കൂടാതെ 1823-ൽ (തിരുവിതാംകൂർ നാട്ടുസൂചിത ഭാഗം-2, പേജ് 27) വേളി പള്ളിയുടെ അറ്റകുറ്റപ്പണിക്ക് 200 രൂപ കൊടുക്കാൻ പുരയിടത്തിന്റെ കരം പള്ളിയിൽ വിളക്ക് പൈപ്പിന് ഒഴിഞ്ഞു കൊടുത്തതായി രേഖപ്പെടുത്തുന്നു. ഇവയൊക്കെ പൗരാണികമായ ഒരു ഇടവകയായിരുന്നു വേളി എന്ന ചിന്തയിലേയ്ക്കാണ് നമ്മെ നയിക്കുന്നത്.

ഇടവക എന്ന തലത്തിൽ ചിന്തിച്ചാൽത്തന്നെ ആദ്യകാലത്ത് വേളി ഇടവക എന്നത് കണ്ണാന്തുറ തെക്കേ അതിർത്തിയും കൊച്ചുതുറ വടക്കെ അതിർത്തിയായും പടിഞ്ഞാറ് അറബിക്കടലും കിഴക്കേ അതിർത്തി നിർണയിക്കപ്പെടാതെയുമായിരുന്നു. 1894 -ൽ ഫാദർ എം. പെരേര വേളി ഇടവക വികാരിയായിരുന്നതായി രേഖകളിൽ കാണുന്നു. വിശുദ്ധ തോമസിന്റെ നാമത്തിൽ ഉണ്ടായിരുന്ന പള്ളിയും വിശുദ്ധ ബർത്തലോമിയയുടെ നാമത്തിൽ ഉണ്ടായിരുന്ന കുരിശടിയും പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവിൽ പുതുക്കിപ്പണിതു. ബിസിനസുകാരനും ധനികനും ആയിരുന്ന വേളി സ്വദേശി മാനുവൽ ഡിക്രൂസിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾ കരിങ്കല്ലും തടിയും ഓടും ഉപയോഗിച്ച് വലിയ പള്ളി നിർമ്മിച്ചു. 1906 നവംബർ 17 ന് അന്തരിച്ച

മാനവൽ ഡിക്രൂസിനെ പുനർ നിർമിക്കപ്പെട്ട പള്ളിക്കുള്ളിൽ അടക്കം ചെയ്തു. ഇടവകയുടെ തൊട്ട് കിഴക്കുകൂടി ഒഴുകുന്ന പാർവ്വതി പുത്തനാറും അവിടെനിന്നും ഏതാനും മീറ്ററുകൾക്കപ്പുറമുള്ള അറബിക്കടലിന്റെ സാന്നിധ്യവും വേളിയെ ഒരു പ്രധാന വാണിജ്യ കേന്ദ്രമാക്കിയിരുന്നു. ക്രൈസ്തവ വിശ്വാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ജനസംഖ്യ വർധനവും പ്രകാരം പുതിയ ഇടവകകളുടെ രൂപീകരണത്തോടെ ആദ്യം വെട്ടുകാട് ഇടവകയും പിന്നീട് പള്ളിത്തുറ ഇടവകയും ഒടുവിൽ കൊച്ചുവേളി ഇടവകയും പുതുതായി രൂപീകൃതമായി. അങ്ങനെ വേളിയുടെ അതിർത്തി കിഴക്ക് വേളി മലയും കരിമണൽ പ്രദേശവും തെക്കുപടിഞ്ഞാറു വേളി ടൂറിസ്റ്റ് വില്ലേജും അറേബ്യൻ കടലും വടക്ക് ഇന്ത്യൻ സ്പേസ് റിസർച് ഓർഗനൈസേഷനും (ഐഎസ്ആർഓ) അതിരുകൾ പങ്കിടുന്ന വിധത്തിൽ വേളി ഇന്നത്തെ നിലയിലേക്ക് ചുരുങ്ങിവന്നു.

ഭരണപരമായി കൊല്ലം രൂപതയുടെ കീഴിൽ ആയിരുന്ന ഈ പ്രദേശം, 1886-ൽ പരിശുദ്ധ സിംഹാസനവും പോർച്ചുഗീസ് രാജാവുമായി ഉണ്ടാക്കിയ "പാദ്രവാദോ" ഉടമ്പടിയെ തുടർന്ന് കൊച്ചി രൂപത പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ അതിന്റെ ഭാഗമായി. 1937-ൽ തിരുവനന്തപുരം രൂപത രൂപീകരിക്കപ്പെട്ടുവെങ്കിലും 1953 -ൽ "പാദ്രവാദോ" നിയമം പിൻവലിക്കപ്പെടുംവരെ ഈ പ്രദേശങ്ങൾ പോർച്ചുഗീസ് മിഷനു കീഴിൽതന്നെ കൊച്ചിൻ രൂപതയുടെ ഭാഗമായി തുടരുവാൻ നിർബന്ധിതമായി. ഇവിടത്തെ ആദിമ ക്രൈസ്തവർ വി. ബർത്തലോമിയായിൽനിന്നും സ്നാനം സ്വീകരിച്ചവരാണെന്നു കരുതപ്പെടുന്നു. നഗരവുമായി ബന്ധപ്പെടുവാൻ ആദ്യകാലത്ത് വേളി കായലിലെ കടത്ത് വള്ളത്തെ ആശ്രയിച്ചിരുന്നു. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാന മന്ത്രി ആയിരുന്നപ്പോൾ 1968- ൽ യു എൻ പ്രതിനിധികൾ ബഹിരാകാശ ഗവേഷണകേന്ദ്രം സന്ദർശിക്കാൻ എത്തുന്നതിന് മുന്നോടിയായി വളരെ ദ്രുതഗതിയിൽ കുറഞ്ഞ സമയത്തിനുള്ളിൽ വേളി കായലിനു കുറുകെ പാലം നിർമ്മിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തതോടെ റോഡ് ഗതാഗതം സുഗമമായി.



പുരാതന ഗ്രീക്ക് ശില്പ മാതൃകയിൽ കൊത്തുപണികളും മകുടങ്ങളുമുള്ള വെട്ടുകല്ലിൽ ഭിത്തി തീർത്ത് ഓലമേഞ്ഞ മേൽക്കൂരയോടുകൂടിയതായിരുന്നു വേളിയിലെ ആദ്യത്തെ ദേവാലയം. പ്രകൃതിദത്ത നിറക്കൂട്ടുപയോഗിച്ച് ക്യാൻവാസിൽ ഇരുപത്തിയൊന്ന് അടി വീതിയിൽ അന്ത്യത്താഴത്തിന്റെ ഒരു പെയിന്റിംഗും ഏകദേശം ഏഴ് അടി വീതിയിൽ വ്യാകുല മാതാവിന്റെയും ഞാങ്ങണയും മുൾക്കിരീടവും ധരിച്ച ക്രിസ്തുവിന്റെയും ഓരോ പെയിന്റിംഗുകളും ഉണ്ടായിരുന്നു. വേളി പള്ളിക്ക് ആദേശം മുഴുവനുമുള്ളവർക്ക് ആദ്യകുർബ്ബാന നൽകുവാനുള്ള അധികാരം ഉണ്ടായിരുന്നതായി ചരിത്രമുണ്ട്. ഓലമേഞ്ഞ പഴയ പള്ളിമേടയും അതിൽ സൂക്ഷിച്ചിരുന്ന രജിസ്റ്ററുകളും പല പൗരാണിക രേഖകളും അഗ്നിക്കിരയായത് വേളിയുടെ ചരിത്രത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് എത്തിച്ചേരുവാൻ തടസമായി. പള്ളിയോടു\ചേർന്ന് കരിങ്കല്ലിൽ തീർത്ത ഒരു കിണറും അതിന് സമീപത്തായി വെട്ടുകല്ലിൽതീർത്ത ഓലമേഞ്ഞ ഒരു പള്ളിക്കൂടവും ഉണ്ടായിരുന്നു. ഇന്നത്തെ കരിങ്കല്ലിൽതീർത്ത സെൻറ് തോമസ് എൽ പി സ്കൂൾ നിർമ്മിക്കപ്പെട്ടതോടുകൂടി പഴയ സ്കൂൾ ജീർണതയിലായി. വേളിയിലെ ആദ്യത്തെ നഴ്സറി ആരംഭിച്ചത് കൽപ്പടവിന് സമീപത്തായി ഉണ്ടായിരുന്ന പള്ളിക്കെട്ടിടത്തിൽ ആയിരുന്നു. കെട്ടിടം പൊളിച്ചതിനെത്തുടർന്ന് വാടകകെട്ടിടത്തിലും പിന്നീട് ഫാത്തിമ മാത മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ പള്ളി അനുവദിച്ച സ്ഥലത്ത് നഴ്സറിക്കായി കഴക്കൂട്ടം ബ്ലോക്കോഫീസിന്റെ സഹായത്തോടെ സ്വന്തമായി ഒരു കെട്ടിടം പണിയുകയായിരുന്നു.



ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ വിനോദസഞ്ചാര പ്രദേശമായ വേളിയിൽ വിശ്രമത്തിനായെത്തിയ ഡോ. മാനുവലിന് വിശുദ്ധ അന്തോനീസിന്റെ ദർശനം ഉണ്ടാവുകയും വിശുദ്ധന്റെ തിരുസ്വരൂപം (വേളി പള്ളിയിൽ ഇന്ന് രൂപക്കൂട്ടിൽ വച്ചിരിക്കുന്ന ചെറിയ രൂപം) അദ്ദേഹം വേളിയിൽ സ്ഥാപിക്കുകയും ചെയ്തു. വി. അന്തോനീസിന്റെ തിരുസ്വരൂപം സ്ഥാപിച്ചതോടുകൂടി വേളി, വിശുദ്ധന്റെ പേരിലുള്ള തെക്കേ ഇന്ത്യയിലെ ആദ്യത്തെ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായി മാറി. തുടർന്ന് എല്ലാ വർഷവും കുംഭമാസം രണ്ടാം ഞായറാഴ്ച




വിശുദ്ധ അന്തോനീസിന്റെ തിരുനാൾ (ചരിത്ര പ്രസിദ്ധമായ കുംഭ പെരുന്നാൾ) നടത്തിവരുന്നു. കുംഭമാസത്തിലെ കമ്പം എന്ന് വിളിക്കുന്ന പ്രശസ്തമായ കരിമരുന്ന പ്രയോഗം ഈ തിരുനാളിനോടനു ബന്ധിച്ചാണ് നടത്തിയിരുന്നത്. അന്ന് റോഡ് ഗതാഗതം തീരെ കുറവായിരുന്നതിനാൽ ജല ഗതാഗതത്തെയാണ് മുഖ്യമായും ആശ്രയിച്ചിരുന്നത്. കൊച്ചിയേയും തിരുവനന്തപുരത്തേയും ബന്ധിപ്പിക്കുന്ന ജലഗതാഗത പാതയായ പാർവതി പുത്തനാർ വേളിയിലൂടെ കടന്നു പോകുന്നതിനാൽ തീർത്ഥാടകരും കച്ചവടക്കാരും റോഡ് ഗതാഗതം വരുന്നതുവരെ പ്രധാന ഗതാഗതമാർഗ്ഗമായി ഇതിനെ ആശ്രയിച്ചിരുന്നു. തിരുനാളിനോടനുബന്ധിച്ച് ഈ പ്രദേശം പ്രധാന കച്ചവട സ്ഥലമായും കണക്കാക്കപ്പെട്ടു . മുങ്ങോട് തിരുനാൾ കഴിഞ്ഞാൽ കച്ചവടക്കാർ പാർവ്വതി പുത്തനാർ വഴി വേളിയിലെത്തി ഇവിടത്തെ തിരുനാളും കഴിഞ്ഞേ സ്വദേശങ്ങളിലേക്കു മടങ്ങുകയുള്ളൂ. പാർവ്വതി പുത്തനാറിൽനിന്നും കൽപ്പടവുകൾ കയറിയാണ് വേളി പള്ളിയിലേക്കെത്താൻ. അതിനാൽതന്നെ വിശുദ്ധന്റെ തിരുനാൾ കൽപ്പടവ് തിരുനാൾ എന്നും അറിയപ്പെട്ടിരുന്നു.

ഓട്ടുവിളക്ക്, ഉപ്പ്, കുരുമുളക്, ഉണ്ണിയപ്പം, പാളയും കയറും, മെഴുകതിരി, വെള്ളി, സ്വർണം എന്നിവയായിരുന്നു വിശുദ്ധന്റെ കുരിശടിയിൽ നേർച്ചകാഴ്ച്ചയായി വന്ന പ്രധാനമായവ. കവടിയാർ കൊട്ടാരത്തിൽനിന്നും ഒരു തങ്കമാലയും കിരീടവും വിശുദ്ധന്റെ തിരുസ്വരൂപത്തിൽ ചാർത്താൻ കാണിക്കയായി ലഭിച്ചിരുന്നതായും തിരുവേളിയിലെ വിശുദ്ധ അന്തോനീസിനെ പ്രകീർത്തിച്ചുകൊണ്ട് തോറ്റം പാട്ടുമായി തമിഴ്നാട്ടിൽനിന്നും തീർഥാടകർ പള്ളിയങ്കണത്തിൽ എത്തിയിരുന്നതായും വാമൊഴിയായി ചരിത്രമുണ്ട്.

ഫാദർ അലോഷ്യസ് നസ്രത്ത് വേളി ഇടവക വികാരി ആയിരുന്ന അവസരത്തിൽ 1964-ൽ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ നാമധേയത്തിൽ ചെറിയ പള്ളിയും സെമിത്തേരിയും നിർമിച്ചു. എല്ലാ ഞായറാഴ്ചകളിലും തിങ്കളാഴ്ചയും തിരുക്കർമ്മങ്ങൾ നടത്തിവരുന്ന ഈ ദേവാലയത്തിൽ എല്ലാ വർഷവും ഡിസംബർ മാസത്തിൽ ആദ്യ ഞായറാഴ്ച വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ ആഘോഷപൂർവ്വം നടത്തപ്പെടുന്നു. ഈ ദേവാലയത്തോടനുബന്ധിച്ച് പിന്നീട് മാതാവിന്റെ ഒരു കുരിശടിയും സ്ഥാപിക്കപ്പെട്ടു.

1975-78 കാലയളവിൽ പള്ളിയുടെ അൾത്താരഭാഗം ഇടിച്ച് വീതിയും നീളവും കൂട്ടുകയുണ്ടായി.1984-89 കാലയളവിൽ പുതിയ പള്ളിമേടയും കമ്മ്യൂണിറ്റി ഹാളും അനിമേഷൻ സെന്ററും നിർമ്മിക്കപ്പെട്ടു.1998-ൽ വി.അന്തോനീസിന്റെ പഴയ കുരിശടി പൊളിച്ചുനീക്കി തൽസ്ഥാനത്ത് പുതിയ കുരിശടി നിർമ്മിച്ച് ആർച്ച് ബിഷപ്പ് ഡോ.സുസൈപാക്യത്തിന്റ കാർമികത്വത്തിൽ 12.02.1999-ൽ പൊതുജന വണക്കത്തിനായി സമർപ്പിച്ചു. 2005-ൽ പള്ളിയുടെ മുൻഭാഗത്തായി മണിഗോപുരം പണിയുകയും 2007-ൽ സെമിത്തേരി പൂർണമായും നീക്കം ചെയ്യുകയും ഓടിട്ട് പണിയുകയും ചെയ്തു. പള്ളിയുടെ മെയ്ന്റനൻസ് നടത്തുന്നതിനുള്ള ധന സമാഹരണത്തിനായി ഇടവക വികാരിയായിരുന്ന ഫാദർ ക്ലീറ്റസ് ഗോമസിന്റെ നേതൃത്വത്തിൽ ഇടവക കമ്മിറ്റി പ്രതിനിധികൾ ഇടവകാംഗങ്ങളായ പ്രവാസികളെ കാണുവാൻ യു .എ.ഇ-ൽ എത്തുകയും അവരുമായുള്ള കൂടിക്കാഴ്ചയിൽ പുതിയ ദേവാലയ നിർമ്മാണം എന്ന ആശയം ഉരുത്തിരിയുകയും അങ്ങനെ പുതിയ ദേവാലയം നിർമ്മിക്കുവാനുള്ള തീരുമാനത്തിൽ ഇടവക എത്തിച്ചേരുകയും ചെയ്തു.. തുടർന്ന് 25.03.2008-ൽ ആർച്ച് ബിഷപ് സുസൈപാക്യം പുതിയ ദേവാലയ നിർമ്മാണത്തിനുള്ള അടിസ്ഥാന ശില വെഞ്ചരിച്ച് നൽകിക്കൊണ്ട് ദേവാലയ നിർമ്മാണത്തിന് ഔദ്യോഗിക തുടക്കം കുറിച്ചു. 28.12.2008-ൽ ഇടവക വികാരി ആയിരുന്ന ഫാദർ ചാൾസ് ലിയോൺ അടിസ്ഥാനശില സ്ഥാപിച്ചുകൊണ്ട് ദേവാലയ നിർമ്മാണം ആരംഭിച്ചു. 05.09.2010- ൽ ഇറ്റാലിയൻ ബിഷപ്പ് ഡഗ്ലസ് റിഗാത്തി വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പ് വേളിയിൽ സ്ഥാപിച്ചു. പുതിയ ദേവാലയത്തിന്റെ ഒന്നാം ഘട്ടവും പള്ളിമേടയും 26.08.2011-ൽ അഭിവന്ദ്യ ബിഷപ്പ് സുസൈപാക്യം വെഞ്ചരിച്ചു ജനങ്ങൾക്കായ് സമർപ്പിച്ചു. തുടർന്ന് വേളി ഇടവക വികാരിയായി ചുമതലയേറ്റ ഫാദർ ആന്റണി എൽ കപ്പൂച്ചിന്റെ നേതൃത്വത്തിൽ ദേവാലയ നിർമ്മാണം പൂർത്തിയാക്കി. 2014 ഡിസംബർ 28-ന് ഡോ.സുസൈപാക്യം പുതിയ ദേവാലയം ജനങ്ങൾക്ക് ആരാധനക്കായി തുറന്നു കൊടുത്തു..

ആദ്യകാലങ്ങളിൽ തമിഴ് പ്രാർത്ഥന പുസ്തകങ്ങളാണ് നിലവിലുണ്ടായിരുന്നത്. 1970 കളിൽപോലും ലാറ്റിൻ ഭാഷയിൽ ആണ് ദിവ്യബലി അർപ്പിച്ചിരുന്നത്. വൈദികൻ, കപ്പിയാർ(കണക്കൻ), മൂസ്ക്ക് എന്നിവരായിരുന്നു ഇടവകയിലെ ആധ്യാത്മിക കാര്യങ്ങളിലെ പ്രധാനികൾ. മൂസ്ക്ക് ലാറ്റിൻ ഭാഷയിൽ വൈദഗ്ധ്യമുള്ള ആളായിരുന്നു. വൈദികൻ ലാറ്റിൻ ഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ അതേ ഭാഷയിൽ അത് ഏറ്റുചൊല്ലിയിരുന്നത് മൂസ്ക്ക് ആയിരുന്നു.

വേളി ഇടവകയിൽ നിന്നുമുള്ള പ്രഥമ വൈദികൻ ഫാ. ആന്റണി. എൽ കപ്പൂച്ചിൻ ആണ്. ഫാ. ജിപ്സൺ സിൽവേരി, ഫാ. ഡീജോ പത്രോസ്, ഫാ.സുമേഷ് ജെറാർഡ്, ഫാദർ റോൺസൺ എലിസ്സാൻ എന്നിവരാണ് മറ്റു വൈദികർ. സിസ്റ്റർ ഡയോജിനസ്, സിസ്റ്റർ മരിയ തോമസീന, സിസ്റ്റർ ബിന്ദു, സിസ്റ്റർ ലിസ്ബിന, സിസ്റ്റർ ലൈല അലക്സ്, സിസ്റ്റർ സ്മിനി ന്യൂട്ടൺ, സിസ്റ്റർ സജിന ജോസഫ്, സിസ്റ്റർ ഡെൻസി ആന്റണി എന്നിവരാണ് ഇടവകാംഗങ്ങളായ സന്യാസിനികൾ.

●

# അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങള

## അഞ്ചുതെങ്ങ് ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | അഞ്ചുതെങ്ങ് | 62 | 2067 | 8504 |
| 2 | അരയതുരുത്തി | 12 | 285 | 1200 |
| 3 | ആറ്റിങ്ങൽ | 3 | 128 | 228 |
| 4 | അയിരൂർ | 11 | 350 | 2000 |
| 5 | മാമ്പള്ളി | 31 | 1007 | 3015 |
| 6 | മൂങ്ങോട് | 14 | 550 | 1467 |
| 7 | പൂത്തുറ | 19 | 513 | 1605 |
| 8 | താഴമ്പള്ളി | 14 | 514 | 1588 |
| 9 | വെണ്ണിക്കോട് | 7 | 170 | 392 |
| 10 | ചമ്പാവ് | 16 | 409 | 1379 |
| 11 | വർക്കല | 1 | 18 | 60 |
| ആകെ | | 190 | 6011 | 21438 |

## പുതുക്കുറിച്ചി ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ഫാത്തിമപുരം | 9 | 197 | 788 |
| 2 | കൊച്ചുതുറ | 6 | 144 | 329 |
| 3 | മര്യനാട് | 60 | 1950 | 8775 |
| 4 | പള്ളിത്തുറ | 36 | 1017 | 3885 |
| 5 | പുത്തൻതോപ്പ് | 24 | 1095 | 3195 |
| 6 | പുതുക്കുറിച്ചി | 37 | 1255 | 4030 |
| 7 | ശാന്തിപുരം | 18 | 490 | 1640 |
| 8 | സെന്റ് ആൻഡ്രൂസ് | 13 | 567 | 1396 |
| 9 | സെന്റ് ഡൊമിനിക് | 10 | 377 | 1111 |
| 10 | തുമ്പ | 27 | 980 | 3315 |
| 11 | വെട്ടുതുറ | 24 | 580 | 2300 |
| ആകെ | | 264 | 8652 | 30764 |

## വട്ടിയൂർക്കാവ് ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ക്രിസ്തുരാജപുരം | 6 | 232 | 391 |
| 2 | കാഞ്ഞിരംപാറ | 4 | 97 | 311 |
| 3 | കുടപ്പനക്കുന്ന് | 7 | 206 | 580 |
| 4 | മലമുകൾ | 4 | 117 | 331 |
| 5 | വട്ടിയൂർക്കാവ് | 6 | 126 | 456 |
| 6 | പേരൂർക്കട | 8 | 275 | 840 |
| 7 | വെള്ളയമ്പലം | 12 | 459 | 1447 |
| 8 | കാച്ചാണി | 3 | 52 | 155 |
| 9 | കുലശേഖരം | 6 | 158 | 420 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ | | 56 | 1722 | 4931 |

## തൂത്തൂർ ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ചിന്നത്തുറൈ | 46 | 1881 | 7643 |
| 2 | ഇരവിപുത്തൻതുറൈ | 31 | 1231 | 3879 |
| 3 | ഇരയുമൻതുറൈ | 19 | 568 | 1936 |
| 4 | മാർത്താണ്ഡൻതുറൈ | 50 | 1362 | 4665 |
| 5 | നീരോടി | 48 | 1658 | 5695 |
| 6 | പൂത്തുറൈ | 38 | 1229 | 4319 |
| 7 | തൂത്തൂർ | 49 | 1792 | 5725 |
| 8 | വള്ളവിളൈ | 73 | 2245 | 7055 |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| ആകെ | | 354 | 11966 | 40917 |

## പുല്ലുവിള ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | അടിമലത്തുറ | 60 | 2003 | 6825 |
| 2 | കരുംകുളം | 33 | 1043 | 5365 |
| 3 | കൊച്ചുപള്ളി | 5 | 107 | 305 |
| 4 | കൊച്ചുതുറ | 19 | 408 | 1305 |
| 5 | ലൂർദുപുരം | 12 | 430 | 1450 |
| 6 | നമ്പ്യാതി | 7 | 183 | 560 |
| 7 | പള്ളം | 21 | 672 | 1885 |
| 8 | പരുത്തിയൂർ | 64 | 2175 | 10640 |
| 9 | പൂവാർ | 44 | 1557 | 4924 |
| 10 | പുല്ലുവിള | 121 | 3428 | 13159 |
| 11 | പുതിയതുറ | 82 | 2423 | 8261 |
| 12 | സൗത്ത് കൊല്ലങ്കോട് | 60 | 1825 | 6280 |
| 13 | ചൊവ്വര | 3 | 78 | 160 |
| 14 | കരിച്ചൽ | 3 | 85 | 150 |
| 15 | വെള്ളലുമ്പ് | 2 | 46 | 119 |
| ആകെ | | 536 | 16463 | 61388 |

## പേട്ട ഫെറോന

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | കുമാരപുരം | 8 | 204 | 585 |
| 2 | മൺവിള | 5 | 121 | 380 |
| 3 | മുട്ടട | 21 | 615 | 1820 |
| 4 | പേട്ട | 21 | 901 | 3461 |
| 5 | പോങ്ങുംമൂട് | 9 | 237 | 694 |
| 6 | ശ്രീകാര്യം | 4 | 126 | 390 |
| 7 | വികാസ് നഗർ | 4 | 90 | 287 |
| 8 | ആനയറ | 2 | 70 | 266 |
| 9 | ചെറുവക്കൽ | 3 | 86 | 257 |
| 10 | കാരാളി | 1 | 45 | 159 |
| 11 | കുന്നിൻപുറം | 4 | 147 | 384 |
| 12 | കുശവർക്കൽ | 3 | 70 | 191 |
| 13 | പുല്ലുകാട് | 1 | 18 | 48 |
| 14 | പുഷ്പഗിരി | 4 | 119 | 333 |
| 15 | | | | |
| ആകെ | | 90 | 2849 | 9255 |

# ുടെ സ്ഥിതിവിവര കണക്കുകൾ 2025

**വലിയതുറ ഫൊറോന**

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ചെറിയതുറ | 21 | 625 | 1932 |
| 2 | ചെറുവെട്ടുകാട് | 6 | 95 | 310 |
| 3 | കണ്ണാന്തുറ | 31 | 1297 | 4018 |
| 4 | കൊച്ചുതോപ്പ് | 36 | 931 | 3018 |
| 5 | കൊച്ചുവേളി | 22 | 968 | 5738 |
| 6 | സെന്റ് ആന്റണീസ് | 72 | 2271 | 7274 |
| 7 | സെന്റ് സേവ്യേഴ്സ് | 13 | 373 | 1340 |
| 8 | തോപ്പ് | 17 | 592 | 2200 |
| 9 | വലിയവേളി | 32 | 1376 | 3113 |
| 10 | വെട്ടുകാട് | 45 | 1924 | 7896 |
| | | | | |
| ആകെ | | 295 | 10452 | 36839 |

**പാളയം ഫൊറോന**

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | കിള്ളിപ്പാലം | 5 | 144 | 434 |
| 2 | മണക്കാട് | 6 | 113 | 449 |
| 3 | മുടവൻമുഗൾ | 5 | 144 | 720 |
| 4 | നന്തൻകോട് | 6 | 240 | 754 |
| 5 | പാളയം | 47 | 1618 | 5391 |
| 6 | പുന്നയ്ക്കാമുഗൾ | 3 | 53 | 167 |
| 7 | പൂഴിക്കുന്ന് | 11 | 254 | 696 |
| 8 | തൃക്കണ്ണാപുരം | 5 | 155 | 612 |
| 9 | തൈക്കാട് | 6 | 170 | 600 |
| 10 | കുറവൻകോണം | 2 | 54 | 167 |
| | | | | |
| ആകെ | | 96 | 2945 | 9990 |

**കോവളം ഫൊറോന**

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ആഴാകുളം | 5 | 98 | 326 |
| 2 | കാരയ്ക്കമണ്ഡപം | 7 | 131 | 433 |
| 3 | പാലപ്പൂര് | 8 | 260 | 791 |
| 4 | പെരിങ്ങമ്മല | 10 | 231 | 770 |
| 5 | പൂന്തുറ | 105 | 4458 | 17852 |
| 6 | വിഴിഞ്ഞം | 161 | 4338 | 23262 |
| 7 | കാക്കാമൂല | 5 | 110 | 310 |
| 8 | പരുത്തിക്കുഴി | 3 | 64 | 205 |
| 9 | ഇടയാർ | 2 | 20 | 104 |
| 10 | നെല്ലിയോട് | 4 | 70 | 350 |
| 11 | പൊന്നുമംഗലം | 4 | 54 | 181 |
| 12 | പൂങ്കുളം | 3 | 88 | 436 |
| 13 | വവ്വാമൂല | 5 | 106 | 200 |
| 14 | പുന്നമൂട് | 3 | 74 | 252 |
| ആകെ | | 325 | 10102 | 45472 |

**കഴക്കൂട്ടം ഫൊറോന**

| ക്രമ നം. | ഇടവക | യൂണിറ്റുകൾ | കുടുംബങ്ങൾ | ജനസംഖ്യ |
|---|---|---|---|---|
| 1 | ഫാത്തിമ കഴക്കൂട്ടം | 11 | 238 | 769 |
| 2 | കൊയ്ത്തൂർകോണം | 5 | 123 | 480 |
| 3 | മുരുക്കുംപുഴ | 14 | 400 | 1600 |
| 4 | സെന്റ് ജോസഫ്സ് കഴക്കൂട്ടം | 5 | 143 | 532 |
| 5 | കാര്യവട്ടം | 5 | 114 | 390 |
| 6 | തുണ്ടത്തിൽ | 7 | 140 | 440 |
| 7 | ഞാണ്ടൂർകോണം | 6 | 228 | 405 |
| 8 | ആവുകുളം | 1 | 27 | 100 |
| 9 | ചെങ്കോട്ടുകോണം | 1 | 14 | 35 |
| 10 | മങ്കാട്ടുകോണം | 2 | 49 | 170 |
| 11 | സി.ആർ.പി.എഫ്. | 1 | 8 | 25 |
| 12 | കോലിയകോട് | 1 | 23 | 92 |
| 13 | മംഗലപുരം | 1 | 14 | 54 |
| 14 | പോത്തൻകോട് | 1 | 16 | 30 |
| ആകെ | | 61 | 1537 | 5122 |

**സ്ഥിതിവിവര കണക്കുകൾ ഒറ്റനോട്ടത്തിൽ**

| ക്രമ നം. | ഫൊറോനകൾ | ഇടവകകൾ | സബ്സ്റ്റേഷനുകൾ | യൂണിറ്റുകൾ | കുടുംബങ്ങൾ | ആകെ ജനസംഖ്യ |
|---|---|---|---|---|---|---|
| 1 | അഞ്ചുതെങ്ങ് | 10 | 1 | 190 | 6011 | 21438 |
| 2 | പുതുക്കുറിച്ചി | 11 | 0 | 264 | 8652 | 30764 |
| 3 | വലിയതുറ | 10 | 0 | 295 | 10452 | 36839 |
| 4 | പാളയം | 9 | 1 | 96 | 2945 | 9990 |
| 5 | വട്ടിയൂർകാവ് | 8 | 0 | 56 | 1722 | 4931 |
| 6 | തൂത്തൂർ | 8 | 0 | 354 | 11966 | 40917 |
| 7 | കോവളം | 8 | 6 | 325 | 10102 | 45472 |
| 8 | കഴക്കൂട്ടം | 7 | 7 | 61 | 1537 | 5122 |
| 9 | പുല്ലുവിള | 12 | 3 | 536 | 16463 | 61388 |
| 10 | പേട്ട | 7 | 8 | 90 | 2849 | 9255 |
| ആകെ | | 91 | 26 | 2267 | 72699 | 266116 |

തയ്യാറാക്കിയത്: **ഫാ. ഡാനിയേൽ ആർ.**
എക്സിക്യൂട്ടീവ് സെക്രട്ടറി, ബിസിസി കമ്മിഷൻ
തിരുവനന്തപുരം അതിരൂപത

ലേഖനം

# അൽമായരുടെ ഉയിർത്തെഴുന്നേൽപ്പ്

ഡോ.ഐറിസ്





സഭ പിറവികൊണ്ടത് കുരിശിന്റെ അരികു ജീവിതങ്ങളിലായിരുന്നു; എത്രയോപേർ കുരിശിലേറ്റപ്പെട്ടതായി കണ്ട ഇടങ്ങളിൽ തന്നെ. ദരിദ്രരെ തള്ളിക്കളയുകയാണെങ്കിൽ സഭ, യേശുവിന്റെ സഭയല്ലാതായിത്തീരും. ഭൂമിശാസ്ത്രപരമായും അസ്തിത്വപരമായും അരികുകളിൽപ്പെട്ടിരിക്കുന്നിടത്തേക്ക് ചെന്നെത്തുന്ന ഒരേ ഒരു പാത മനുഷ്യാവതാരത്തിന്റേതായ മാർഗ്ഗമാണ്. സമൂഹത്തിന്റെ അരികുകളിൽ ജീവിക്കേണ്ടിവരുന്നവർക്കിടയിൽ നിരവധി സാമൂഹിക മുന്നേറ്റങ്ങൾ ഞാൻ കണ്ടെത്തിയിട്ടുണ്ട്. അവർ തങ്ങളെ ഒരുമിപ്പിച്ചുകൂട്ടുന്ന ഇടങ്ങളിൽ വേരുകളാഴ്ത്തിക്കൊണ്ട് തങ്ങളുടേതായ ചരിത്രവഴികളുടെ വക്താക്കളായി മാറുകയും മനുഷ്യാന്തസ്സിന്റെ കരുത്തിൽ ഊർജ്ജം പ്രസരിപ്പിച്ചുകൊണ്ട് മുന്നേറുകയാണ്. തങ്ങൾ ആയിരിക്കുന്ന അവസ്ഥയെ നിരാകരിക്കാതെ, തങ്ങൾ നേരിടുന്ന അനീതിയെ പുത്തൻ സാധ്യതകളായി പരിവർത്തിപ്പിക്കാൻ ഒരുമയോടെ വന്നെത്തുന്ന അവരെ ഞാൻ 'സാമൂഹിക ജീവികൾ' എന്ന് വിളിക്കുന്നു. മാറ്റത്തിനും മനുഷ്യാന്തസ്സ് വീണ്ടെടുക്കാനുമുള്ള അവരുടെ ശ്രമം ജനശക്തിയെ പുനഃരുജ്ജീവിപ്പിക്കും.

## കനവുകാണാം നമുക്ക് (2037)

സഭയുടെ ഭാഗമാകുന്ന ജനങ്ങളുടെ കൂട്ടായ്മകളെക്കുറിച്ച്, പ്രത്യേകിച്ചും വ്യാപാരങ്ങൾ നിയന്ത്രിക്കുന്ന സമ്പദ്‌വ്യസ്ഥയുടെ ഓരങ്ങളിൽ കുടിപാർക്കുന്ന ദുർബ്ബല - പിന്നാക്ക വിഭാഗങ്ങളെ ഒരുമിപ്പിക്കുന്ന ജനകീയ സമിതികളെക്കുറിച്ച് ഫ്രാൻസിസ് പാപ്പ നല്കുന്ന പാഠങ്ങൾ സാമ്പ്രദായിക വീക്ഷണങ്ങളുടെ വരേണ്യ സ്വഭാവത്തെ നിരാകരിക്കുന്നതാണ്.

ഭാരതത്തിലെ പിന്നാക്ക - ന്യൂനപക്ഷ വിഭാഗമായി അടയാളപ്പെട്ടിരിക്കുന്ന, കേരളത്തിൽത്തന്നെ, കടലതിർത്തികളിൽ കൂട്ടമായി ജീവിച്ച് പരമ്പരാഗത തൊഴിലുകളുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാധ്യതകളിൽ വിലപേശാൻ മാത്രമുള്ള ശക്തീകരണം ഇനിയും കൂടുതലായി കൈവരേണ്ടിയിരിക്കുന്ന സഭാ വിശ്വാസികളുടെ അതിജീവനത്തിനായി പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും വികേന്ദ്രീകൃതവുമായിത്തീരേണ്ടതെങ്ങനെ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

1937 ജൂലൈ ഒന്നിന് പിറവി കൊള്ളുകയും 2004 ജൂൺ പതിനേഴിന് അതിരൂപതയായി ഉയർത്തപ്പെടുകയും ചെയ്ത തിരുവന

ന്തപുരം ലത്തീൻ സഭയുടെ എഴുപത്തഞ്ചാം ജൂബിലിവർഷമായ 2012 ലാണ് വിവിധ ശുശ്രൂഷകൾക്കൊപ്പം ലെയ്റ്റി മിനിസ്ട്രിയും, പ്രവർത്തനസജ്ജമായത്. 2037 ലെ ശതാബ്ദി ആചരണത്തിന് കേവലം ഒരു വ്യാഴവട്ടക്കാലം മാത്രം മുന്നിലുള്ളപ്പോൾ ഈ ജനപ്രാതിനിധ്യ വികേന്ദ്രീകൃത ശുശ്രൂഷാ സംവിധാനങ്ങൾ തീരജനതയുടെ ശക്തീകരണത്തിനും മെച്ചപ്പെട്ട സാമൂഹിക രാഷ്ട്രീയതലങ്ങളിലേക്ക് വളർന്നെത്താനും കരുത്ത് കാട്ടുമോ എന്ന പ്രധാന ചിന്തയ്ക്ക് സമവായ - വികേന്ദ്രീകൃത ശൈലികൾ സജ്ജമാകേണ്ടതുണ്ട്.

'സഭ ജനത്തിനുവേണ്ടി' എന്ന മുൻ സമ്പ്രദായിക ചിന്തയിൽ നിന്ന് 'ജനത്തിന്റെസഭ' എന്ന നവീകരിക്കപ്പെട്ട ദർശനത്തെ സഫലമാക്കിത്തീർക്കുക എന്നതാണ് ലെയ്റ്റി മിനിസ്ട്രിയുടെ ദൗത്യമായി തിരിച്ചറിയേണ്ടത്. സഭയുടെ അംഗങ്ങളായിരിക്കുന്ന ജനങ്ങളുടെ സഭാപരമായ അസ്തിത്വത്തെയും ഒരു ന്യൂനപക്ഷ പിന്നാക്ക - പരമ്പരാഗത സമൂഹമെന്ന രാഷ്ട്രീയാസ്തിത്വത്തെയും ഏകോപിപ്പിക്കുകയും സമകാലികമായ സാമൂഹിക - രാഷ്ട്രീയ അന്തരീക്ഷത്തിൽ ഈ സമൂഹത്തിന്റെ ശക്തീകരണത്തിനും പ്രാതിനിധ്യത്തിനും അനുയോജ്യമായ നയരൂപീകരണവും പ്രവർത്തനശൈലിയും സാധ്യമാക്കുക എന്ന വലിയൊരു ഉത്തരവാദിത്തമാണ് സഭയിലെ ഏറ്റവും ജനകീയമായ ഈ ശുശ്രൂഷാസമിതിക്കുള്ളത്.



നിലവിൽ ലെയ്റ്റി മിനിസ്ട്രിയുടെ പ്രവർത്തനങ്ങളിൽ താഴെ ചേർക്കുന്ന സമിതികളാണുള്ളത്. സഭ മുൻകൈയെടുത്ത് രൂപപ്പെടുത്തിയ കെ.എൽ.സി.എ. (കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ), കെ.എൽ.സി.ഡബ്ല്യു.എ (കേരളാ ലാറ്റിൻ കാത്തലിക് വിമെൻസ് അസോസിയേഷൻ, ഡി.സി.എം. (ദളിത് ക്രിസ്ത്യൻ മൂവ്മെന്റ്), സി.എസ്.എസ് (ക്രിസ്ത്യൻ സർവ്വീസ് സൊസൈറ്റി), ആംഗ്ലോ ഇന്ത്യൻ ഫോറം, രാഷ്ട്രീയ കാര്യ കമ്മിഷൻ എന്നീ ജന പ്രാതിനിധ്യ കൂട്ടായ്മകളും ഇവയുടെ സംസ്ഥാനതല പ്രാതിനിധ്യ കൂട്ടായ്മയായ കെ.ആർ.എൽ. സി.സി.യും (കേരള റീജിണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ) സമുദായത്തിന്റെ ശക്തീകരണത്തിനും രാഷ്ട്രീയപ്രാതിനിധ്യത്തിനുമുള്ള നയങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കൊപ്പം വിവിധ രംഗങ്ങളിൽ നിന്നുള്ള - അധ്യാപകർ, അഭിഭാഷകർ വൈദ്യരംഗത്തെയും സാങ്കേതിക രംഗത്തെയും പ്രൊഫഷണലുകൾ, സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥർ തുടങ്ങി - മെച്ചപ്പെട്ട ജീവിതാവസ്ഥകളിൽ എത്തപ്പെട്ടവരുടെ കൂട്ടായ്മകളും ലീജൻ ഓഫ് മേരി, സെയ്ന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ സഭ, കർമ്മലീത്താ സഭ തുടങ്ങിയ ഭക്തസംഘടനകളും ഏകോപിപ്പിച്ചിരിക്കുന്നു.

ലെയ്റ്റി മിനിസ്ട്രിയുടെ കീഴിൽ നിലവിലുള്ളതും മുൻപ് പരാമർശിച്ചതുമായ വിവിധ ജനകീയ സമിതികളുടെ ശക്തീകരണ പ്രവർത്തനങ്ങൾ ചരിത്രപരമായി സമുദായത്തിന്റെ ഏകോപനത്തിന്റെയും വളർച്ചയുടെയും യാത്രകളുമായി കണ്ണിചേർക്കുക എന്ന അതീവ സങ്കീർണ്ണമായ ഒരു തലത്തിലേക്ക് ഉയർന്നെത്തേണ്ടതായുണ്ട്. നൂറ്റിമുപ്പത്തിനാല് വർഷം മുൻപ് 1891 ജനുവരി ഒന്നിന് പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് ശ്രീമൂലം തിരുനാളിന് നല്കിയ മലയാളി മെമ്മോറിയൽ എന്ന പേരിലുള്ള നിവേദനത്തിൽ ഒപ്പുവച്ചിരുന്ന വിവിധ കേരള സമുദായങ്ങൾക്കൊപ്പം ലത്തീൻ കത്തോലിക്കാ സമുദായവുമുണ്ടായിരുന്നു എന്നതുതന്നെ, ഒരു നൂറ്റാണ്ടിലേറെയായി ഈ തീരജനത സ്വയം സംഘടിച്ചതിന്റെയും രാഷ്ട്രീയമായ പങ്കാളിത്തം കൈക്കൊണ്ടതിന്റെയും ചരിത്രപരമായ രേഖയാണ്. ലത്തീൻ മഹാജനസഭ എന്ന പേരിലുണ്ടായിരുന്ന കൂട്ടായ്മയിൽ ബിരുദധാരികളായ അംഗങ്ങൾ ഒരുമിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്.

ഇത്തരത്തിൽ മികവുറ്റ സമുദായ നേതൃത്വത്തിന്റെചരിത്രപാതയിലേക്ക് കെ.ആർ.എൽ.സി.സി.യും കെ.എൽ. സി.എയും കെ.എൽ.സി.ഡബ്ല്യു.എയും എത്തപ്പെടുകയും രാഷ്ട്രീയ സമ്മർദ്ദ ശക്തിയായി വളരുകയും ചെയ്യുക എന്ന വലിയൊര വികേന്ദ്രീകൃത ദൗത്യത്തിലേക്ക് ലെയ്റ്റി മിനിസ്ട്രിയുടെ നയങ്ങളും പ്രവർത്തനശൈലിയും പരിവർത്തിതമാകേണ്ടതുണ്ട്. പൊതുവിൽ സമുദായത്തിന്റെ പിന്നാക്കാവസ്ഥയെക്കുറിച്ച് പരാമർശിക്കപ്പെടുന്നിടത്തും ഉള്ളിൽത്തന്നെയുള്ള വിവേചനങ്ങൾ പരിഹരിക്കപ്പെടേണ്ടതാണെന്ന യാഥാർത്ഥ്യം വിസ്മരിക്കാനാവില്ല. ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന തീർത്തും നിരാശ്രയത്വം പേറുന്ന കാലിക രാഷ്ട്രീയ നയങ്ങൾ വലിയൊരു വെല്ലുവിളിയായി തുടരുകയാണ്. ഒരു പ്രത്യേക മതവിഭാഗമെന്ന നിലയിൽ അവർക്ക് പട്ടികയിലുൾപ്പെട്ട ദുർബ്ബല വിഭാഗമെന്ന നിലയ്ക്ക് പൊതുവിൽ ലഭ്യമായ സംവരണാനുകൂല്യങ്ങൾക്കുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടരുത്. സ്ത്രീകൾക്കും ഭിന്ന ലിംഗ വ്യക്തികൾക്കുമുള്ള സാമൂഹിക നീതിയും മനുഷ്യാവകാശങ്ങളും തുല്യപ്രാതിനിധ്യവും ഇന്നും അപ്രാപ്യമായിത്തന്നെ നിലകൊള്ളുന്നു എന്നതും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. ലെയ്റ്റി മിനിസ്ട്രിയുടെ ഇന്നത്തെ പരിമിതമായ പ്രവർത്തനങ്ങൾ മാറ്റിയെടുക്കാൻ മൂന്നാമതൊരു നിർണായകമായ ഒത്തുവാസം അനിവാര്യമാകുന്നു. ജനത്തിന്റെ ഉയിർത്തെഴുന്നേല്പിനൊപ്പം നടക്കാൻ സഭ തയ്യാറാകുക എന്ന പാപ്പയുടെ കനവ് യാഥാർത്ഥ്യമാക്കാനുള്ള പുതുനിർവ്വചനങ്ങളും നയരൂപീകരണങ്ങളും പ്രവർത്തനശൈലിയും ജനത്തിൽനിന്നുതന്നെ വരേണ്ടിയിരിക്കുന്നു. പലായനത്തിനു തയ്യാറാകേണ്ടിവരുന്ന ജനതയുടെ ഉത്ഥാനത്തിന് സഭാ സംവിധാനങ്ങൾ ഊർജ്ജസ്വലമാകുകയും സംഘടിതരായി കരുത്താർജ്ജിച്ച് മുന്നേറുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



ശുശ്രൂഷാനുഭവം

# കുടുംബങ്ങളെ ശക്തിപ്പെടുത്തുന്ന ഫാമിലി അഗാപ്പേ

ഫാ. റിച്ചാർഡ് സഖറിയാസ്

കുടുംബം ഒരു ഗാർഹിക സഭയാണ്. ജീവൻ പരിപോഷിപ്പിക്കുന്നയിടം. സ്നേഹം അഭ്യസിപ്പിക്കുന്ന പ്രഥമ വിദ്യാലയം. കുടുംബത്തിന്റെ തകർച്ചയെന്നാൽ സമൂഹത്തിന്റെയും സഭയുടെയും തകർച്ചയാണ്. കുടുംബങ്ങളെ രൂപപ്പെടുത്തുകയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക സമൂഹം മുഴുവന്റെയും ദൗത്യമാണ്. കുടുംബ ബന്ധങ്ങളുടെ പവിത്രതയ്ക്ക് ഭംഗംവരുത്തുന്ന, ജീവന്റെ അമൂല്യത വിലമതിക്കാത്ത പ്രത്യയശാസ്ത്രങ്ങളും മനോഭാവങ്ങളും അനുദിനം ശക്തിപ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബങ്ങളുടെ വിശുദ്ധിയെ പ്രഘോഷിക്കുകയും പുതിയ കുടുംബങ്ങളെ ക്രൈസ്തവ ദർശനങ്ങളുടെ അടിത്തറയിൽ പടുത്തുയർത്തുകയും ചെയ്യേണ്ടത് ഇന്ന് അനിവാര്യമായിരിക്കുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് കുടുംബങ്ങളുടെ ശക്തീകരണത്തിനും വീണ്ടെടുപ്പിനുമായി ഒരാഴ്ച നീണ്ടുനിൽക്കുന്ന കർമ്മപരിപാടികളുമായി 'ഫാമിലി അഗാപ്പേ' എന്നപേരിൽ ഒരു കുടുംബശക്തീകരണയജ്ഞത്തിന്, ഹോം മിഷൻ പൂർത്തിയായ ഇടവകകളിൽ ഒരു അനുധാവനമെന്നവണ്ണം ആരംഭിച്ചത്. പ്രഥമ ഫാമിലി അഗാപ്പേക്ക് വേദിയായത് വിശുദ്ധ പത്രോസിന്റെ നാമധേയത്വത്തിലുള്ള അഞ്ചുതെങ്ങ് ഇടവകയിലാണ്. ഒരാഴ്ച്ക്കാലം കുടുംബങ്ങളെ വീണ്ടെടുക്കുന്നതിനും ശക്തിപ്പടുത്തുന്നതിനുമായി കൗൺസിലിംഗ്, കുമ്പസാരം, സന്ദർശനം, കുടുംബനവീകരണ ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ക്യാമ്പയിനുകൾ, ഫോറം രൂപീകരണം എന്നീ കുടുംബകേന്ദ്രീകൃത കർമ്മപരിപാടികൾ അഞ്ചുതെങ്ങ് ഇടവകയിൽ നടന്നു.

നമ്മുടെ കുടുംബങ്ങൾ ചേർത്തുപിടിച്ചാൽ ചേർന്നു നിൽക്കുമെന്നും വഴിതെളിച്ചാൽ അതിലേക്ക് ഓടിയെത്തുമെന്നും പിന്നെ ഒപ്പം നടക്കുമെന്നും തെളിയിക്കുന്നതായിരുന്നു പ്രഥമ ഫാമിലി അഗാപ്പേയിലെ അനുഭവം.





ഫാമിലി അഗാപ്പേയുടെ ഭാഗമായി അഞ്ചുതെങ്ങ് ഇടവകയിലെ അന്ധ ബധിര കേൾവി. പരിമിതർ , ഭിന്നശേഷിക്കാർ ഓട്ടിസം മാനസിക വെല്ലുവിളി നേരിടുന്നവർ വിധവകൾ വിഭാര്യർ ദൈവാലയത്തിൽ വരാത്തവർ ലഹരി- മദ്യത്തിന് അടിമപ്പെട്ടവർ, വിവാഹബന്ധം തകർന്നവർ ഇങ്ങനെ മാനസികവും ശാരീരികവുമായി വേദനിക്കുന്ന സഹോദരങ്ങളെ, ഓരോ ദിവസവും അവരുടെ ഭവനങ്ങളിൽ എത്തി സന്ദർശിച്ചു. അവരുടെ വേദനകളും വിഷമങ്ങളും ആവശ്യങ്ങളും എല്ലാം കേട്ടു . അവരോടൊപ്പം കുറച്ചു സമയം ചെലവഴിച്ചു. കഴിയുന്ന വിധത്തിൽ അവരെ ആശ്വസിപ്പിച്ചു. അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. അവരുടെ വിഷമങ്ങൾ പ്രത്യേകിച്ച്, തകർന്ന കുടുംബങ്ങൾ, ജീവിതപങ്കാളിയെ നഷ്ടപ്പെട്ടവർ, മക്കൾ നോക്കാത്ത മാതാപിതാക്കൾ, മക്കളെ നഷ്ടപ്പെട്ടവർ ഇവരുടെ നൊമ്പരങ്ങൾ ഞങ്ങളുടെയും നൊമ്പരമായി. ഇവരിൽ കുറച്ചുപേരെയെങ്കിലും കുമ്പസാരത്തിലേക്കും കൗൺസിലിംഗ്, മോട്ടിവേഷണൽ ക്ലാസുകളിലേക്കും എത്തിച്ചു ആശ്വാസം നൽകാൻ കഴിഞ്ഞത് വലിയ സന്തോഷം ഉളവാക്കി. ഇതിനെല്ലാമുപരിയായി കുര്യാക്കോസ് അച്ചൻ നയിച്ച കപ്പൂച്ചിൻ ധ്യാനം ഒരു ആത്മീയ വിരുന്നുതന്നെ ആയിരുന്നു എന്ന് ഇടവക അംഗങ്ങൾ സാക്ഷ്യപ്പെടുത്തിയപ്പോൾ നമ്മുടെ ഈ എളിയ ശ്രമം വെറുതെയായില്ല എന്ന് തോന്നി.

**ആഗ്നസ് ബാബു,** വോളന്റിയർ

### ഭിന്നശേഷിക്കാരുടെ കരം പിടിച്ച് ഒന്നാം ദിനം

ഒന്നാം ദിനത്തിൽ ഭിന്നശേഷിക്കാർ, അന്ധർ, സംസാര കേൾവി പരിമിതർ, ഓട്ടിസം ബാധിച്ചവർ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരെ കുടുംബ ശുശ്രൂഷ പ്രവർത്തകർ അവരായിരിക്കുന്ന ഇടങ്ങളിൽച്ചെന്നു സന്ദർശിച്ചു. വിവാഹം കഴിഞ്ഞ് 10 വർഷംവരെ പൂർത്തിയാക്കിയ യുവദമ്പതികൾക്കുള്ള കുടുംബശക്തീകരണ ക്ലാസും നടന്നു.

ഫാമിലി അഗാപ്പേയുടെ ആദ്യ അഞ്ച് ദിവസങ്ങളിൽ വൈകുന്നേരം ദേവാലയത്തിൽ ഫാ. കുര്യാക്കോസ് കപ്പൂച്ചിന്റെ നേതൃത്വത്തിൽ നടന്ന കുടുംബനവീകരണ ധ്യാനവും എല്ലാ ദിവസവും രാവിലെ 9 മണി മുതൽ നടന്ന കൗൺസിലിംഗും കുമ്പസാരവും ഒത്തിരി കുടുംബങ്ങളുടെ വീണ്ടെടുപ്പിനും ഉണർവിനും സഹായകരമായി.

### തകർന്ന കുടുംബങ്ങളെയും വിധവകളെയും ചേർത്തു പിടിച്ച് രണ്ടാം ദിനം

ഫാമിലി അഗാപ്പേയുടെ രണ്ടാം ദിനത്തിൽ തകർന്ന കുടുംബങ്ങൾക്കും കൗദാശിക ജീവിതത്തിൽനിന്നും അകന്ന് കഴിയുന്ന കുടുംബങ്ങൾക്കും വേണ്ടിയുള്ള അജപാലന പ്രവർത്തനങ്ങൾ നടന്നു. കുടുംബ ശുശ്രൂഷ വോളന്റിയേഴ്സ് രാവിലെ വിധവകളേയും വിഭാര്യരേയും നേരിൽ സന്ദർശിച്ച് സാന്ത്വനമേകി. ഉച്ചഭക്ഷണത്തിന് ശേഷം തകർന്ന കുടുംബങ്ങളെയും കൗദാശിക ജീവിതത്തിൽ അകന്ന് കഴിയുന്ന കുടുംബങ്ങളേ



ഫാമിലി അഗാപ്പേ എന്ന പ്രോഗ്രാമിൽ എട്ടു ദിവസവും പങ്കെടുക്കാൻ കഴിഞ്ഞത് ദൈവാനുഗ്രഹത്തിന്റെ ധന്യനിമിഷങ്ങളായിരുന്നു. യേശുവിന്റെ സാന്നിധ്യത്തിൽ മനുഷ്യജീവിതത്തിന്റെ അർഥതലങ്ങൾ കണ്ടെത്താനും എനിക്ക് സാധിച്ചു. വൈദികരും, സന്യസ്തരും, കുടുംബ ശുശ്രൂഷാ സമിതിയുടെ ശുശ്രൂഷകരും, പാരിഷ് കൗൺസിൽ അംഗങ്ങളും , യൂണിറ്റ് ഭാരവാഹികളും ഒരുമിച്ചുചേർന്നുള്ള ആത്മീയോത്സവമായിരുന്നു അഞ്ചുതെങ്ങ് ഇടവകയിൽ കാണാൻ കഴിഞ്ഞത്. ഭവന സന്ദർശന വേളയിൽ ഉണ്ടായ ഒരനുഭവം ഇവിടെ പങ്കുവയ്ക്കട്ടെ.

കഴിഞ്ഞ 33 വർഷമായി കുമ്പസാരിക്കാത്ത ഒരു വ്യക്തിയെ കണ്ടു. ഒപ്പം മറ്റൊരു ഭവനത്തിൽ 51 വർഷമായി കുമ്പസാരിക്കാത്ത മറ്റൊരു സഹോദരനെയും കണ്ടു. അദ്ദേഹം തന്റെ വിവാഹ സമയത്താണ് അവസാനമായി കുമ്പസാരിച്ചത്. ഇവരെ കുമ്പസാരത്തെക്കുറിച്ചും ജീവിതത്തിൽ അതുവഴി യുണ്ടാകുന്ന മാറ്റത്തെക്കുറിച്ചും സ്നേഹപൂർവം ഉപദേശിക്കുകയും അവരെ കൗൺസിലിംഗിലൂടെ ഒരുക്കിയെടുത്ത് കുമ്പസാരിപ്പിച്ച് പുത്തനുണർവോടെ, സന്തോഷത്തോടെ ഭവനങ്ങളിലേക്ക് അയയ്ക്കാനും കഴിഞ്ഞു. വിശുദ്ധബലിയിലൂടെയും കൗൺസിലിംഗിലൂടെയും കുമ്പസാരത്തിലൂടെയും ധ്യാനത്തിലൂടെയും ക്ലാസ്സുകളിലൂടെയും ഭവന സന്ദർശനങ്ങളിലൂടെയും അഞ്ചുതെങ്ങ് ഇടവക പുതിയൊരു ചൈതന്യവും ദൈവിക നന്മയും നേടി എന്നതിൽ ദൈവത്തിനു സ്തുതിയർപ്പിക്കുന്നു.

**റൂബൻസ് സ്റ്റീഫൻ,**
മധ്യസ്ഥ പ്രാർഥന ടീം അംഗം & വോളന്റിയർ

യും നേരിൽ സന്ദർശിച്ച് കുടുംബങ്ങളുടെ വീണ്ടെടുപ്പിനായുള്ള പരിശ്രമങ്ങൾക്ക് തുടക്കംകുറിച്ചു.

### മക്കളില്ലാത്ത ദമ്പതികൾക്കും ഏകസ്ഥർക്കും പ്രത്യാശയേകിയ മൂന്നാം ദിനം

മൂന്നാം ദിനം ജീവിതത്തിൽ വെല്ലുവിളികളിലും മാനസിക സംഘർഷങ്ങളിലും കടന്നുപോകുന്നവർക്കായുള്ള കൗൺസിലിംഗ് ആരംഭിച്ചു. വോളന്റിയേഴ്സ് മക്കളില്ലാത്ത ദമ്പതികളെയും ഏകസ്ഥരേയും അവരായിരിക്കുന്ന ഇടങ്ങളിലെത്തി സന്ദർശിച്ചു. ഇടവക കാര്യാലയത്തിൽ വിവാഹ പ്രായമെത്തിയിട്ടും വിവാഹ ജീവിതത്തിൽ പ്രവേശിക്കാത്തവർക്കായി ആർ. സി മാട്രിമോണിയലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കി.

### രോഗികൾക്ക് ആശ്വാസമേകി നാലാംദിനം

നാലാം ദിനത്തിൽ ജീവിതത്തിൽ വെല്ലുവിളികളിലും മാനസിക സംഘർഷങ്ങളിലും കടന്നുപോകുന്നവർക്കായുള്ള കൗൺസിലിംഗും കുമ്പസാരവും ആരംഭിച്ചു. വോളന്റിയേഴ്സ് രോഗികളെ അവരായിരിക്കുന്ന ഇടങ്ങളിലെത്തി സന്ദർശിച്ച് സാന്ത്വനപരിചരണമേകി. മക്കളില്ലാത്ത ദമ്പതികളുടെയും ഏകസ്ഥരുടെയും ഫോറങ്ങൾ ഇടവകയിൽ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇവരുടെ കൂടിവരവുകൾ നടന്നു. ഇവർക്കായുള്ള ശക്തീകരണ ക്ലാസ്സുകളും നടന്നു.

### ലഹരിക്കടിമപ്പെട്ടവർക്ക് വിമോചന പാതയൊരുക്കി അഞ്ചാം ദിനം

അഞ്ചാം ദിനത്തിൽ ജീവിതത്തിൽ വെല്ലുവിളികളിലും മാനസിക സംഘർഷങ്ങളിലും കടന്നുപോകുന്നവർക്കായുള്ള കൗൺസിലിംഗും കുമ്പസാരവും നടന്നു. അതേസമയം വോളന്റിയേഴ്സ് മദ്യത്തിനും ലഹരിക്കും അടിമപ്പെട്ടവരെ സന്ദർശിച്ച് പ്രത്യാശ പകരുകയും ലഹരിയിൽ നിന്നുള്ള വിമോചനത്തിനായുള്ള മാർഗ്ഗങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

ഇടവക ദേവാലയത്തിൽ ഗർഭിണികൾക്കും അവരെ പരിചരിക്കുന്നവർക്കും ആത്മീയ, മാനസിക, ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനായി നടന്ന എലീശ്വാ ധ്യാനത്തിന് ഫാ. കാർവിൻ നേതൃത്വം നൽകി. വയോധികരുടെ ഫോറം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇവരുടെ കൂടിവരവും ശക്തീകരണ ക്ലാസ്സും നടന്നു.



ഫാമിലി അഗാപ്പേയിൽ വിവിധ ജീവിതാവസ്ഥകളിലൂടെ കടന്നുപോകുന്നവരിലേക്ക്, നിരാശയിലും വേദനയിലും രോഗത്തിലും കടബാധ്യതയിലും ഒറ്റപ്പെടലിലും ഏകാന്തതയിലും കഴിയുന്നവരിലേക്ക് കടന്നുചെല്ലുവാനും അവരെ നേരിട്ട് കാണുവാനും കേൾക്കുവാനും അവർക്കൊക്കെ ആശ്വാസവും പ്രത്യാശയും പകുവാനും സാധിച്ച ദിവസങ്ങളായിരുന്നു ആ 8 ദിവസങ്ങൾ കൗൺസിലിംഗ് ടീമിൽ വൈദികരും സന്യസ്തരും അൽമായരും അടങ്ങുന്ന 16 പേർ 8 ദിവസങ്ങളിൽ കൗൺസിലിംഗ് നടത്തി.ആകെ 814 പേർക്കാണ് കൗൺസിലിംഗ് നൽകിയത്. ഇതിൽ 82 യുവജനങ്ങളും 74 കുടുംബങ്ങളും (മാതാപിതാക്കളും മക്കളും) ഉൾപ്പെടുന്നു. അവർ തങ്ങളുടെ ജീവിതത്തെക്കുറിച്ച് പറയുന്നതിൽ തുറവിയുള്ളവരായിരുന്നു. ക്ഷമയോടെ സമയമെടുത്തു കേൾക്കുന്നതിൽ ഞങ്ങളും സന്നദ്ധരായിരുന്നു. ദൈവത്തിൽ നല്ല വിശ്വാസമുള്ളവർ, മാതാവിനോട് പ്രത്യേക ഭക്തിയുള്ളവർ, കുടുംബത്തിനു വേണ്ടി കഷ്ടത സഹിക്കുന്നവർ, വൈദികരെയും സിസ്റ്റേഴ്സിനെയും സ്നേഹിക്കുകയും ബഹുമാനിക്കുയും ചെയ്യുന്നവർ, ദൈവാലയത്തിനുവേണ്ടി സേവനം ചെയ്യാൻ തീക്ഷ്ണതയുള്ളവർ... ഈ ദിവസങ്ങളിൽ ഇവർക്ക് ആശ്വാസം പകരാൻ കഴിഞ്ഞതിലും പലരെയും ജീവിതത്തിന്റെ ശരിയായ ദിശയിലേക്ക് തിരിച്ചുവിടാൻ സാധിച്ചതിലും ദൈവത്തോടു നന്ദിയർപ്പിക്കുന്നു.

**ബാബു മരിയാൻ**, മുട്ടട, കൗൺസിലർ



ഞായറാഴ്ചകളിൽ ഒരിക്കലും പതിവ് തെറ്റിക്കാതെ വി. കുർബാനയിൽ പങ്കെടുക്കാൻ അതിയായ ആഗ്രഹം പ്രകടിപ്പിക്കുന്ന വ്യക്തിയാണ്. അങ്ങനെയിരിക്കെയാണ് ഒരു ദിവസം ഇടവകവികാരി കുർബാനയിൽ അറിയിപ്പിനിടയിൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന കാര്യം അറിയിച്ചത്. അത് ഫാമിലി അഗാപ്പേ എന്നായിരുന്നു. അപ്പോഴേക്കും എന്റെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ഉദിക്കാൻ തുടങ്ങി. ക്ലാസ്സുകളും കുമ്പസാരവും ഭവനസന്ദർശനവും നടന്നുകൊണ്ടിരുന്നു. യുവജനങ്ങൾക്കായി ഏകദിന ക്ലാസ്സും കൗൺസിലിംഗും കുമ്പസാരവും ഉണ്ടെന്നു പറഞ്ഞു. ഒരുപാട് യുവജനങ്ങൾ കടന്നുവരികയും ക്ലാസ്സിൽ പങ്കെടുക്കുകയും സന്തോഷിക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ വല്ലാത്ത ഒരു അനുഭവമായിരുന്നു. അഞ്ചുതെങ്ങ് ഇടവകയിൽ ആദ്യമായാണ് 150 ഓളം യുവജനങ്ങളുടെ ഒത്തുചേരലും 115 ഓളം പേർ കുമ്പസാരിക്കുന്നതും കൗൺസിലിംഗ് കൂടുന്നതും കണ്ടത്. ഫാമിലി അഗാപ്പെ പരിപാടി നിസ്സാരമായി കണ്ടിരുന്ന എന്നിൽ പുതിയമാറ്റങ്ങൾക്ക് കാരണമായി. യുവജനങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിക്കൊണ്ട് അവർ നടത്തിയ ക്ലാസ്, അതു കഴിഞ്ഞ് കൗൺസിലിംഗിനും കുമ്പസാരത്തിനും അവരെ ഒരുക്കിയ രീതിയുമെല്ലാം വളരെ പുതുമയുള്ളതായിരുന്നു. ഫാമിലി അഗാപ്പേ അഞ്ചുതെങ്ങ് ഇടവകയിലെ ഓരോ യുവജനങ്ങളിലും മാറ്റം സൃഷ്ടിച്ചുവെന്ന് മനസ്സിലായി.

**ജോതിഷ**, യുവജനപ്രതിനിധി, അഞ്ചുതെങ്ങ്

## അകന്നുനില്ക്കുന്നവരെ ചേർത്തു പിടിച്ച് സിനഡൽ അനുഭവമാക്കി ആറാംദിനം

ആറാം ദിനം ഫ്രാൻസിസ് പാപ്പ വിഭാവനം ചെയ്ത സിനഡൽ അനുഭവം സാധ്യമാക്കുന്ന, ദേവാലയവുമായി അകന്നുകഴിയുന്ന കുടുംബങ്ങളെ ദേവാലയവുമായി ചേർത്തുനിർത്തുന്ന പ്രവർത്തനങ്ങൾ നടന്നു. കുടുംബ ശുശ്രൂഷ വോളന്റിയേഴ്സ് ദേവാലയവുമായി അകന്നുകഴിയുന്ന കുടുംബങ്ങളെ സന്ദർശിച്ചു.

രാവിലെ 10 മണിക്ക് രോഗികൾക്കുവേണ്ടി പ്രത്യേകമായി അർപ്പിച്ച ദിവ്യബലിക്ക് ഇടവകയിലെ യുവജനങ്ങൾ നേതൃത്വം നൽകി. രോഗികളെ ദേവാലയത്തിൽ കൊണ്ടുവരാനും തിരികെ വീടുകളിലെത്തിക്കാനും യുവജനങ്ങൾ മുന്നിൽനിന്നു. ഉച്ചയ്ക്ക് വലിയകുടുംബങ്ങളുടെ സംഗമവും ഇവർക്കായുള്ള ക്ലാസ്സും നടന്നു. തുടർന്ന് വലിയ കുടുംബങ്ങളുടെ ഫോറം രൂപീകരിച്ചു. വൈകുന്നേരം നടന്ന കുരിശിന്റെ വഴി പ്രാർഥനയ്ക്കുശേഷം എല്ലാ കുടുംബങ്ങളും മാധ്യമമുക്ത കുടുംബ മണിക്കൂർ പാലിച്ചു.

## യുവജനങ്ങൾക്ക് ജീവിതവിളി കണ്ടെത്താൻ സഹായിച്ച് ഏഴാംദിനം

ഏഴാംദിനം രാവിലെ 9 മണിക്ക് യുവജനങ്ങൾക്കായി ദേവാലയത്തിൽ ധ്യാനവും, കുമ്പസാരവും, വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളും നടന്നു. യുവജനങ്ങൾക്ക് അവരുടെ ജീവിതവിളി കണ്ടെത്തുന്നതിനും കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും ഗുണകരമാകുന്ന വ്യക്തികാളായി രൂപപ്പെടുന്നതിനും ഉപകരിക്കുന്നതായിരുന്നു യുവജനങ്ങൾക്കുള്ള ധ്യാനം. ഇടവക ജനങ്ങൾക്ക് കുമ്പസാരിക്കാനുള്ള സൗകര്യവും ഇടവക ദേവാലയത്തിൽ ഒരുക്കി.

സമാപന ദിനമായ മാർച്ച് 16 ഞായറാഴ്ച ആർച്ച്ബിഷപ് എമിരിത്തുസ് സൂസപാക്യം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേരയുടെ അദ്ധ്യക്ഷതയിൽ ഇടവക കൗൺസിൽ അംഗങ്ങളും, ഫാമിലി അഗാപ്പേ ടീം അംഗങ്ങളും സംയുക്തമായുള്ള യോഗം നടന്നു. വിലയിരുത്തലുകൾക്കുശേഷം തുടർപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഇടവകയ്ക്കു നൽകി.

## ഫാമിലി അഗാപ്പെ ഒരു തണൽ മരമായി



സെയിൻറ് പീറ്റേഴ്സ് ദൈവാലയം അഞ്ചുതെങ്ങ് ഇടവകയിൽ 2025 ജൂബിലി വർഷത്തിൽ, ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിലുള്ള ഫാമിലി അഗാപ്പേ ഒരു തണൽ മരമായിരുന്നു. എൻറെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ഇത് ചെയ്തു തന്നത്. ഈ അനുഭവമാണ് ഈ ഫാമിലി അഗാപ്പേ അഞ്ചുതെങ്ങ് ഇടവകയ്ക്ക് സമ്മാനിച്ചത്. ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, വയോധികർ, വിധവകൾ-വിഭാര്യർ, ഏകസ്ഥർ, ദാമ്പത്യബന്ധം തകർന്നവർ, മദ്യത്തിനും മറ്റ ലഹരികൾക്കും അടിമയായവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദൈവത്തിൽനിന്നകന്നു പോയവർ അങ്ങനെ നിരവധി സഹോദരങ്ങളുടെ അടുത്തേക്ക് ആശ്വാസമായി എത്തിയ തണൽമരമാണ് ഫാമിലി അഗാപ്പേ. 1800 ഓളം പേർക്ക് കുമ്പസാരം എന്ന കൂദാശയ്ക്കും 816 പേർക്ക് കൗൺസിലിംഗിനും സജ്ജമാക്കിയ തണൽമരം ഫാമിലി അഗാപ്പേ 180 യുവജനങ്ങൾ ഇതിൻറെ ഭാഗമായി 95 യുവജനങ്ങൾ കൗൺസിലിംഗിൽ പങ്കെടുത്തു. 127 പേർ കുമ്പസാരിച്ചു. ഇന്നിന്റെ കാലത്ത് ലോകസുഖങ്ങളെ അന്വേഷിച്ചു പോകുന്ന ഈ യൗവ്വനത്തിൽ ഇത്രയും യുവജനങ്ങൾക്ക് ആത്മീയ തണലേകാൻ ഫാമിലി അഗാപ്പേ കാരണമായി. ഈ ദിനങ്ങളിൽ കൂടുതൽ ശക്തിപകർന്നത് വൈകുന്നേരത്തെ ധ്യാനമായിരുന്നു. ദൈവാലയം നിറഞ്ഞ് കവിഞ്ഞെത്തിയ ഇടവകമക്കൾ.

വി. ഫ്രാൻസിസ് അസ്സീസ്സിയുടെ പ്രാർത്ഥനയുടെ ചില വരികളാണ് ഓർമ്മ വരുന്നത്; "കർത്താവേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ, വിദ്വേഷമുള്ളിടത്ത് ക്ഷമയും സന്ദേഹമുള്ളിടത്ത് വിശ്വാസവും നിരാശയുള്ളിടത്ത് പ്രത്യാശയും അന്ധകാരമുള്ളിടത്ത് പ്രകാശവും സന്താപമുള്ളിടത്ത് സന്തോഷവും ഞാൻ വിതയ്ക്കട്ടെ". ഈ അനുഭവം പകർന്നവരാണ് ഫാമിലി അഗാപ്പേ അംഗങ്ങൾ.

**ഫാ. സന്തോഷ്,** ഇടവക വികാരി അഞ്ചുതെങ്ങ്

## ഫാമിലി അഗാപ്പേ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരം

കൗൺസിലിംഗ് സ്വീകരിച്ചവർ
ഫാമിലി/ വ്യക്തികൾ / വിദ്യാർഥികൾ
/ യുവതി യുവാക്കൾ കൗൺസിലിംഗ് ........................................... 814

വേർപിരിഞ്ഞ കുടുംബങ്ങളെ ഒന്നിപ്പിച്ചത് ........................ 08

പ്രത്യേക ശ്രദ്ധവേണ്ടവരെ സന്ദർശിച്ചത്
വിധവകൾ, വിഭാര്യർ ................................................ 418
ഭിന്നശേഷിക്കാർ................................................... 97
രോഗികൾ ........................................................ 138
മദ്യപാനം / ലഹരിക്കടിമപ്പെട്ടവർ ........................ 191
കൗദാശിക ജീവിതം നയിക്കാത്തവർ ................... 311
കുടുംബത്തകർച്ച നേരിടുന്നവർ ............................... 18
മക്കളില്ലാത്ത ദമ്പതികൾ & ഏകസ്ഥർ ................ 96

വിവിധ ഫോറങ്ങൾ രൂപീകരിച്ചതും ക്ലാസ്സുകൾ നല്കിയതും
● ഭിന്നശേഷിക്കാർ ● പ്രോ- ലൈഫ് ● മക്കളില്ലാത്ത ദമ്പതികൾ & ഏകസ്ഥർ ● വിധവകൾ ● വിഭാര്യർ ● യുവദമ്പതികൾ ● രോഗികൾ ●വയോധികർ ● ഗർഭിണികൾ (എലീശ്വാ ധ്യാനം) ● യുവജനങ്ങൾ (ലൈഫ് പ്രിപ്പറേഷൻ)

**അഭിമുഖം**

# ഹൃദ്രോഗവും പ്രമേഹവും: സാധ്യതകളും പ്രതിവിധികളും ③

ഡോ. ബി. വി. ആർ. കുമാർ
MD (GENERAL MEDICINE), DNB, MNAMS (CARDIO)
ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം

റവ. ഡോ. ലെനിൻ രാജ്
മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ,
തിരുവനന്തപുരം








### ഹൃദ്രോഗവും പുകവലിയും തമ്മിലുള്ള ബന്ധം എന്താണ്?

ഹൃദ്രോഗമരണങ്ങൾ സംഭവിക്കുമ്പോൾ ഒരു മരണം പുകവലികാരണം ആണ് സംഭവിക്കുന്നത് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. പുകവലി കാരണം ഉണ്ടാകുന്ന കാർബൺമോണോക്സൈഡും മറ്റു രാസപദാർത്ഥങ്ങളും അതിവേഗം അതിരോസ്ക്ലീറോസിസ് (രക്തധമനികകളിലെ ബ്ലോക്കുകൾ) ഉണ്ടാക്കുന്നു. പുകവലിയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ നല്ല കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുകയും അഡ്രിനെർജിക് നാഡിവ്യൂഹത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. അഡ്രിനെർജിക് നാഡിവ്യൂഹത്തിന്റെ ഉത്തേജനം; നെഞ്ചിടിപ്പ്, രക്തസമ്മർദ്ദം, ഹൃദയപേശികളിലെ ഓക്സിജന്റെ ആവശ്യകത എന്നിവ കൂട്ടുന്നു.




ഡയബറ്റിസ്, ഉയർന്ന രക്ത സമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ, പൊണ്ണത്തടി എന്നിവ കാരണം ഉണ്ടാകുന്ന ഹൃദ്രോഗങ്ങളുടെ തോതും പുകവലി വർദ്ധിപ്പിക്കുന്നു. ഫിൽറ്റർ സിഗററ്റുകൾ ഒരുതരത്തിലുള്ള സുരക്ഷയും പ്രദാനം ചെയ്യുന്നില്ല. പുകവലിക്കാരുടെ ഏകദേശം 80% ഹൃദ്രോഗ സാധ്യത പുക രണ്ടാമതും ശ്വസിക്കുന്നവർക്കും ഉണ്ടാകുന്ന എന്നതാണ് യാഥാർത്ഥ്യം.

പുകവലി ഉപേക്ഷിക്കുന്നതിന്റെ ഗുണഫലങ്ങൾ രണ്ടാഴ്ചമുതൽ കണ്ടുതുടങ്ങും. ഒരുവർഷംകൊണ്ട് ഏകദേശം 50% കുറവ് ഹൃദ്രോഗസാധ്യതയിൽ ഉണ്ടാകും. ഹൃദ്രോഗംമൂലം ഉണ്ടാകുന്ന മരണം 35-40% കുറയ്ക്കുവാൻ പുകവലിവർജ്ജനം സഹായിക്കുന്നു. ഇപ്പോൾ ലോകത്ത് ലഭ്യമായ ഏറ്റവും മികച്ച മരുന്നുകൾ ഒരുമിച്ചാലും ഇത്രയും പ്രയോജനം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

### ഹൃദ്രോഗം മാറ്റാനാവാത്ത അവസ്ഥയാണോ?

ഹൃദ്രോഗം സംഭവിച്ചാൽ ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ പരിഹരിക്കാനാവാത്ത തകരാറ് സംഭവിക്കും. ഹൃദ്രോഗം ഉണ്ടാകുന്നത് ഹൃദയത്തിലെ രക്തയോട്ടം നിലയ്ക്കുമ്പോൾ ആണ്. ഇതുകാരണം ഹൃദയപേശികൾക്ക് ആവശ്യമായ ഓക്സിജനും പോഷകങ്ങളും ലഭിക്കാതെ വരുന്നു. 30 മിനിറ്റ് നേരം രക്തയോട്ടം നിലച്ചാൽ പരിഹരിക്കാനാകാത്ത തകരാറുകൾ ഉണ്ടാകും. അതുകാരണം ഹൃദ്രോഗചികിത്സ വളരെ പെട്ടെന്ന് ലഭ്യമാക്കേണ്ടതാണ്. ആശുപത്രി വിട്ടാലും ഡോക്ടറുടെ പരിശോധനയും മരുന്നുകളും തുടരേണ്ടതാണ്.

### ഉയർന്ന അളവിലുള്ള വേദനസംഹാരികൾ ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുമോ?

നോൺസ്റ്റീറോയ്ഡൽ ആൻറി ഇൻഫ്ളമേറ്ററി ഡ്രഗ്സ് എന്ന ഗണത്തിൽപ്പെടുന്ന വേദന സംഹാരികൾ കഴിയ്ക്കുന്നത് ഹൃദ്രോഗസാധ്യത 20-50% വരെ വർദ്ധിപ്പിയ്ക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. രക്തക്കുഴലുകൾ ചുരുങ്ങുക, രക്തക്കട്ടയുണ്ടാക്കുക, ജലത്തിന്റെയും ലവണങ്ങളുടെയും പുറന്തള്ളൽ തടസ്സപ്പെടുത്തുക, രക്തസമ്മർദ്ദം ഉയർത്തുക എന്നിവ വഴി ഇവ ഹൃദ്രോഗസാധ്യത വർദ്ധിപ്പിക്കുന്നു. ആവശ്യസന്ദർഭങ്ങളിൽ ഒരു ഡോക്ടറുടെ ഉപദേശപ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ ഉപയോഗിക്കാവൂ. ഏറ്റവും ചെറിയ ഡോസ് വേദനസംഹാരികൾ ഏറ്റവും കുറഞ്ഞ സമയത്തേയ്ക്ക് ഉപയോഗിക്കേണ്ടതാണ്.

### ഹൃദ്രോഗം ചികിത്സിച്ചില്ലെങ്കിൽ എന്തുസംഭവിക്കും?

ഹൃദ്രോഗലക്ഷണങ്ങൾ മിനിട്ടുകളോ, മണിക്കൂറുകളോ നീണ്ടു നിൽക്കാം. ചിലപ്പോൾ വളരെ പെട്ടെന്ന് അതിതീവ്രമായി അനുഭവപ്പെടാം. ഹൃദ്രോഗലക്ഷണങ്ങളെ അവഗണിച്ചാൽ ലക്ഷണങ്ങളുടെ ദൈർഘ്യവും തീവ്രതയും വർദ്ധിക്കും. രോഗതീവ്രതയും സങ്കീർണ്ണതയും വർദ്ധിക്കും. ചിലപ്പോൾ മരണകാരണവും ആകാം.

സ്ത്രീകളിൽ പുരുഷന്മാരെ അപേക്ഷിച്ച് ഹൃദ്രോഗലക്ഷണങ്ങളുടെ തീവ്രത കുറവാണ്. ആയതിനാൽ ഹൃദ്രോഗസംശയം തോന്നിയാൽ തീർച്ചയായും വൈദ്യസഹായം തേടേണ്ടതാണ്.

### ഹൃദയാഘാതം പക്ഷാഘാതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

ഹൃദയാഘാതവും പക്ഷാഘാതവും രക്തധമനികളിൽ ഉണ്ടാകുന്ന അടവുകൾ കാരണമാകാം. ഇതിന്റെ റിസ്ക് ഫാക്ടേഴ്സ് ഒന്നുതന്നെയാണ്. അതായത് ഒരുനാണയത്തിന്റെ ഇരുവശങ്ങൾ.

ഹൃദ്രോഗമുള്ളവരിൽ 2-4 മടങ്ങ് പക്ഷാഘാത സാധ്യത കൂടുതലാണ്. ഹൃദ്രോഗംമൂലമോ, ഹൃദയതാളത്തിൽ ഉണ്ടാകുന്ന വ്യതിയാനംമൂലമോ ആണ് 20-30% പക്ഷാഘാതവും ഉണ്ടാകുന്നത്.

പക്ഷാഘാതംമൂലമുണ്ടാകുന്ന അഡ്രിനർജിക് നാഡിവ്യൂഹത്തിന്റെ അമിതമായ ഉത്തേജനം ഹൃദയാഘാതവും ഉണ്ടാക്കാം. പക്ഷാഘാതം സംഭവിച്ച് മൂന്നുദിവസത്തിനുള്ളിൽ 13% പേർക്ക് ഹൃദയാഘാതവും 25% പേർക്ക് ഹൃദയതാള വ്യതിയാനവും ഉണ്ടാകും. ആറുമാസത്തിനുള്ളിൽ നാലിൽ ഒരു രോഗിയ്ക്ക് വീണ്ടും ആശുപത്രി ചികിത്സ വേണ്ടിവരുന്നു. ആയതിനാൽ പക്ഷാഘാത ഹൃദ്രോഗ രോഗികളിൽ, വീണ്ടും ഒരു സ്ട്രോക്കോ, അറ്റാക്കോ വരാതിരിയ്ക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ●



ടാക്കീസ്




# സ്വർണ്ണത്തിന്റെ വിത്തുകോശവും മലയാളിയുടെ ജനിതകവും തമ്മിലെന്ത്?

സുനിൽ സി.ഇ

**വിവാഹമെത്തുമ്പോൾ പൊന്ന് എന്ന പദാർത്ഥത്തിന്റെ സാന്നിദ്ധ്യത്തിനുവേണ്ടി കേഴുന്ന ഒരു സംസ്ക്കാരം നാം നിർമ്മിച്ചുവെച്ചിട്ടുണ്ട്.**

എത്ര തുഴഞ്ഞാലും നീങ്ങാത്ത ഒരു തോണിയാണ് ജീവിതം. അതിജീവനത്തിന്റെ തന്ത്രങ്ങളൊന്നും പഠിച്ചെടുക്കാനോ അവയെപ്പറ്റി ബോധമുദിക്കാനോ സാധിച്ചവരല്ല മലയാളികൾ. മലയാളിയുടെ ജീവിതം എന്ന തോണി തുഴഞ്ഞാൽ എത്തുന്ന ചില നിശ്ചിത ധ്രുവങ്ങളും അവസാനങ്ങളുമുണ്ട്. അത് പൊന്നിന്റെ വിത്തുകോശപത്തായത്തിലാണ് അതിന്റെ ലക്ഷ്യം സാധൂകരിക്കുന്നത്. അതിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച് ബോധമുദിപ്പിക്കാൻ ആരുടെയും ഊഷ്മളസാന്നിദ്ധ്യത്തെ സ്വാഗതം ചെയ്യാത്തവരാണ് മലയാളികൾ. സ്വർണ്ണംകൊണ്ടു പൊതിയാത്തതും സ്വർണ്ണത്തിൽ കുളിക്കാത്തതുമായ പെൺശരീരങ്ങൾ ആർക്കും വേണ്ടാത്ത പൂച്ചക്കുഞ്ഞുങ്ങളെപ്പോലെയാണ്.



പൊൻമാൻ എന്ന സിനിമ അതിന്റെ വാതാവതരണത്തിൽ മലയാളിയെന്ന സ്വത്വത്തെ സ്വയം കണ്ടു പിടിക്കുകയും വരൻ, വധു സ്വരൂപങ്ങളെ ആവാഹിക്കുകയും ചെയ്യുന്നതിന്റെ മാന്ത്രിക വിദ്യാകഥനമാണ്. സ്വർണ്ണം എന്ന ശരീരത്തിന്റെ അധികാര സ്വരൂപത്തെ കൃത്രിമമായി ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരു മലയാളി ഇന്നും ഇവിടെ ജീവിച്ചിരിപ്പുണ്ടെന്നു തന്നെയാണ് സിനിമ പറയാൻ ശ്രമിക്കുന്നത്.

സ്ത്രീധനം ചോദിക്കരുത്, വാങ്ങരുത് എന്നൊക്കെ ആവർത്തിച്ചു പറയുമ്പോഴും ആവശ്യത്തിനും അനാവശ്യത്തിനുമൊക്കെ പൊന്നുകൊണ്ടൊരു ഫ്ളൂറസൻസ് ഉള്ള സ്വയംപ്രഭകളാകുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മലയാളിയുടെ ജനിതകത്തിൽ പറ്റിച്ചേർന്നിട്ടുള്ള അനുശാസന നിർമ്മിതിയോ ശ്രേണിബദ്ധ പദ്ധതിയോ ഒക്കെയാണ് പൊന്ന് എന്ന സാംഗത്യത്തിന്റെ പുനർനിർവ്വചനത്തിൽപ്പെടുന്നത്. വിവാഹമെത്തുമ്പോൾ പൊന്ന് എന്ന പദാർത്ഥത്തിന്റെ സാന്നിദ്ധ്യത്തിനുവേണ്ടി കേഴുന്ന ഒരു സംസ്കാരം നാം നിർമ്മിച്ചുവെച്ചിട്ടുണ്ട്. ഒരു പുരുഷന് അവന്റെ പെണ്ണിനെ ഭർതൃഗൃഹത്തിൽ കൊണ്ടുവരാൻ ഉള്ള പ്രതിബന്ധം പൊന്നിന്റെ അഭാവമാണെന്നത് പാളിപ്പോയ നമ്മുടെ കുടുംബഘടനയാണ്. ബലമായി ഒരു പൊന്നിൻ സംസ്കാരം പ്രതിരൂപവൽക്കരിക്കാനും നിർമ്മിച്ചെടുക്കാനുമാണ് മലയാളിക്ക് ആസക്തിയേറെയും.

ദാമ്പത്യം എന്ന അധികാരത്തിന്റെ പണിയായുധമായാണ് പൊന്ന് എന്നതിനെ മലയാളി വീക്ഷിക്കുന്നത്. പൊന്നണിയാത്ത പെണ്ണിനുമേൽ ആണിന്റെ അധികാരപ്രമത്തത സ്ഥാപിച്ച് ജീവിതപങ്കാളിയെ അടിമയെപ്പോലെ നിലനിർത്തുന്ന ഒരു വ്യവസ്ഥ മലയാളിയുടെ ജനിതകത്തിലുണ്ട്. സ്വർണ്ണം സ്ത്രീധനമായി ലഭിക്കാത്തവൾ വാഴ്കെ ഇടം മുടിഞ്ഞുപോകുമെന്ന് അമ്മായിയമ്മയുടെ ശാപം കിട്ടുന്നവരാണ് കേരളത്തിലെ വധുക്കളെന്ന് പൊൻമാൻ സ്ഥാപിക്കുന്നു.

**'പൊൻമാൻ' ചില സമകാലിക യാഥാർത്ഥ്യങ്ങൾ**

ഒരു കേവല മലയാളിയുടെ ജീവിതത്തിലെ അഴിയാക്കുരുക്കുകൾ വിടർന്നു തുടങ്ങുന്നതും സംഘർഷങ്ങൾ മൂർദ്ധന്യത്തിലേക്ക് പായുന്നതും സ്ത്രീധനം എന്ന മൗനമായ സമാന്തരസഞ്ചാരം ഉദ്വേഗപൂർണ്ണമായി ആവേശിക്കുമ്പോഴാണെന്ന് സിനിമ പറഞ്ഞുവയ്ക്കുകയാണ്. പൊൻമാൻ എന്ന സിനിമയുടെ ആഖ്യാനത്തെ സുഗമമാക്കുന്നതും കഥാഗതികൾക്ക് മിഴിവേറ്റുന്നതും ആത്മസംഘർഷങ്ങൾക്ക് ഗാഢതയണയ്ക്കുന്നതും നൂതനവും മിതത്വമാർന്നതുമായ ഒരു പരിചരണത്തിലൂടെയാണ്. ജി.ആർ. ഇന്ദുഗോപന്റെ 'നാലഞ്ചു ചെറുപ്പക്കാർ' എന്ന നോവലിന്റെ സിനിമാറ്റിക് വേർഷനാണ് പൊൻമാൻ.

**സ്ത്രീധനം ചോദിക്കരുത്, വാങ്ങരുത് എന്നൊക്കെ ആവർത്തിച്ചു പറയുമ്പോഴും ആവശ്യത്തിനും അനാവശ്യത്തിനുമൊക്കെ പൊന്നു കൊണ്ടൊരു ഫ്ളൂറസൻസ് ഉള്ള സ്വയം പ്രഭകളാകുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മലയാളിയുടെ ജനിതകത്തിൽ പറ്റിച്ചേർന്നിട്ടുള്ള അനുശാസന നിർമ്മിതിയോ ശ്രേണിബദ്ധ പദ്ധതിയോ ഒക്കെയാണ് പൊന്ന് എന്ന സാംഗത്യത്തിന്റെ പുനർ നിർവ്വചനത്തിൽപ്പെടുന്നത്.**



മിന്നൽ മുരളിയുടെ രചന നിർവ്വഹിച്ച ജസ്റ്റിൻ മാത്യുവിന്റെ രചനാസഹായം ഈ സിനിമയെ സമകാലിക യാഥാർത്ഥ്യങ്ങളിലേക്ക് എളുപ്പത്തിൽ ലിങ്ക് ചെയ്യിക്കുന്നു. ഇന്നും നിലനിൽക്കുന്ന സ്ത്രീധന വ്യവസ്ഥയെ ഒട്ടും ചോരാത്ത ദൃശ്യമുഴപ്പിലാണ് ജ്യോതിഷ് ശങ്കർ എന്ന സംവിധായകൻ അഭ്രപാളിയിലേക്ക് പടർത്തിവിടുന്നത്. സ്ത്രീധനം കൊടുക്കാൻ കഷ്ടപ്പെടുന്ന ഒരു കുടുംബത്തിന്റെയും അവർക്ക് സ്വർണ്ണം വായ്പയായി എത്തിച്ചുകൊടുത്ത് പൊല്ലാപ്പിലായ ഇടനിലക്കാരന്റെയും ജീവിതങ്ങൾ കേന്ദ്രീകരിച്ചാണ് സിനിമ മുന്നോട്ടുപോകുന്നത്. പ്രേംനസീർ കേന്ദ്രകഥാപാത്രമായി അവതരിച്ച പല സിനിമകളിലും പറഞ്ഞു പഴകിയ ഒരു പ്രമേയത്തെ ഏറ്റവും സമകാലികമായി അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് ഈ സിനിമയുടെ കരുത്ത്.

ഇതിൽ സ്വർണ്ണ ഇടനിലക്കാരൻ പി.പി.അജേഷായി ബേസിൽ ജോസഫ് സ്ക്രീനിനെ പിളർന്ന് കാണിയിലേക്കെത്തുന്നത് ചുറ്റിനും നടക്കുന്ന യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനമായിട്ടാണ്. ഈ സിനിമയിലെ ഓരോ കഥാപാത്രവും റോകാരക്ലേഴ്സാണ്. പുതിയ സമൂഹത്തിലെ മനുഷ്യരുടെ ഓരോരോ സ്വഭാവങ്ങളുടെ പ്രതിനിധാനമാണവർക്ക്. ആഗ്രഹങ്ങൾ, സ്വാർത്ഥ താല്പര്യങ്ങളുടെ ഇരുണ്ട മുഖങ്ങൾ, കരുണാർദ്രമാകാൻ ഉയിർത്തെഴുന്നേൽക്കുന്ന മനസ്സ്, വെട്ടേറ്റു നിലംപതിച്ചാലും മുറിവോടുകൂടി പിടഞ്ഞെത്തുന്ന പോരാട്ടവീര്യം, ജയിക്കാനും തോൽക്കാനുമുള്ള മനക്കരുത്ത് ഇതൊക്കെയാണ് കഥാപാത്രങ്ങളുടെ സമകാലിക പ്രസക്തി. അങ്ങേയറ്റം നിസ്സഹായരും നിരാലംബരുമായ മനുഷ്യരുടെ സമകാലിക പ്രതിസന്ധികളെയാണ് സിനിമ കൈമാറുന്നത്.

●

ലേഖനം

# ദൈവത്തിന്റെ സ്വന്തം നാടേ...മാപ്പ്

ഫ്രീഡാ സെക്സ്റ്റസ്



ദൈവത്തിന്റെ സ്വന്തം നാടിനെന്തുപറ്റി? എവിടെയാണ് നമുക്ക് പിഴച്ചത്? കുടുംബ ബന്ധങ്ങളിലെ ഊഷ്മളതയുടെ കുറവോ, അതോ മാതാപിതാക്കളുടെ ജീവിതവ്യഗ്രതയോ, നല്ല പാരൻറിംഗിന്റെ അപര്യാപ്തതയോ എന്താണെന്നറിയില്ല. നമ്മുടെ മക്കൾ വഴിതെറ്റി പോകുന്നു. അമ്മയെന്നറിയാതെ... സഹോദരങ്ങളെന്നറിയാതെ... അച്ഛനെന്നറിയാതെ... അവന്റെ ബുദ്ധിക്ക് ഭ്രമം സംഭവിച്ചിരിക്കുന്നു. എന്താണ് കാര്യമെന്ന് നമുക്കറിയാം. എന്നാൽ നമ്മുടെ മക്കൾ എങ്ങനെ ഇവരുടെ വലയിൽ പെട്ടു എന്ന് നമുക്കറിഞ്ഞുകൂടാ. അതാണ് നമ്മുടെ പരാജയം.



കുട്ടികൾ കാണുന്ന, കടന്നു പോകുന്ന ലോകങ്ങളെ അറിയാനുള്ള ശ്രമവും ക്ഷമയും മാതാപിതാക്കൾക്കുണ്ടാകണം. ഞാൻ അനുഭവിക്കാത്ത സുഖം എന്റെ മക്കൾ അനുഭവിക്കണമെന്നു പറഞ്ഞ് സകല സുഖവും സ്വാതന്ത്ര്യവുംകൊടുത്തു വളർത്തുമ്പോൾ അവൻ എവിടെ? എങ്ങനെ? ആരോട്? എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും മാതാപിതാക്കൾക്ക് കഴിയണം.

ഇന്ന് പഠിക്കുന്ന ഇടങ്ങളിൽ ഉണ്ടാകുന്ന ചെറിയ പ്രശ്നം പോലും കൊലപാതകത്തിലേക്ക് നയിക്കുമ്പോൾ അവന്റെ ഭവനത്തിലും ഇങ്ങനെതന്നെയാണോ എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഒരു മൂളലിൽ സർവ്വവും സാധിച്ചുകിട്ടുമെന്നുള്ള അറിവ്, മാതാപിതാക്കൾ കഷ്ടപ്പെട്ട് അധ്വാനിച്ചാണ് ജിവിക്കുന്നതെന്ന ചിന്ത അവന് കൊടുക്കാതെ കടംവാങ്ങിയും ലോണെടുത്തും അവനാവശ്യമുള്ള ആഡംബര മൊബൈലും വാഹനവും വാങ്ങികൊടുക്കാൻ വെമ്പൽകൊള്ളുന്ന മാതാപിതാക്കളേ, നിങ്ങൾ അനുഭവിക്കുന്ന വേദനകൾ, ത്യാഗങ്ങൾ മക്കളെ അറിയിക്കൂ...

ലോകം മുഴുവൻ തന്റെ കൈപ്പിടിയിലാണെന്ന ചിന്തയിൽ തന്റെ മൊബൈലിലൂടെ സ്ഥലജലവിഭ്രമം ഉണ്ടാക്കുന്ന രാസലഹരികൾ നാവിൽ ഒളിപ്പിക്കുന്ന, ഒട്ടും വിട്ടുകൊടുക്കാത്ത... ആരെയും പേടിയില്ലാത്ത, നിയമങ്ങളെല്ലാം തങ്ങൾക്ക് അനുകൂലമെന്ന് കരുതുന്ന കുട്ടികൾ താമസിക്കുന്ന ഇടങ്ങളായി നമ്മുടെ ഭവനങ്ങൾ മാറിക്കഴിഞ്ഞു.

രണ്ടു മക്കൾക്ക് 6 മുറികളുള്ള വീട്ടിൽ സ്വന്തംമുറിയിൽ എന്തു നടക്കുന്നുവെന്ന് നോക്കാൻപോലും അനുവാദമില്ലാത്ത മാതാപിതാക്കൾ. ചോദ്യം ചെയ്താൽ കൊന്നുകളയുന്ന മക്കൾ. ഈ കൊലപാതകത്തിലെത്തുന്നതുവരെ അവൻ സഞ്ചരിച്ച പാതകൾ അവൻ അറിഞ്ഞില്ല. അവൻ സ്വന്തം മുറിയിൽ രൂപപ്പെടുത്തുന്നതും, ഉണ്ടാകുന്നതുമായ ശബ്ദങ്ങൾ മരണഭയത്തോടുമാത്രം കേൾക്കുന്ന മാതാപിതാക്കൾ. എവിടെയാണ് നമുക്ക് പിഴച്ചത്? പണമുണ്ടാക്കാനുള്ള വ്യഗ്രതയിൽ കുഞ്ഞിനുള്ള കരുതലിൽ വന്ന കുറവോ? അതോ അമിതലാളനയുടെ പിഴവോ? പണമില്ലാത്തവനെ പരാജിതൻ എന്നുവിളിക്കാൻ പ്രേരിപ്പിക്കുന്നതോ? അധ്യാപകർ ഒരു അടികൊടുത്താൽ അവർക്കെതിരെ നിയമം കയ്യിലെടുത്തതോ? എവിടെ

യാണ് നമുക്ക് പിഴച്ചത്?

കേരളം ലഹരിമാഫിയയുടെ കയ്യിലായിക്കഴിഞ്ഞു. ഇനി നാം ശ്രദ്ധിക്കേണ്ടത് നമ്മുടെ കുട്ടികളുടെ സുരക്ഷിതത്വമാണ്. അതിന് അവന് കൊടുക്കുന്ന സ്വാതന്ത്ര്യത്തിന്റെ കടിഞ്ഞാൺ നമ്മുടെ കയ്യിലായിരിക്കണം. ഇന്ന് ആത്മഹത്യ മുൻവർഷങ്ങളെക്കാൾ മൂന്നിരട്ടി വലുതാണ്. എന്താണ് കാര്യം? മനസാക്ഷി രൂപപ്പെടുത്തേണ്ടവരാണ് അപ്പനും അമ്മയും. ശരികളുടെയും തെറ്റുകളുടെയും മാതൃക നൽകേണ്ടവർ സർവ്വലാളനകളും നൽകി എനിക്ക് തോന്നുന്നതാണ് ശരിയെന്ന് പഠിപ്പിക്കുന്നത് ഈ മാതാപിതാക്കൾ തന്നെയല്ലേ! ഒന്നായാലും ഉലക്കകൊണ്ടടിച്ച് വളർത്തണമെന്ന പഴമൊഴി പഴഞ്ചനായി കാണുന്ന മാതാപിതാക്കന്മാരെ ചില ധർമ്മങ്ങൾ ജീവിതത്തിലുണ്ടെന്ന സത്യവും, സ്നേഹവും, നീതിയും, കരുണയും അവരിൽ വളർത്തേണ്ടതും, മൂല്യത്തിലധിഷ്ഠിതമായ ജീവിതരീതിയിൽ അവരെ നയിക്കേണ്ടതും നിങ്ങളാണ്. ഇന്നത്തെ ഹൊറർ സിനിമകൾ, വെബ് സീരിയലുകൾ, ക്രൈം ത്രില്ലറുകൾ കാണുന്ന മക്കളെ അവരെ അതിൽനിന്ന് നിരുത്സാഹപ്പെടുത്തേണ്ടതും മാതാപിതാക്കൾ തന്നെയല്ലോ!

ഇന്ന് നമ്മുടെ കുട്ടികൾ വെർച്വൽ ലോകത്തിലാണ് ജീവിക്കുന്നത്. എന്നാൽ മാനുഷിക ബന്ധങ്ങളിലെ വിടവോ പ്രശ്നങ്ങളോ പരിഹരിക്കപ്പെടുന്നില്ല എന്ന് അവർ അറിയണം. അവരെ വെർച്വൽലോകത്തുനിന്ന് ഭൂമിയിലേക്ക് കൊണ്ടുവരണം. കുടുംബബന്ധങ്ങളിലേക്ക് ഇടപഴകാൻ അവരെ ശീലിപ്പിക്കണം. പരിഹാരങ്ങൾ അന്വേഷിച്ച് പോകേണ്ടുന്നത് അക്രമങ്ങളിലല്ല, സംഭാഷണങ്ങളിലാണെന്ന് അവർ അറിയേണ്ടതിന് അവരെ ചേർത്തുപിടിക്കാനും, പരസ്പരം സംഭാഷണങ്ങളിലേർപ്പെടാനും സംവാദത്തിൽ പങ്കെടുക്കാനും ഉതകുന്ന കുടുംബാന്തരീക്ഷം നാം രൂപപ്പെടുത്തണം.

സർക്കാരിനോട്, പണ്ട് നമ്മുടെ സിലബസിൽ ഉൾപ്പെടുത്തിയിരുന്ന ഡാൻസ്, പാട്ട്, തയ്യൽ, ഡ്രോയിംഗ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. കൂടാതെ +2 എത്തുന്ന കുട്ടികൾക്ക് PT പിരീഡ് വേണം. ഇതിലൊക്കെ നമ്മുടെ മക്കൾ വ്യാപൃതരാകുമ്പോൾ മറ്റുകാര്യങ്ങളിലുള്ള അവരുടെ ശ്രദ്ധ തിരിക്കാനാകും. കൂടാതെ കൈമോശംവന്നുപോയ നമ്മുടെ മൂല്യങ്ങളെ ഉണർത്തുന്ന രീതിയിൽ പാഠ്യപദ്ധതിയെ പരിഷ്കരിക്കണം.

കേരളം ഒറ്റക്കെട്ടായി ഈ ലഹരിമാഫിയയെ തുരത്താൻ ഉതകുന്ന പദ്ധതികൾ നമ്മുടെ യുവതയെ ഉൾപ്പെടുത്തി ചെയ്യണം. അവർക്ക് ഇതിന്റെ ദൂഷ്യഫലങ്ങൾ, ഇത് നിങ്ങളെതന്നെ നശിപ്പിക്കാൻവേണ്ടി ചില മാഫിയകൾ നടത്തുന്ന ചതിയായി കാണണം. അവർക്കത് ബോധ്യപ്പെട്ടുതുടങ്ങുമ്പോൾ പുതിയ ഒരു പുലരി പുലരാൻ സാധിക്കും. വീണ്ടും നമ്മൾ ആഗ്രഹിച്ച, ദൈവത്തിന്റെ സ്വന്തം നാട്ടിൽ സ്നേഹത്തിന്റെ, സന്തോഷത്തിന്റെ പുതുപുലരി പുലരാൻ ഇടയാകട്ടെ. ഒപ്പം നമ്മുടെ മക്കളെ ദൈവസ്നേഹത്തിലും ദൈവമുണ്ട് എന്ന വിശ്വാസത്തിലും വളർത്തണം. "താൻ പാതി ദൈവം പാതി" എന്ന ചിന്ത അവരിൽ വളർത്തുമ്പോൾ നാം പാകിയ വിശ്വാസത്തിന്റെ വിത്ത് അല്പം തളർച്ചയോടും എന്നാൽ അവന്റെ ജീവിതത്തിൽ നൂറുമേനിയിലും വളരാൻ ദൈവം അനുഗ്രഹിക്കും എന്നതിൽ സംശയമില്ല. രാജ്യത്തിന്റെ ഭരണാധികാരികൾ തുടങ്ങി സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെക്കൂടി ചേർത്തുനിർത്തി നാം പ്രവർത്തിക്കുമ്പോൾ ഇവയെല്ലാം നിഷ്കാസിതമാകും. ●

**കഥ**

# പേടിയാകുന്നു മകനേ...

## ഫാ. ഫ്രെഡി വർഗ്ഗീസ്



ഞാൻ ഒരു അമ്മ, ഞാൻ ഒരു അപ്പൻ, ഞാൻ ഒരു സഹോദരൻ, ഞാൻ ഒരു സഹോദരി, ഞാൻ ഒരു സഹജീവി...

ദൈവം കനിഞ്ഞു തന്ന കുഞ്ഞാ, പ്രാർത്ഥനകളും നേർച്ചകളും നേർന്ന് ലഭിച്ച കുഞ്ഞ്. ബാല്യം സുരക്ഷിതമായിരുന്നു. അതുകൊണ്ട് ഉറങ്ങുമ്പോൾ സമാധാനം ഉണ്ടായിരുന്നു. ഇപ്പോൾ കൗമാരമാണ്, മുമ്പ് പറഞ്ഞ ഉറപ്പൊന്നുമില്ല. അങ്ങനെ ലഹരി ഒന്നും തൊടില്ല. എങ്കിലും, ചങ്ക് വിറപ്പിക്കുന്ന ചില സൂചനകൾ ഇടയ്ക്ക് കാണിക്കുന്നുണ്ട്.

ഇന്നലെവരെ ഇല്ലാത്ത ഒരു സൂര്യാസ്തമയം നിന്റെ കണ്ണുകളിൽ ഇന്നു ഞാൻ കാണുന്നു. നിന്റെ മേശയിൽ ഇരിക്കുന്ന കത്തിക്ക് മലക്കറി വെട്ടിയതിന്റെയോ, പഴങ്ങൾ അരിഞ്ഞതിന്റെയോ മണം ഒന്നുമില്ല. മനുഷ്യന്റെ ചോരയുടെ ഗന്ധമുണ്ട് അതിന്.

പാതിരാത്രിയിൽ നീ വീട്ടിലേക്ക് കടന്നുവരുമ്പോൾ അരയിൽ സൂക്ഷിച്ച ആയുധം പണത്തിനുവേണ്ടി എന്റെ ചങ്കിലേക്ക് തുളച്ചുകയറുമോ?

ഇന്നലെ ഒരുമിച്ച് അത്താഴം ഉണ്ട് ഉറങ്ങിയ ഞാനും നിന്റെ സഹോദരിമാരും നാളെ നിന്റെ ലഹരി നിറഞ്ഞ കണ്ണുകളിൽ വേശ്യാലയത്തിലെ സ്ത്രീകളായി തോന്നുമോ?

നാളെ ഞാൻ തെരുവിലൂടെ നടന്നുപോകുമ്പോൾ അരുതാത്ത കൂട്ടത്തിനിടയിൽ വലിച്ചും പുകച്ചും കുത്തിയും നിൽക്കുന്ന നീയും ഉണ്ടാകുമോ?

കൗമാരം എന്തെന്നറിയാത്ത കുഞ്ഞുമക്കൾ സ്കൂൾ യൂണിഫോമിൽ നിന്റെ അടുത്തുകൂടി കടന്നുപോകുമ്പോൾ എന്റെ ചങ്ക് പിടക്കുന്നു, നാളെ ഈ മക്കൾ പത്രങ്ങളിലും ടിവിയിലും വാർത്തയാകുമോ?.



രാവും പകലും ബസ് കാത്തുനിൽക്കുമ്പോൾ തുറിച്ചുനോക്കുന്ന കഴുകൻ കണ്ണുകളിൽ കാമത്തിന്റെയും മ്ലേച്ചതയുടെയും മോഷണത്തിന്റെയുമൊക്കെ വിഷം കുത്തിനിറച്ച ലഹരി മാഫിയയുടെ കൂട്ടത്തിൽ നീയും ഉണ്ടാകുമോ?

പേടിയാകുന്നു മകനേ നിന്നെ ഒന്ന് നോക്കുവാൻ... ●

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## സ്വകാര്യ ഉപഗ്രഹം 'നിള' വിക്ഷേപിച്ചു; ഉപഗ്രഹ നിയന്ത്രണ കേന്ദ്രം മേനംകുളം മരിയൻ കോളേജിൽ



തിരുവനന്തപുരം: രാജ്യത്തെ ബഹിരാകാശ മേഖലയിൽ സുപ്രധാന നേട്ടം കൈവരിച്ചുകൊണ്ട് ടെക്നോപാർക്കിലെ ഉപഗ്രഹ നിർമ്മാണ കമ്പനിയായ ഹെക്സ്20 ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ പേലോഡ് ഹോസ്റ്റിംഗ് ഉപഗ്രഹമായ 'നിള' വിജയകരമായി വിക്ഷേപിച്ചു. ബെർലിൻ ആസ്ഥാനമായ എക്സോലോഞ്ച് വഴി മാർച്ച് 15-ന് സ്പേസ് എക്സ് ട്രാൻസ്പോർട്ടർ -13 ദൗത്യത്തിലാണ് വിക്ഷേപിച്ചത്. വിക്ഷേപണത്തിന് മുന്നോടിയായുള്ള ഉപഗ്രഹ നിയന്ത്രണ കേന്ദ്രം ഒരുക്കിയത് മേനംകുളം മരിയൻ എഞ്ചിനീയറിംഗ് കോളേജിലായിരുന്നു. കോളേജ് മാനേജർ ഡോ. എ.ആർ ജോൺ, മരിയൻ എഞ്ചിനീയറിംഗ് കോളേജിലെ ബർസർ ഫാ. ജിം കാർവിൻ റോച്ച്, ഡീൻ ഡോ. സാംസൺ എ, പ്രിൻസിപ്പൽ ഡോ. അബ്ദുൾ നിസാർ, ഹെക്സ്20 സഹസ്ഥാപകരും ഡയറക്ടർമാരുമായ എം.ബി അരവിന്ദ്, അനുരാഗ് രഘു, ഹെക്സ്20 ജീവനക്കാർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

## അന്താരാഷ്ട്ര വനിതാദിനം; തിരുവനന്തപുരം അതിരൂപതയിൽ KLCWA-ന്റെ നേതൃത്വത്തിൽ വിവിധ സമിതികളിലെ വനിതകൾ സംയുക്തമായി ആഘോഷിച്ചു



തിരുവനന്തപുരം അതിരൂപതയിൽ അന്താരാഷ്ട്ര വനിതാദിനം കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ വിവിധ സമിതികളിലെ വനിതകൾ സംയുക്തമായി ആഘോഷിച്ചു. ഡോ. എഫ് എം നാസർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ത്രീശാക്തീകരണവും സ്ത്രീ നേതൃത്വവും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

KLCWA പ്രസിഡന്റ് ജോളി പത്രോസിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം കിഫ്ബി ഡെപ്യൂട്ടി CEO മിനി ആന്റണി IAS ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച് പെരേര, അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. മൈക്കിൾ തോമസ് വനിതാദിന സന്ദേശം നൽകി.

വിവിധ മേഖലകളിൽനിന്ന് പ്രഗൽഭരായ മരിയ റോസ് തോമസ്, റെയ്ച്ചൽ രേണുക ബൈജു , മേരി ലിജിത, കൊച്ചുത്രേസ്യ, അനിത റായ്, ജെസ്സിന്താ, സെലിൻ സോളമൻ, കുമാരി ആര്യ എസ് എസ്, കുമാരി മെറിൻ എം എസ് എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു.

## കെ.സി.വൈ.എം. തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ വനിതാ ദിനം ആഘോഷിച്ചു




ലോക വനിതാദിനത്തോടനുബന്ധിച്ച് KCYM തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ വനിതാദിനം ആഘോഷിച്ചു. അതിരൂപത വൈസ് പ്രസിഡൻറ് കുമാരി ആൻസി സ്റ്റാൻസിലാസ് അധ്യക്ഷത വഹിച്ച സമ്മേളനം ഐറിൻ ടീച്ചർ ഉദ്ഘാടനം ചെയ്തു. KCYM അതിരൂപത ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് ആശംസകളർപ്പിച്ചു. KCYM -ൽ വിവിധ തലങ്ങളിൽ പ്രവർത്തിച്ചുവരുന്ന വനിതകളെയും ആനിമേഷൻ സെന്ററിലും ബിഷപ്പ് ഹൗസിലുമായി പ്രവർത്തിക്കുന്ന നോൺ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകളെയും ആദരിച്ചു.

## അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ വാർഷിക യോഗത്തിൽ വിരമിക്കുന്ന അധ്യാപകരെ ആദരിച്ചു



അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 34 -ാമത് വാർഷിക യോഗം 'ഹൃദ്യം 2025' ആഘോഷിച്ചു. ഇതിനോടനുബന്ധിച്ച് RC സ്കൂൾസ് -ൽ നിന്ന് സ്തുത്യർഹമായ സേവനത്തിനു ശേഷം വിരമിക്കുന്ന 38 അധ്യാപകരെ ചടങ്ങിൽ ആദരിച്ചു. അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ബിഷപ് ക്രിസ്തുദാസ് അനുഗ്രഹ പ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര, ആർ. സി.സ്കൂൾ മാനേജർ ഫാ. സൈറസ് കളത്തിൽ, അധ്യാപക പ്രതിനിധി ശ്രീ കനകദാസ് എന്നിവർ സംസാരിച്ചു.

# 2023-24 അധ്യയന വർഷത്തെ മികച്ച പ്രവർത്തനത്തിന് തിരുവനന്തപുരം അതിരൂപത KCSL സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി






2023-24 അധ്യയന വർഷത്തെ മികച്ച പ്രവർത്തനത്തിന് കേരളത്തിലെ കത്തോലിക്ക രൂപതകളിൽ രണ്ടാം സ്ഥാനം KCSL തിരുവനന്തപുരം അതിരൂപത കരസ്ഥമാക്കി. എറണാകുളം POC-യിൽ നടന്ന ചടങ്ങിൽ KCBC ഡെപ്യൂട്ടി സെക്രട്ടറിയായ ഫാ. തോമസ് തറയിലിൽ നിന്ന് അതിരൂപത KCSL ഡയറക്ടർ ഫാ. ഡേവിഡ്സന്റെ നേതൃത്വത്തിൽ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ട്രോഫി ഏറ്റുവാങ്ങി. അതിരൂപതയിൽ KCSL രൂപീകൃതമായി ഇതാദ്യമാണ് മികച്ച പ്രവർത്തനത്തിന് സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം ലഭിക്കുന്നത്. 2023- 24 വർഷത്തെ മികച്ച അധ്യാപകനുള്ള സംസ്ഥാന കെ.സി.എസ്.എൽ ഷെവലിയർ പി ടി തോമസ് അവാർഡ് KCSL എക്സിക്യൂട്ടിവംഗം ശ്രീ ഡാമിയൻ ജോർജ് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ് ആന്റണി വാലുങ്കലിൽനിന്ന് ഏറ്റുവാങ്ങി. തിരുവനന്തപുരം അതിരൂപത KCSL വൈസ് പ്രസിഡന്റും തിരുവനന്തപുരം കാർമ്മൽ സ്കൂൾ അധ്യാപികയുമായ ആലീസ് ജെ. ഫെർണാണ്ടസ് KCSL സംസ്ഥാന സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## തിരുവനന്തപുരം അതിരൂപത ബിസിസി കമ്മീഷൻ ഭാരവാഹികളെ തിരഞ്ഞെടുത്തു



ബിസിസി കമ്മീഷൻ വിവിധ ഫെറോനകളിൽ നിന്നുള്ള വൈദിക കോ-ഓർഡിനേറ്റർമാർ, സിസ്റ്റർ ആനിമേറ്റർമാർ, ഫെറോന സെക്രട്ടറിമാർ, അതിരൂപത ബിസിസി ആനിമേറ്റർമാർ എന്നിവരുടെ യോഗം വെള്ളയമ്പലം ടി എസ് എസ് എസ് സെന്റ് ആന്റണീസ് ഹാളിൽ നടന്നു. യോഗത്തിൽ അതിരൂപത ബി.സി.സി ഭാരവാഹികളായി ജാക്സൺ തുമ്പക്കാരനെ സെക്രട്ടറിയായും സുശീലജോ ആനിമേറ്റർമാരുടെ സെക്രട്ടറിയായും സിസ്റ്റർ ജെമിനിയെ സിസ്റ്റർ പ്രതിനിധിയായും തിരഞ്ഞെടുത്തു.

## തീരത്തുനിന്ന് പറിച്ചുനട്ട ജനതയ്ക്ക് ആശ്വാസമേകി ഹോം മിഷൻ



തീരശോഷണം മൂലം ഭവനം നഷ്ടപ്പെട്ടവർക്ക് സർക്കാർ പുനരധിവാസ പദ്ധതിയുടെ ഭാഗമായി മുട്ടത്തറ പ്രതീക്ഷ ഫ്ളാറ്റ് സമുച്ചയത്തിൽ താമസിക്കുന്ന വലിയതുറ , കൊച്ചുതോപ്പ് ഇടവകകളിലെ 190 ഓളം കുടുംബങ്ങൾക്കായി ഹോം മിഷൻ ക്രമീകരിച്ചു. അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന സന്യാസ സമൂഹങ്ങളിൽ നിന്നുള്ള 20 സന്യസ്തർ 18-ാം തീയതി മുതൽ 250 ഭവനങ്ങൾ സന്ദർശിച്ചും കൗൺസലിംഗ് ക്രമീകരിച്ചും മാർച്ച് 23-ാം തീയതി അതിരൂപത സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിൻറെ ദിവ്യബലി അർപ്പണത്തോടെ ഹോം മിഷൻ രണ്ടാം ഘട്ടം അവസാനിച്ചു.

## 'കൊയിനോണിയ'; ചെറിയതുറ ഇടവകയിൽ ആതുര സേവന സംഘടന ഉദ്ഘാടനം ചെയ്തു




2025 ജൂബിലി വർഷത്തോടനുബന്ധിച്ച് ചെറിയതുറ ഇടവകയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 'കൊയിനോണിയ' എന്ന ആതുരസേവന സംഘടന ബിഷപ് ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. അഞ്ച് മേഖലകളിൽ സഹായം എത്തിക്കുവാൻ വേണ്ടിയുള്ള കൂട്ടായ്മയാണ് കൊയിനോണിയ. വിവാഹം, വിദ്യാഭ്യാസം, രോഗികളെയും, വൈദിക വിദ്യാർത്ഥികളെയും, സന്യസ്ഥരെയും, പട്ടിണി പാവങ്ങളെയും, മുന്നിൽ കണ്ടുകൊണ്ടുള്ള ആദരസേവനമാണ് കൊയിവിനോണിയ മുന്നിൽ വയ്ക്കുന്നത്. 10 പേർ അടങ്ങുന്ന ഒരു ടീമാണ് സംഘടനയ്ക്ക് നേതൃത്വം നൽകുന്നത്. അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്‌ലിൻ ജോസ്, ഇടവക വികാരിയും അതിരൂപത മത്സ്യമേഖല ശുശ്രൂഷ ഡയറക്ടർ ഫാ. ലൂസിയാൻസ് തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

നീർച്ചാൽ

# ഇനിമേൽ പാപം ചെയ്യരുത്

## നോമ്പുകാലം അഞ്ചാം ഞായർ (ഏപ്രിൽ 6)

ഏശ. 43:16-21 | ഫിലി. 3:8-14
യോഹ. 8: 1-11



**ഫാ. വിക്ടർ എവരിസ്റ്റസ്**

മറ്റുള്ളവരാൽ മരണം ഉറപ്പിച്ച ഒരു പെണ്ണിനെ അവൻ എത്ര വിദഗ്ദമായാണ് അവരിൽ നിന്ന് കാരുണ്യം കാണിച്ച് ജീവനിലേക്ക് തിരിച്ചുകൊണ്ടുവരുന്നത്. നിങ്ങളിൽ പാപം ഇല്ലാത്തവർ ആദ്യം കല്ലെറിയട്ടെ എന്ന ഒറ്റവരി കവിതയിലൂടെ കേൾവിക്കാരന്റെ ഹൃദയത്തിലേക്ക് അവൻ കൈമാറിയത് ഒരു പുത്തൻ കാരുണ്യ ലോകത്തിന്റെ നക്ഷത്രപ്പൊട്ടുകളായിരുന്നു. ഈ സുവിശേഷ ഭാഗത്തെ ആസ്പദമാക്കി എഴുതപ്പെട്ട ഒരു പാരമ്പര്യ കഥയിലും ആ കാരുണ്യവർഷം തന്നെയാണ് ഇഴപാകിയിരിക്കുന്നത്.

യഹൂദർ ആ പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലാനായി ക്രിസ്തുവിന്റെ പക്കലേക്ക് കൊണ്ടുവരുമ്പോൾ അമ്മ മേരിയും അവിടെ ഉണ്ടായിരുന്നു. ആ സമയത്ത് നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെയെന്ന് ക്രിസ്തു പറയുമ്പോൾ ഓരോരുത്തരായി കല്ലുകൾ നിലത്തിട്ട് തലകുനിച്ച് കടന്നുപോകുമ്പോൾ മകനായ ക്രിസ്തു; അമ്മയോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്: അമ്മേ, എന്തുകൊണ്ട് അമ്മ കല്ലെറിഞ്ഞില്ല. അമ്മ പാപം ചെയ്തിട്ടില്ലല്ലോ? മകന്റെ ചോദ്യത്തിന് മറുപടിയായി അമ്മ പറഞ്ഞു; എന്റെ മോനെ നമ്മൾ അവളോട് കാരുണ്യം കാണിച്ചില്ലെങ്കിൽ പിന്നെയാരാണ് അവളോട് കാരുണ്യം കാണിക്കുക? കരുണാർദ്രമായ ഈ ഉത്തരം കേട്ട് മകൻ അമ്മയുടെ കവിളിൽ സ്നേഹപൂർവ്വം ഒരു ചുംബനം നൽകിക്കൊണ്ടു പോകാനായി തുനിഞ്ഞപ്പോൾ അമ്മ മകന്റെ കൈയിൽ കയറി പിടിച്ചു. അവൻ പറഞ്ഞു, അമ്മേ ഞാനും അവളോട് കാരുണ്യം കാണിക്കാൻ തന്നെയാണ് പരിശ്രമിച്ചത്. അമ്മ ആ കണ്ണിലേക്ക് നോക്ക്... അമ്മയ്ക്ക് അമ്മയുടെ കണ്ണുകളെ വിശ്വസിക്കാനായില്ല. ആ കടൽതീരം മുഴുവൻ കരുണ എന്ന വാക്ക് ആകാശത്തിലെ നക്ഷത്രങ്ങൾപോലെ മിന്നിതെളിയുന്നു. ഞാൻ നിലത്തെഴുതിയത് എന്താണെന്നമ്മയ്ക്ക് മനസ്സിലായോ, 'കരുണ... 'കരുണ അത്രമാത്രം.

നന്മചെയ്തു കടന്നുപോകുക എന്ന ശ്രേഷ്ഠമായ ദൗത്യം നിർവ്വഹിച്ചവന്റെ ജീവനാമമാണ് ക്രിസ്തു. ജന്മനാ അന്ധനായവന് കാഴ്ചയുടെ തിരിനാളം കൊളുത്തികൊടുക്കുമ്പോഴും, പന്ത്രണ്ടു വർഷത്തെ രക്തക്കറ തുടച്ചുകളയാനാവാതെ ക്ലേശിച്ച് വിതുമ്പി കരയുന്നവൾക്ക് വസ്ത്രവിളുമ്പിലൂടെ സൗഖ്യം നൽകുമ്പോഴും, പാപഭാരത്തിന്റെ ഭാണ്ഡവുമായി ഭയപ്പെട്ട് നടന്നിരുന്ന സക്കേവൂസിന്റെ പ്രക്ഷുബ്ദമായ മനസ്സിന് രക്ഷയുടെ തെളിനീർ നൽകി ശാന്തമാക്കുമ്പോഴും, ഉറ്റബന്ധുവിന്റെ നിര്യാണത്തിൽ മനംമടുത്തു മയങ്ങിയ മാർത്തയ്ക്കും മറിയത്തിനും മരണ പാശത്തിൽക്കഴിഞ്ഞ സഹോദരൻ ലാസറിനെ തിരികെ നൽകി ആനന്ദിപ്പിക്കുമ്പോഴും ക്രിസ്തുവിൽ നിഴലിച്ചിരുന്നത് ഈ കാരുണ്യവർണ്ണമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ഈ കരുണാമയനായ മിശിഹാ ഇന്ന് നമ്മോടും ചോദിച്ചുകൊണ്ടിരിക്കുന്നത് ഇതേ ചോദ്യം തന്നെയാണ് ഞാൻ നിനക്കുവേണ്ടി എന്താണ് ചെയ്യേണ്ടത്?

പാപവഴികളിൽ വല്ലാതെ ഇടറിപോയ ഒരമ്മയെ ഓർമ്മിക്കുന്നു. ജീവിതപങ്കാളിയുടെ വേർപാടിനുശേഷം മക്കളെപ്പോറ്റാനും ദാരിദ്ര്യമകറ്റാനും തുടങ്ങിയ അവിശുദ്ധബന്ധങ്ങൾ. പിന്നെ അവർക്കത് ഒരാവേശമായി. ഒരു ഹോട്ടൽ മുറിയിലെ അനാശാസ്യ പ്രവർത്തനത്തിനവൾ ഒരിക്കൽ പിടിക്കപ്പെട്ടു. മാധ്യമങ്ങൾ അത് കൊട്ടിഘോഷിച്ചു. അതോടെ സമൂഹത്തിലവർ പരിഹാസ കഥാപാത്രമായി. മക്കൾ ക്ലാസ്മുറിയിൽനിന്നു പുറത്താക്കപ്പെട്ടു. വാടക വീട്ടിൽനിന്നും ഇറക്കിവിടപ്പെട്ടു. അവരുടെ ശേഷിക്കുന്ന ജീവിതം ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. ഏതെങ്കിലും ഒരു പാലത്തിൽനിന്നും ചാടിയോ, റെയിൽവേ പാളത്തിൽ തലവച്ചോ ആത്മഹത്യചെയ്യാൻ നിശ്ചയിച്ചവർ നഗരിവഴിയിലൂടെ പകൽ മുഴുവൻ അലഞ്ഞു നടന്നു. ഒടുവിൽ വിശന്നപ്പോൾ വഴിക്കവലയിലെ ഒരു നൊവേന പള്ളിയിലെ നേർച്ചകഞ്ഞി കഴിക്കാൻ കയറിയതാണ്. അപ്പോൾ ബലിവേദിയിൽ വൈദികൻ പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ വചനഭാഗം പ്രസംഗിക്കുകയായിരുന്നു. എല്ലാവരുമവളെ വിധിക്കാനാഗ്രഹിച്ചപ്പോഴും ക്രിസ്തു പറഞ്ഞു ഞാൻ നിന്നെ വിധിക്കുന്നില്ല പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്. ഈ പാപിനിയെപ്പോലെ നിങ്ങളും ഒരുപാട് ഇടർച്ചകളിൽ വീണുപോയിട്ടുണ്ടാവാം. ചിലപ്പോൾ നിങ്ങൾക്കു ചുറ്റും കുറ്റാരോപണവും പരിഹാസച്ചിരിയുമായി ഒരുപാടുപേർ നിരന്നു നിൽക്കുന്നുമുണ്ടാവാം. അപ്പോഴെങ്കിലും ക്രിസ്തുവിലേക്കു നോക്കുക. അവിടുന്നെല്ലാം ശരിയാക്കിയെടുത്തു കൊള്ളും, ആകസ്മികമായി അതുകേട്ട അമ്മയ്ക്ക് ആശ്വാസമായി. ജീവിതത്തിലേക്കു മടങ്ങിവരാനുള്ള കരുത്തായി.

ആരും പാപത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും രക്ഷപ്പെടില്ല. ഒരിക്കൽ എല്ലാത്തിനും നമ്മൾ കണക്കു പറയേണ്ടിവരും. ആകെ ഒരു രക്ഷാകരമാർഗ്ഗമെന്നത് ക്രിസ്തുവിന്റെ സന്നിധിയിലേയ്ക്ക് ഓടിയെത്തുക എന്നതുമാത്രമാണ്.

●

# ഓശാന ചിന്തകൾ

## ഓശാനാ ഞായർ (ഏപ്രിൽ 13)

**ഏശ. 50: 4-7 ഫിലി. 2: 6-11**
**ലൂക്ക. 22: 14-23; 56**

### റവ. ഡോ. ഡൈസൻ



ജ്ഞാനസ്നാനം കൂദാശകളുടെ കവാടമാണെങ്കിൽ ഓശാന വിശുദ്ധവാരത്തിന്റെ കവാടമാണ്. വിശുദ്ധവാരത്തിന്റെ കവാടത്തിലൂടെ കടക്കണമെങ്കിൽ പ്രാർത്ഥനയിലൂടെ ഉപവാസത്തിലൂടെ ധർമ്മദാനത്തിലൂടെ ഒരുക്കമുള്ളവരായിരിക്കണം. ഓശാന പെസഹാബലിക്കു വേണ്ടിയുള്ള ഒരുക്കത്തിന്റെ ദിനമാണ്. യഹൂദ പാരമ്പര്യമനുസരിച്ച് നിസാൻ മാസം 14-ാം തീയതിയാണ് പെസഹ ആചരിക്കുന്നത്. പെസഹാ ആഘോഷത്തിന് നാല് ദിവസം മുമ്പ് ഊനമറ്റ മുട്ടാടിനെ തെരഞ്ഞെടുത്ത് യഹൂദ ഭവനങ്ങളിൽ സൂക്ഷിക്കുന്നു (പുറപ്പാട് 12:3-5). യേശു തന്നെത്തന്നെ പെസഹാ കുഞ്ഞാടായി തിരഞ്ഞെടുത്തത് പെസഹായ്ക്ക് നാല് ദിവസം മുമ്പുള്ള ഓശാന ദിനത്തിലാണ്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ബലികുഞ്ഞാടായ യേശു ജെറുസലേമിലേക്ക് വരുന്നത് ബലിപീഠം തേടിയാണ്. പെസഹാ ബലിക്കു മുമ്പുള്ള നാല് ദിനങ്ങൾ യേശുവിന് ഒരുക്കത്തിന്റെ ദിനങ്ങളാണ്. അതിൽ ആദ്യദിനത്തെ യേശു മംഗളകരമായ തിരുനാളായി ആഘോഷിക്കുകയാണ്! വരുവാനിരിക്കുന്ന മരണത്തെ യേശു ആഘോഷത്തോടെ സമീപിക്കുന്നു. ആന്തരീക ആനന്ദത്തോടെ നമ്മളും യേശുവിനെപ്പോലെ മരണത്തെ സമീപിക്കണം. നിരാശയോടെയല്ല, പ്രത്യാശയോടെ മരണത്തെ സമീപിക്കണം.

### എന്തുകൊണ്ട് ജെറുസലേം പ്രവേശനം?

വളരെ രാജകീയമായിട്ടാണ് യേശു ജെറുസലേമിലേക്ക് പ്രവേശിച്ചത്. യുദ്ധത്തിൽ ജയിച്ചു വരുന്ന രാജാവിനെ സ്വീകരിച്ചതുപ്പോലെയാണ് യേശുവിനെ ജനങ്ങൾ സ്വീകരിച്ചത്. ജെറുസലേമിലേക്കുള്ള യേശുവിന്റെ വരവ് സോളമനെപ്പോലെ ഭരണം നടത്തുവാനുള്ള കിരീടധാരണത്തിനുവേണ്ടിയല്ലായിരുന്നു (1 രാജ 1:33). തന്റെ പ്രിയ പിതാവിന്റെ കഴുതയുടെ പുറത്തു കയറിയാണ് സോളമൻ ജെറുസലേമിൽ സ്ഥാനാരോഹണത്തിന് എത്തിയത്. എന്നാൽ യേശുനാഥൻ ആരും ഉപയോഗിക്കാത്ത കഴുതക്കുട്ടിയുടെ പുറത്ത് കയറി പട്ടണത്തിൽ പ്രവേശിച്ചത് രക്ഷയുടെ മുൾക്കിരീടം തേടിയും, തന്നെത്തന്നെ യാഗമായി അർപ്പിക്കാനുമാണ്. . മറ്റുള്ളവരുടെ ജീവൻ അപഹരിക്കുന്നതല്ല സ്വന്തം ചങ്ക് പിളർന്ന് അവസാന തുള്ളി ചോരയും അപരന് നല്കുന്ന ക്രിസ്തുമാർഗ്ഗം സ്ഥാപിക്കാനാണ് യേശു ജെറുസലേമിൽ വരുന്നത്. ബലിയർപ്പിക്കാനുള്ള ബലിപീഠമുള്ളതും ജെറുസലേമിലാണ്! ജെറുസലേം നമ്മുടെ ജീവിതമാണ്. നമ്മുടെ ജീവിതം കള്ളന്മാരുടെ ഗുഹയാകാതിരിക്കാൻ യേശു വരുന്നു. അവനെ വരവേൽക്കാം.

### എന്തുകൊണ്ട് യേശു കഴുതയെ ഉപയോഗിക്കുന്നു?

കുതിരയെയല്ല കഴുതയെയാണ് ദൈവത്തിന് ആവശ്യം. വിലകെട്ടതും, ബുദ്ധിഹീനവും, നികൃഷ്ടജന്മവുമായ കഴുത എല്ലാകാലങ്ങളിലും, എല്ലാ നാടുകളിലും അപമാനത്തിന്റെ ചിഹ്നമാണ്. കാഴ്ചയിൽ കഴുതയുടെ രൂപം വൈരൂപ്യം നിറഞ്ഞതാണ്. ആർക്കും വേണ്ടാത്ത കഴുതയെക്കുറിച്ച് ക്രിസ്തു പറയുന്നു. കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്. മനുഷ്യദൃഷ്ടിയിൽ ഏറ്റവും നിസ്സാരവും, അവഗണിക്കപ്പെടുന്ന മൃഗമായ കഴുതയുടെ പുറത്ത് യേശു സഞ്ചരിക്കുക വഴി അതിന്റെ സകല നികൃഷ്ടതകളും നീക്കി അതിനെ വിലയുള്ളതാക്കി. ഉപേക്ഷിക്കപ്പെട്ടതിനെ മൂലക്കല്ലാക്കി മാറ്റുന്നതും, അവഗണിക്കപ്പെട്ടതിനെ, മുറിവേറ്റതിനെ തോളിലേറ്റുന്നതും നിസ്സാരമായതിനെ വിലയുള്ളതാക്കുന്നതും യേശുവാണ്, യേശുവിന്റെ സാന്നിദ്ധ്യമാണ്!

### എന്തുകൊണ്ട് ദൈവത്തിന് ഓശാന

ഓശാന എന്ന ഹീബ്രുപദത്തിന്റെ അർത്ഥം ഇപ്പോൾ രക്ഷിച്ചാലും എന്നാണ്. അപകടത്തിൽപ്പെട്ടവൻ പ്രാണരക്ഷയ്ക്കുവേണ്ടി അഭ്യർത്ഥിക്കുന്ന നിലവിളിയാണ് ഓശാന. മഹാമാരിയിലും, ദുഷ്ടരുടെ കെണിയിലും അകപ്പെട്ടവർ തങ്ങളുടെ രക്ഷകനായ രാജാവിന്റെയോ ദൈവത്തിന്റെയോ സന്നിധിയിൽ ഉയർത്തുന്ന നിലവിളിയാണ് ഓശാന.

ഇന്ന് ഓശാന പാടേണ്ടത് മനുഷ്യർക്കല്ല രാജാവിനെക്കാൾ വലിയവനായ ദൈവത്തിനാണ്. ദൈവത്തിനുള്ളത് ദൈവത്തിന് മാത്രം കൊടുക്കാൻ നാം ശീലിക്കണം. ദൈവത്തിനുള്ള ഓശനഗീതികൾ മനുഷ്യർക്കും വിഗ്രഹങ്ങൾക്കും നല്കുന്നത് ഏറ്റവും വലിയ തെറ്റാണ്. ആധുനിക ലോകത്തിൽ നവമാധ്യമങ്ങൾക്ക് അടിമകളായിക്കൊണ്ടിരിക്കുന്ന കുട്ടികളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. വഴിതെറ്റി തിന്മയുടെ നികേതങ്ങളിൽ പതിക്കുന്ന യുവതിയുവാക്കളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. സ്വാർത്ഥതയ്ക്ക് അടിമപ്പെടുന്ന മാതാപിതാക്കളെ രക്ഷിക്കാൻ ദൈവത്തിന്റെ സന്നിധിയിൽ ഓശാന പാടാം. ഓശാന ദൈവത്തിന്റെ സന്നിധിയിൽ എളിയവരായ നമ്മുടെ പ്രാർത്ഥനയാവട്ടെ, നിലവിളിയാവട്ടെ, സ്തുതിഗീതങ്ങളാകട്ടെ! ഓശാന ദൈവത്തിന് മാത്രം നല്കാം.

ഒലിവിൻ ചില്ലകൾ ഉയർത്തി മേലങ്കികൾ നിലത്ത് വിരിച്ച് ജനക്കൂട്ടം ഒന്നാകെ ജെറുസലേമിൽ പ്രവേശിച്ച യേശുവിന് സ്വാഗതമേകി. ഓശാന ആഘോഷത്തിന്റെ നാളാണെങ്കിലും വിരൽ ചൂണ്ടുന്നത്, കാൽവരിയിലെ നിലവിളിയും ഉത്ഥാനത്തിന്റെ മഹത്വവുമാണ്.

●

# കറുത്ത വിധവകൾ

## ഉയിർപ്പ് തിരുനാൾ (ഏപ്രിൽ 20)

**അപ്പോ. 10: 34, 37 - 43 കൊളോ. 3:1-4 യോഹ. 20:1-9**

**ഫാ. പോൾ സണ്ണി**



കരിംചിലന്തികളിൽപ്പെട്ട പെൺചിലന്തിക്ക് ആൺചിലന്തിയെക്കാൾ ഉദ്ദേശം നാലിരിട്ടിയോളം വലുപ്പമുണ്ടാകും. ആൺ ചിലന്തികൾ ഭീതിയോടെ മാറിനില്ക്കുകയാണ് പതിവ്. എന്നാൽ പെൺചിലന്തിയുടെ മനോഹരമായ മേനിയും ഗന്ധവും അതിനെ ഹരം പിടിപ്പിക്കും. ശരീരത്തിലാകട്ടെ പുള്ളിക്കുത്തുകളും ചാരുതയാർന്ന ശോഭയും ആൺചിലന്തിയെ ഒരു വശീകരണമന്ത്രം പോലെ ആകർഷിച്ച് ഇണചേർന്നശേഷം അവനെ കൊന്നുതിന്നും. അതുകൊണ്ട് ഇവയെ കറുത്തവിധവകൾ എന്നു വിളിക്കുന്നു.  എന്തുമാത്രം പരാക്രമങ്ങളാണ് ലോകത്ത് അരങ്ങേറുന്നത്. ഒരു ക്രിക്കറ്റ് വിജയംപോലെ ആഘോഷിക്കാൻ ചെറിയ യുദ്ധവിജയങ്ങളിൽ ഭരണാധികാരികൾ ആഹ്വാനം ചെയ്യുന്നു. പണവും അധികാരവും കൊലപാതകങ്ങൾ സൃഷ്ടിക്കുന്നു. രാഷ്ട്രീയത്തിന്റെ പകപോക്കലുകളിൽ നിഷ്കളങ്ക യൗവനങ്ങൾ ചോര ചിതറി ഇടറിവീഴുന്നു. നമ്മുടെ നാട്, മനസ്സ്, കറുത്തവിധവയെപ്പോലെ മൂടുപടം ധരിച്ച് വിലപിക്കുന്നു.

മരണശേഷം കുരിശിനു സമീപത്തു നിലകൊള്ളുന്നത് സ്ത്രീകളാണ് ശിഷ്യന്മാർ അടുത്തില്ല. യോഹന്നാൻ മാത്രം ഉണ്ട്. കബറടക്കസമയത്തും സ്ത്രീകളുണ്ട്. ശിഷ്യന്മാർക്ക് ഭയമായിരുന്നു. സംസ്കരിക്കാൻ കല്ലറവാങ്ങാനോ സുഗന്ധക്കൂട്ടുകൾ വാങ്ങാനോ അവരുടെ കയ്യിൽ കാശില്ല. അരിമത്തിയക്കാരൻ ജോസഫും നിക്കദേമോസും ആശ്ചര്യം കാണിച്ചു. നിക്കദേമോസ് 100 റാത്തൽ മീറയും ചെന്നിനായകവും കൊണ്ടുവന്നിരുന്നു. സാബത്തിനുമുമ്പ് സംസ്കരിക്കണമായിരുന്നു. 3 മണിക്കും 6 മണിക്കുമിടയിലുള്ള സമയത്ത് സംസ്കാരം പൂർത്തിയാക്കണം. ആ വെല്ലുവിളി അവർ ഏറ്റെടുത്തു. കല്ലുരുട്ടിവച്ചതും ജോസഫ് തന്നെയാണ്. സാബത്തുകഴിയുന്നതും കാത്ത് സ്ത്രീകൾ ഇരുന്നു. അതുകൊണ്ടാണ് സാബത്തുകഴിഞ്ഞ് പുലർച്ചെ മഗ്ദലേനമറിയം കല്ലറയിങ്കൽ എത്തുന്നത്.

വിശ്വാസപ്രമാണമനുസരിച്ച് യേശു പാതാളത്തിലേക്കിറങ്ങി. മരിച്ചവരുടെ ഇടമാണ് പാതാളം. എഫേസോസ് 4:9-10 ൽ വായിക്കാം "അവൻ ആരോഹണം ചെയ്തുവെന്നതിന്റെ അർത്ഥം എന്താണ്? അവൻ ഭൂമിയിടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിയെന്നു കൂടിയല്ലേ. ഇറങ്ങിയവൻ തന്നെയാണ്, എല്ലാ വസ്തുക്കളെയും പൂരിതമാക്കാൻവേണ്ടി എല്ലാ സ്വർഗങ്ങൾക്കുമുപരി ആരോഹണം ചെയ്തവനും അരിമത്തിയക്കാരൻ ജോസഫ് ഉരുട്ടിവച്ച കല്ല്, മാറ്റപ്പെട്ടിരിക്കുന്നു. ശൂന്യമായ കല്ലറകണ്ട് ആദ്യം മഗ്ദലേന ശിഷ്യന്മാരുടെ അടുത്തേക്ക് ഓടി വിവരം പറഞ്ഞു. ഒരു റിലേ ഓട്ടമത്സരത്തിലെന്നപോലെ യോഹന്നാനും പത്രോസും തുടർന്ന് കല്ലറയിലേക്ക് ഓടി. ആർക്കും ഒരു വ്യക്തതയില്ലാത്ത കാര്യങ്ങൾ. യൗവനത്തിന്റെ കുതിപ്പിൽ ആദ്യം ഓടിയെത്തിയതും കല്ലറയിൽ എത്തിനോക്കിയതും യോഹന്നാനാണ്. എന്നാൽ അനുഭവപരിചയത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രതീകമായ വൃദ്ധൻ പത്രോസ് സധൈര്യം കല്ലറയിൽ പ്രവേശിച്ചു. യോഹന്നാൻ പകച്ചുപോയിടത്ത് പത്രോസ് നിർഭയത്വം കാട്ടി. മൂന്നുരു നിഷേധിച്ചവന്റെ സ്ഥൈര്യം.

തുർക്കിയിലെ ഇസ്താംബൂളിലുള്ള കോറയിലെ മൃതസംസ്കാരചാപ്പലിൽ പ്രശസ്തമായ ഒരു ചിത്രമുണ്ട്. " ദ ഹാരോവിങ്ങ് ഓഫ് ഹെൽ' എന്നാണ് അതിന്റെ പേര്. ക്രിസ്തു പാതാളത്തിൽ ഇറങ്ങുന്നതാണ് പ്രതിപാദ്യവിഷയം. തർക്കപ്പെട്ട പാതാളകവാടത്തിൽ യേശു നില്ക്കുന്നു. കുരിശാകൃതിയിൽ ഇരുൾമൂടിയ പ്രതലത്തിലാണ് പതിച്ചിരിക്കുന്നത്. സാത്താൻ വിലങ്ങുവയ്ക്കപ്പെടുകയും ആ ഇരുൾ മൂടിയ ഇടത്ത് വീണുകിടക്കുകയും ചെയ്യുന്നു. യേശു തന്റെ മഹത്വപൂർണമായ വസ്ത്രംധരിച്ച് ആദത്തെയും ഹവ്വയെയും തന്റെ കൈകളാൽ ഉയർത്തുന്നു, കാരണം അവർക്ക് സ്വയം ഉയിർത്തെഴുന്നേൽക്കാനാവില്ല. യേശു ജേതാവാണെന്നും ആദിമാതാപിതാക്കൾ മനുഷ്യകുലത്തിന്റെ രക്ഷയെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും ഇത് കാട്ടിത്തരുന്നു.

"ജീവിച്ചിരിക്കുന്നവരെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്തിന്?" എന്ന ഞെട്ടിക്കുന്ന ചോദ്യമാണ് ദൂതന്റേത്. ജീവന്റെ ലോകം ചെറുതാകുകയും മൃതലോകം വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ആത്മഭയം, ശൂന്യത, നിരാശ അങ്ങനെ കടുത്ത ആശങ്കാജനകമായ ജീവിതമാണ് പലരുടേതും. സമ്പത്തിനെ മുൻനിർത്തിയുള്ള ഒരു ജീവിതശൈലിയാണ് നമ്മുടേത്. ഒരു പുഴപോലെ അനർഗളം ഒഴുകാതെ ഒരു കാറ്റായി പടരാതെ ഉപയോഗശൂന്യമായ ഞാങ്ങണകളായി ആടിക്കളിക്കുന്നു.

ഉയിർത്തെഴുന്നേൽപ്പിന് ചിറകുകൾ തേടുന്നുണ്ട് മനുഷ്യർ. പിറകിലോട്ടടിക്കുന്ന പരശതം കാരണങ്ങൾ മറക്കേണ്ടതുണ്ട്. ചിറകുകൾ കിട്ടിയിട്ടും തൂവലുകൾ തികയാതെ പോകുന്നവരെപ്പോലെ കാത്തിരിക്കേണ്ടതുണ്ട്. ജീവന്റെ , ആനന്ദത്തിന്റെ ഒരു നീലാകാശം. വി. ഫ്രാൻസിസ് അസ്സീസി അടയിരിക്കുന്ന പെൺകിളിയുടെ തൊട്ടടുത്ത ശിഖരത്തിൽ ആൺകിളിയിരുന്നു പാടുന്നതു കണ്ടു. നോക്കുക, പെൺകിളി കൂട്ടിൽ മുട്ടയിട്ട്, അമ്മയാകാൻ അടയിരിക്കുമ്പോൾ ഈറ്റുനോവനുഭവിക്കുമ്പോൾ , ദൈവം ആൺകിളിയായി പറന്നുവന്ന് പെൺകിളിയുടെ വേദനമാറ്റാനായി പാടുന്നു.

കൊളോസോസുകാരോട് പൗലോസ് പറയുന്നു നാം ഉയിർപ്പിക്കപ്പെട്ടവരാണ്, ഇനി മുകളിലേക്ക് മാത്രം നോക്കുക. അത് നിഗൂഢമാണ്. മനോഹരമായ വസന്തം എത്തുന്നത് നിശബ്ദമായാണ്, പൂക്കൾ വിടരുന്നത് , കിളികൾ വരുന്നത്, പൂമ്പാറ്റകൾ തൊടിയിലണയുന്നത്, നിലാവ് പൂക്കുന്നത്; അതൊക്കെ ഒരു ധ്യാനംപോലെ വിരിതുറന്നെത്തുന്നു. വീടുകളിൽത്തന്നെ കുറേ കല്ലറകളുണ്ട്. ഉപേക്ഷിക്കപ്പെട്ട പ്രാർത്ഥനാമുറി, അത്താഴമേശ, മക്കളുടെ നിഗൂഢ ജീവിതങ്ങൾ, മാതാപിതാക്കളുടെ ഒഴുകാത്ത ചോലകൾ. ഈ കല്ലുകളും ഉരുട്ടി മാറ്റപ്പെടണം. പുലരിയുടെ കിരണങ്ങൾ പറക്കുമ്പോൾ നിന്റെ ഹൃദയത്തിലും ഉത്ഥാനവെളിച്ചം വീശണം. ●

# നിങ്ങൾക്ക് സമാധാനം

## പെസഹാ കാലം 2-ാം ഞായർ (ഏപ്രിൽ 27)

**അപ്പോ. 5:12-16**
**വെളി. 1:9-11മ, 12-13. 17-19**
**യോഹ. 20:19-31**

## ഫാ. വിക്ടർ എവരിസ്റ്റസ്



ഭയവിഹ്വലരായി കതകടച്ചു കഴിയുന്ന ശിഷ്യരുടെ അടുത്തേക്ക് 'നിങ്ങൾക്ക് സമാധാനം' എന്ന ആശംസാവചനങ്ങളുമായാണ് ഉത്ഥിതനായ ക്രിസ്തു ആഗതനാകുന്നത്. ഭയവും സമാധാനവും അഭേദ്യമായ് ബന്ധപ്പെട്ടിരിക്കുന്നു. ഭയം മനുഷ്യന്റെ സ്വസ്ഥത ഇല്ലാതാക്കുന്നു. രോഗങ്ങളെക്കുറിച്ചുള്ള ഭയങ്ങൾ, നാളയെക്കുറിച്ചും പ്രിയപ്പെട്ടവരെക്കുറിച്ചും ജീവിത ബാധ്യതകളെ കുറിച്ചുമൊക്കെയുള്ള ഭയങ്ങൾ മനുഷ്യരുടെ സമാധാനം കെടുത്തിക്കളയുന്നു. അടച്ചിട്ട മുറിയിലെ ശിഷ്യന്മാരുടെ സ്വസ്ഥത നഷ്ടപ്പെടുത്തിയത് അവരുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഭയമാണ്. എന്നാൽ ഏതൊരു ഭയവും അപ്രസക്തമാകുന്നതായിരുന്നു ശിഷ്യന്മാർക്ക് ക്രിസ്തുവിന്റെ ദർശനം. എന്തെന്നാൽ ഭയത്തിന്റെ ഏറ്റവും വലിയ കാരണത്തെ അതിജീവിച്ചുകൊണ്ടാണ് ക്രിസ്തു അവരുടെ മുമ്പിൽ നിൽക്കുന്നത്; മനുഷ്യനെ എന്നും ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നതാണ് മരണമെന്ന പ്രശ്നം. മനുഷ്യൻ തന്റെ പല പ്രശ്നങ്ങൾക്കും ശാസ്ത്രീയ പരിഹാരം കണ്ടെത്തി കഴിഞ്ഞു. എന്നാൽ ഇനിയും പരിഹരിക്കാൻ കഴിയാത്ത, അതിന് വിദൂരസാധ്യതപോലുമില്ലാത്ത, പ്രശ്നമാണ് മരണം. അതിനെ അതിജീവിച്ച ഒരാൾക്ക് നേരിടാൻ കഴിയാത്ത ഒരു പ്രശ്നവുമില്ല. ഈ വിശ്വാസമാണ് ഭയവിഹ്വലരായ ശിഷ്യന്മാരെ ധൈര്യശാലികളാക്കിയത്. മരണത്തെ ജയിച്ചവൻ ഇന്ന് നമ്മളോടു പറയുന്നു: നിങ്ങൾക്ക് സമാധാനം. വിശ്വസിക്കാൻ മനസ്സുണ്ടെങ്കിൽ നമ്മുടെ ഭയങ്ങളും അപ്രസക്തങ്ങളാകും.

രണ്ടാമതായി, ക്ലേശങ്ങളാണ് വിജയത്തിലേക്കുള്ള വഴിയെ രൂപപ്പെടുത്തുന്നതെന്ന് ഈ സംഭവം ഓർമ്മിപ്പിക്കുന്നു. ക്രിസ്തു തന്റെ ശിഷ്യരെ അഭിസംബോധന ചെയ്യുന്നത് തന്റെ മുറിവുകൾ കാണിച്ചുകൊണ്ടാണ്. മൂന്നു ദിവസങ്ങൾക്ക് മുമ്പ് പരാജയത്തിന്റെ ചിഹ്നമായിരുന്ന മുറിവുകൾ ഇന്ന് വിജയത്തിന്റെ അടയാളമായി മാറിയിരിക്കുന്നു. രണ്ട് ആശയങ്ങളാണ് ക്രിസ്തു ഇതിലൂടെ സംവദിക്കുന്നത്. ഒന്ന്, വിജയത്തിലേക്കുള്ള ക്ലേശങ്ങളുടെ വഴി ശിഷ്യരെയും കാത്തിരിക്കുന്നു എന്നതാണ്. രണ്ട്, സഹനങ്ങളുടെ കനൽ വഴികളിലൂടെ നടക്കുന്നവർ നിരാശപ്പെടുകയോ, യാത്ര പാതിവഴിക്ക് ഉപേക്ഷിക്കുകയോ വേണ്ട, അവസാനം വിജയം അവരുടെതായിരിക്കും എന്നതും.

മൂന്നാമതായി, ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ട് ഒരു പുതുയുഗസൃഷ്ടിക്കാണ് താൻ തുടക്കം കുറിച്ചതെന്ന് ക്രിസ്തു അവരെ ഓർമ്മിപ്പിച്ചു. ബൈബിളിൽ മറ്റു രണ്ടു സ്ഥലങ്ങളിലാണ് ഇപ്രകാരമുള്ള 'നിശ്വാസം' കാണാവുന്നത്. ഒന്ന്, ഉൽപ്പത്തി പുസ്തകത്തിൽ ദൈവം ആദ്യ മനുഷ്യന്റെമേൽ നടത്തുന്ന നിശ്വാസവും (ഉല്പ.2:7) രണ്ട്, എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിർജ്ജീവമായ അസ്ഥികൾക്കുമേൽ ദൈവം നടത്തുന്ന നിശ്വാസവും (എസെ.37:9). രണ്ട് നിശ്വാസങ്ങളും പുതുസൃഷ്ടിക്കും, ജീവനും കാരണമാവുകയാണ്. സമാനമായ നിശ്വാസകർമ്മമാണ് ക്രിസ്തുവും അനുഷ്ഠിക്കുന്നത്. ക്രിസ്തുവിന്റെ ശ്വാസത്തിലൂടെ പരിശുദ്ധത്മാവിനെ ഏറ്റുവാങ്ങുന്ന ശിഷ്യർ പുതുസൃഷ്ടികളായി മാറുന്നു. തങ്ങൾക്ക് മുമ്പ് ഒരുവിധത്തിലും പരിചിതമല്ലാത്ത ശിഷ്യന്മാരെയാണ് പിന്നെ ജനക്കൂട്ടം കാണുന്നത്.

ക്രിസ്തുവിന്റെ നിശ്വാസങ്ങൾ ഏറ്റുവാങ്ങി പുതിയ സൃഷ്ടികളാകാനുള്ള ആഹ്വാനം ഈ വചനഭാഗം നമുക്കു മുന്നിൽ വയ്ക്കുകയാണ്.

നാലാമതായി, ദൈവത്തിന്റെ മാത്രം അവകാശമായ ഒരധികാരം ക്രിസ്തു മനുഷ്യന് വാഗ്ദാനം ചെയ്യുന്നു; പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരം! സുവിശേഷത്തിൽ യേശു തളർവാത രോഗിയോട് നിന്റെ പാപങ്ങൾ മോചിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുമ്പോൾ പുരോഹിത പ്രമുഖർ ചോദിക്കുന്നത് ദൈവത്തിനല്ലാതെ മറ്റാർക്കാണ് പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരമുള്ളത്? (മർക്കോ.2:5) എന്നാണ്. പാപം മോചിപ്പിക്കാനുള്ള അധികാരം നൽകുന്നതുവഴി അസമാധാനത്തിന്റെ നിത്യപരിഹാരംകൂടിയാണ് ക്രിസ്തു നൽകുന്നത്. അസമാധാനത്തിനുള്ള കാരണം ഭയമാണെന്ന് നമ്മൾ മുമ്പ് വിചിന്തനം ചെയ്തെങ്കിൽ ആ ഭയത്തിന്റെ മൂലകാരണം പാപമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. ദൈവത്തിനെതിരായി പാപം ചെയ്യുന്ന ആദ്യ മാതാപിതാക്കൾക്ക് ഉണ്ടാകുന്ന വികാരവും (അവർ ദൈവത്തെ ഭയന്ന് ഒളിച്ചിരിക്കുന്നു) ആദ്യമായി നരഹത്യ നടത്തിയ കായേനും ഉണ്ടാകുന്ന വികാരവും ഭയമാണ്.

പാപത്തിൽ കഴിയുന്ന ഒരാൾ ഭയത്തിന്റെ നിഴലിലാവുന്നു. അത് അയാളുടെ ഉറക്കം കെടുത്തുന്നു. പാപബോധത്താൽ ഉറക്കം നഷ്ടപ്പെട്ട കായേൻ തന്റെ ദുരവസ്ഥയോർത്ത് ദൈവത്തിന്റെ മുമ്പിൽ അനുതാപപൂർവ്വം കരയുമ്പോൾ ദൈവം അവന്റെ അടുത്തെത്തുകയും നെറ്റിയിൽ ഒരു മുദ്ര പതിപ്പിച്ചുകൊണ്ട് അവന്റെ പാപം മോചിപ്പിക്കുകയും ചെയ്യുന്നു. പാപമോചിതനായ അയാൾക്ക് മനസ്സിന്റെ സമനില തിരികെ കിട്ടുന്നു. ഒപ്പം നഷ്ടപെട്ടുപോയ സമാധാനവും. ഇപ്രകാരം പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരമാണ് ക്രിസ്തു സഭയിലൂടെ അഭിക്ഷിക്തർക്ക് നൽകിയിരിക്കുന്നത്. അകാരണമായ ഭീതിയുടേയും അശാന്തിയുടേയും നിഴലിലായ്പ്പോയവർക്കുള്ള മോചനത്തിന്റെ മന്ത്രം കൂടിയാണ് ഈ സുവിശേഷ ഭാഗത്തിലൂടെ ക്രിസ്തു വെളിപ്പെടുത്തുന്നത്. ●

നേർക്കാഴ്ച

ജെ. സി.



# ആശാവർക്കർമാർ: അതിജീവന പോരാട്ടത്തിൽ

അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് (Accredited Social Health Activist) എന്ന ആശാവർക്കർമാർ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നിർവചനപ്രകാരം തൊഴിലാളികളല്ല, അവർ സന്നദ്ധ സേവകരാണ്. സോഷ്യൽ വോളൻറിയേഴ്സ് ദിവസത്തിൽ രണ്ടോ മൂന്നോ മണിക്കൂർവീതം ആഴ്ചയിൽ മൂന്നോ നാലോ ദിവസം പാർട്ട് ടൈമായി സേവനം ചെയ്യുക എന്നതായിരുന്നു സങ്കൽപ്പം. ജീവിക്കാൻ മറ്റുവരുമാനമാർഗ്ഗമുള്ളവർ, 11 മാസത്തെ കരാർ വ്യവസ്ഥയിൽ സേവനം ചെയ്യുന്ന അവർക്ക് ശമ്പളമല്ല ഓണറേറിയമാണ് നൽകുന്നത്. നിർദ്ദിഷ്ട സേവനങ്ങളുടെ പട്ടികയിൽനിന്ന് ചെയ്തു തീർക്കുന്ന പണിയുടെ അടിസ്ഥാനത്തിൽ ഇൻസെൻറീവും ലഭിക്കും. സ്റ്റാറ്റിറ്റ്യൂട്ടറി തസ്തികയല്ലാതെ എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനാൽ രാജ്യത്തെ തൊഴിൽ നിയമമൊന്നും ഇവർക്ക് ബാധകമല്ല. മിനിമം വേതനം, ഇ.എസ്.ഐ, പ്രൊവിഡൻറ് ഫണ്ട്, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ സുരക്ഷിത വ്യവസ്ഥകളൊന്നുമില്ല, വ്യവസായിക തർക്ക പരിഹാര നിയമപരിധിയിൽ വരുന്നില്ല, തൊഴിൽ സുരക്ഷയുമില്ല. കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ കവചം കാത്തുസൂക്ഷിക്കുന്ന സ്ത്രീകളുടെ ശ്രേഷ്ഠശ്രേണിയിൽ കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണമൊരുക്കുന്നവർ, അംഗനവാടി ടീച്ചർമാർ, കിടപ്പ് രോഗികൾക്ക് സാന്ത്വന ശുശ്രൂഷ ചെയ്യുന്നവർ, ബഡ്സ് സ്കൂളിൽ ഭിന്നശേഷി കുട്ടികളെ പരിപാലിക്കുന്നവർ തുടങ്ങിയവരോടൊപ്പം സമൂഹത്തിനായി സന്നദ്ധ സേവനം ചെയ്യുന്ന ഈ സഹോദരിമാരുടെ നിസ്തുല സേവനവും അവരുടെ കഷ്ടപ്പാടുകളും തിരിച്ചറിയുന്നവരെല്ലാംതന്നെ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ ദീർഘമായ ഒരു സമരത്തിനു മുന്നോട്ടുവന്ന ആശാഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നടത്തിവരുന്ന രാപ്പകൽ സത്യാഗ്രഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരിക്കുകയാണ്.

എന്നാൽ സർക്കാർ സമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കയാണ്. പ്രതിമാസ 'ഓണറേറിയം ഏഴായിരം രൂപയിൽനിന്ന് 21000 രൂപയാക്കുക, മുടങ്ങിയ ഓണറേറിയവും ഇൻസെൻറീവ് കുടിശ്ശികയും നൽകുക, വിരമിക്കുമ്പോൾ അഞ്ചുലക്ഷം രൂപ അനുവദിക്കുക, പെൻഷൻ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്നവരെ ചർച്ചക്ക് വിളിച്ച് സമരം ഒത്തുതീർപ്പാക്കുന്നതിനു പകരം അവഹേളിച്ചും പിരിച്ചുവിടുമെന്ന് ഭീഷണിപ്പെടുത്തിയും പോലീസിനെ ഇറക്കി വിരട്ടിയും സ്ത്രീത്തൊഴിലാളികളുടെ സമരത്തെ സർക്കാർ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് അവർ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിയുകയാണ്.

2020 ഓഗസ്റ്റിൽ കൊവിഡ് മഹാമാരി ആരംഭിച്ച് നാലാം മാസം തങ്ങൾക്ക് ആവശ്യത്തിന് മാസ്ക്കോ ഗ്ലൗസോ പി.പി.ഇ.കിറ്റോ കിട്ടാത്തതിൽ പ്രതിഷേധിച്ച് ഡൽഹിയിൽ ആറ് ആശാവർക്കർമാർ സമരം ചെയ്തതിന് പോലീസ് അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. രണ്ടുവർഷം കഴിഞ്ഞ് ജനീവയിലെ ലോകാരോഗ്യ സംഘടന ആഗോള ആരോഗ്യമേഖലയ്ക്ക് ഇന്ത്യയിലെ ആശാവർക്കർമാർ നൽകിയ സംഭാവനയെ ആദരിച്ച് ഗ്ലോബൽ ഹെൽത്ത് ലീഡേഴ്സ് അവാർഡ് സമ്മാനിച്ചു. ഇവിടെ പാവപ്പെട്ട ആശാവർക്കർമാർ സ്വന്തം സുരക്ഷക്കുള്ള ഉപാധികൾപോലുമില്ലാതെ കണ്ടെയിൻമെൻറ് സോണിൽ രോഗബാധയുള്ളവരെ സ്ക്രീൻ ചെയ്യാനും ക്വാറന്റൈയിൻ കേന്ദ്രങ്ങളിൽ കൊണ്ടുപോകാനും, കൊറോണ വൈറസ് ബാധിച്ച് മരിച്ചവരുടെ മൃതദേഹങ്ങൾ സംസ്കരിക്കാനും രാപകൽ നിസ്വാർത്ഥമായി ശുശ്രൂഷ ചെയ്തത് സർക്കാർ മറക്കരുത്.

പ്രാഥമിക ആരോഗ്യ പരിപാലനം, കിടപ്പ് രോഗികൾക്ക് സാന്ത്വന ചികിത്സ, വയോധികരുടെ ആരോഗ്യപരിശോധന, ഗർഭിണികളുടെ ആരോഗ്യനിലയെ സംബന്ധിച്ച് വിവരങ്ങൾ അന്വേഷിക്കൽ, പകർച്ചവ്യാധി പ്രതിരോധ ജാഗ്രത, ജനനവും മരണവും സംബന്ധിച്ച വിവര ശേഖരണം എന്നിങ്ങനെ സാമൂഹ്യ ആരോഗ്യ പരിപാലന മേഖലയിൽ രാജ്യത്ത് ഏറ്റവും കൂടുതൽ ജോലിഭാരമുള്ള ആശാവർക്കർമാർ കേരളീയരാണ്. ഇത്രയും വിലപ്പെട്ട പ്രവർത്തനത്തിന് കൂലിയാകട്ടെ നാമമാത്രവും. കേരളത്തിലെ 26, 844 ആശാവർക്കർമാർ നേരിടുന്ന ജീവിത പ്രതിസന്ധിയിൽ ദേശീയ മനുഷ്യവകാശ കമ്മീഷനും സംസ്ഥാന കമ്മീഷൻ ചെയർപേഴ്സണും അവരോട് അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ട്. മിനിമം കൂലിപോലും ലഭിക്കാതെ 235 രൂപ ദിവസക്കൂലി വാങ്ങുന്നവരുടെ അതിജീവന സമരത്തെ സർക്കാർ അവജ്ഞയോടെ കാണരുത്. നിസ്വരും പാർശവത്ക്കരിക്കപ്പെട്ടവരുമായ ഈ സഹോദരികൾ നടത്തുന്ന സമരം സർക്കാർ ഗൗരവമായി കാണണം. •


DN. JIJO JOSE R. CHERUVAICKAL | DN . JITHIN JOHN A. | DN. AJEESH ALEX | DN. VIGIL SHILVA | DN. MARIA DICTOR | DN. SIBIN GEORGE | DN.ARUN V. | DN. DHINU EASTER BAI | DN. CHRISTHUDASAN A.
Priestly Ordination
24th April 2025, 3.30pm
ST. JOSEPH' S CATHEDRAL, PALAYAM
വർത്തമാനത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക്...
ഭാവിയുടെ സാധ്യതകളിലേക്ക്...
ക്രിസ്തുവിന്റെ പ്രകാശം പ്രതിഫലിപ്പിക്കാൻ
നിങ്ങളെ ക്ഷണിക്കുന്നു...
ST. VINCENT'S SEMINARY
LATIN ARCHDIOCESE OF TRIVANDRUM
KARAMOODU,THONNAKKAL P.O., TVM – 695317.
Ph. No: 0471-2618181

Pub. Date: 01.04.2025
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
Total Pages 44
Rs. 30/-






OUR SERVICES
- Air Ticketing [Domestic & International]
- UAE MOFA Alteration Services
- Police Clearance Certificate[PCC]
- Medical Appointment
- Passport Services
- Travel Insurance
- Holiday Packages[Domestic & International]
- Pilgrimage Tours
- Mice
- Cruise Booking
- Student Travel Assistance
- World Wide Airport Assistance
- All types of Misalliance Services

SINCE 1990 Mangalam Travel & Tours
The Ultimate Travel Professionals
MANGALAM Holidays (INDIA)PVT LTD
(Our Sister Concern)

VISA SERVICE

Global Visa
- USA
- UK
- Germany
- Italy
- Ireland
- UAE
- Australia
- Canada
- Malta
- Austria
- France
- Spain
- Middle East
- Far East
- China
- Japan
- Korea
- Russia and more...

GCC Visa
- Bahrain
- Kuwait
- Oman
- Qatar
- Saudi Arabia
- United Arab Emirates(UAE)

24/7 Customer Support : +91 87146 36969, 70347 62222
enquiries@mangalamtravel.com

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George